T62
N16

# സീത

ആർ. നാരായണപ്പണിക്കർ

ബി. എ; എൽ. ടി.

എസ്സ്. ആർ. ബുക്ക് ഡിപ്പോ,

തിരുവനന്തപുരം.

1122

Price Rs. 1. 4. 0.]

T62
N16

DEFINITORY LIBRARY No. 3628 CANCELLED

DHARMARAM COLLEGE LIBRARY, BANGALORE.

70758

എസ്സ്. ആർ. പ്രസ്സ്, തിരുവനന്തപുരം.
മൂന്നാംപതിപ്പ് കാപ്പി 500
1122

# മുഖവുര

വംഗദേശീയ നാട്യകാരന്മാരുടെ കൂട്ടത്തിൽ അദ്വിതീയനായ ദ്വിജേന്ദ്രലാൽറായിയുടെ നാടകചക്രത്തിൽ പെട്ടതാണു് ഇതിൻെറ മൂലഗ്രന്ഥമായ സീത. കഴിയുന്നത്ര മൂലത്തിനെ അനുപദമായി തർജ്ജമ ചെയ്യുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ടു്—എന്നാൽ രുചിഭേദത്താൽ എനിക്കു് അസ്വീകാൎയ്യമായിത്തോന്നീട്ടുള്ള ചില ഭാഗങ്ങളെ വിട്ടുകളകയും, മററു ചില അംശങ്ങളെ സംക്ഷേപിക്കയും ചെയ്തിരിക്കുന്നു. മൂലം വെറും ഗദ്യമയമായതിനാൽ, ഈ ഭാഷാനുവാദത്തിലും പദ്യങ്ങൾ ചേൎക്കാതിരുന്നതാണു്. ഇതിനെ കേരളീയസഹൃദയന്മാർ എങ്ങനെ സ്വീകരിക്കുന്നു എന്നു കണ്ടിട്ടു് അദ്ദേഹത്തിൻെറ മററു കൃതികളേയും ഭാഷാന്തരപ്പെടുത്താമെന്നു വിചാരിക്കുന്നു.

എന്നു്

ആർ. എൻ. പി.

# സീത

## ഒന്നാം അങ്കം

---

### ദൃശ്യം ൧

സ്ഥാനം—സഭാമണ്ഡപം

(രാമനും, ലക്ഷ്മണനും, ഭരതനും, ശത്രുഘ്നനും)

രാമൻ—അനിയ, ശൈശവം മുതല്ക്കു ഞാൻ ഒരു വനവാസിയായിരുന്നു. എനിക്കു രാജ്യകാൎയ്യങ്ങളെല്ലാം തീരെ അപരിചിതമാണു്. ധൎമ്മശാസ്ത്രങ്ങളും രാജനീതിയും ഞാൻ അഭ്യസിച്ചിട്ടുമില്ല. പകൽ മുഴുവനും മൃഗയാവിനോദത്തിൽ ഏൎപ്പെട്ടിരിക്കും; രാത്രിയായാൽ ആശ്രമകുടീരത്തിൽ ചെന്നു വിശ്രമിക്കും. ഇതായിരുന്നു എൻെറ ദിനസരി. എന്നും ആ ഒരേ മഹാരണ്യത്തിലെ, മനസ്സിനെ മുഗ്ദ്ധമാക്കുന്ന ഒരേ രമണീയദൃശ്യങ്ങളെത്തന്നെ, കണ്ടുകൊണ്ടിരുന്നു. അതേ പൎവതശീൎഷത്തിൽനിന്നു് നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്ന അതേ ഗോദാവരിയുടെ തീരങ്ങളും, അതേ ഗിരിപഥങ്ങളും, അതേ വയലുകളും, ചിരപരിചിതമായ അതേ വൃക്ഷലതാനികുഞ്ജാദികളും അല്ലാതെ മറ്റൊന്നും ഞാൻ കാണാറുണ്ടായിരുന്നില്ല. എന്നും ഒരേ ഒരു ശബ്ദം—മന്ദപവനനാൽ സഞ്ചാലിതമായ വൃക്ഷപത്രങ്ങളുടെ അസ്പഷ്ടമൎമ്മരധ്വനിയും, അതിദൂരസ്ഥമായ

നിർഝരത്തിൻെറ മധുരധ്വനിയും മാത്രമേ കേൾക്കാറുണ്ടായിരുന്നുള്ളു. ഈ മാതിരി ശാസ്ത്രചർച്ചയും, വിദ്യാലാപവും, മററു വ്യവഹാരങ്ങളും ഒക്കെ മറന്നുകളഞ്ഞിട്ട്, ഞാൻ സദാപി വനലക്ഷ്മിയുടെ ശോഭാതിശയം കണ്ട് ആനന്ദിക്കുന്നതിൽ ഉന്മുഖനായിരുന്നു. എൻെറ ജീവിതത്തിൻെറ പൂർവ്വഭാഗം, നദീപ്രവാഹം പോലെയും, സ്വപ്നസദൃശമായും അനന്തമായ ആലസ്യത്തിൽ കഴിഞ്ഞുപോയി. ഞാൻ യാതൊന്നും പഠിച്ചിട്ടില്ല. എൻെറ പ്രിയസഹോദരന്മാരേ! നിങ്ങൾ മൂന്നു പേരും എൻെറ സുഹൃത്തുക്കളും, മന്ത്രിമാരും, സഹാക്കളുമായി വർത്തിച്ചാലും. ഭരത, പ്രജകൾക്ക് അഭംഗുരമായ ക്ഷേമം വരുത്തിക്കൊണ്ടിരിക്കുന്നതിനുള്ള മാർഗ്ഗത്തെ നീ എനിക്ക് ഉപദേശിച്ചുതരണം. പ്രജകളുടെ മനോരഞ്ജനം സാധിച്ചാൽ എൻെറ സകല മനോരഥങ്ങളും പൂരിതമാവും. പ്രിയപ്പെട്ട ലക്ഷ്മണ, പഞ്ചവടിയിൽ വെച്ച്, ഏതുവിധത്തിൽ നീ നിരന്തരവും ഗംഭീരവുമായ സ്നേഹത്തോടുകൂടി എന്നെ പരിചരിച്ചുകൊണ്ടിരുന്നോ അതേ രീതിയിൽ ഇനിയും എന്നെ പിരിയാതെ അടുത്തുതന്നെ സദാ പാർത്തുകൊള്ളണം. വത്സ ശത്രുഘ്ന, നോക്കൂ. എൻെറ വിശാലമായ രാജ്യത്തിൽ നാലുപാടും ചന്ദ്രികയെന്നോണം അഖണ്ഡമായ ശാന്തി വിരാജിക്കുമാറു് നീ പ്രവർത്തിക്കണം.

ഭരതൻ—ഈ ഭരതൻ ജ്യേഷ്ഠൻെറ മംഗളത്തേയല്ലാതെ മററൊന്നിനേയും ഇച്ഛിക്കുന്നില്ല. മററൊരു ചിന്തയ്ക്കും എൻെറ ഹൃദയത്തിൽ സ്ഥലം പിടിക്കാൻ സാധിക്കയില്ല.

ലക്ഷ്മണൻ—ലക്ഷ്മണൻ സുഖത്തിലും ദുഃഖത്തിലും, ക്ഷേമത്തിലും വിപത്തിലും, സദാപി മഹാരാജാവായ രാമചന്ദ്രന്റെ സഹചരനാണ്.

ശത്രുഘ്നൻ—ശത്രുഘ്നൻ എല്ലായ്പോഴും സമ്രാട്ടിന്റെ ആജ്ഞാപാലകനായ കിങ്കരനാണെന്ന് അവിടുന്ന് ധരിച്ചാലും.

രാമ—പ്രിയസഹോദരന്മാരെ, അങ്ങനെതന്നെ.

ഭരതൻ—പ്രിയവര, അഷ്ടാവക്രമുനി രാജധാനിയിൽ വന്നിരുന്നല്ലോ. എന്താണ് സംഗതി?

രാമൻ—അദ്ദേഹം എനിക്ക് അനേകം ഉപദേശങ്ങൾ നല്കി. വത്സ, അദ്ദേഹത്തിന്റെ അന്തിമമായ ഉപദേശം ഇതായിരുന്നു. "പ്രജാരഞ്ജനമാണ് മുഖ്യ രാജധർമ്മം; അതത്രേ രാജശക്തിയുടെ നാരായവേര്. പ്രജാരഞ്ജനം കൂടാതെയുള്ള രാജ്യശാസനം, പ്രജാപീഡനമെന്ന പേരിനേയാണ് അർഹിക്കുന്നത്. രാജാവ് പ്രജകളുടെ ഭൃത്യൻ മാത്രമാണ്, അല്ലാതൊന്നുമല്ല. പ്രജാസേവനമാണ് രാജാവിന്റെ കർത്തവ്യം. പ്രജകളുടെ സുഖത്തിനും ക്ഷേമത്തിനുംവേണ്ടി തന്റെ സർവ്വസുഖസൌകര്യങ്ങളേയും തിലാഞ്ജനദാനം ചെയ്കയത്രേ രാജധർമ്മം. വേണ്ടിവന്നാൽ ബന്ധു, സഹോദരൻ പത്നി മുതലായവരേപ്പോലും പരിത്യജിക്കാൻ രാജാവ് സന്നദ്ധനായിരിക്കണം." ഭരത, ഞാൻ പ്രജാരഞ്ജനത്തെ ജീവിതത്തിലെ ഏക സാധനയും, ധ്യാനവും ആക്കിത്തീർക്കുന്നതിനു സർവാത്മനാ കാംക്ഷിക്കുന്നു. വാങ്മനഃകായ്യങ്ങളാൽ, ആ സാധനയെ ഞാൻ അനുഷ്ഠിക്കും. അനിയ, എന്റെ രാജ്യശാസനത്തിലുള്ള ന്യൂനതകളെന്തെല്ലാമെന്നു അറിഞ്ഞാൽ കൊള്ളാ

മെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതിന് എന്താണ് ഉപായം? പറയൂ. എന്തുപായത്താൽ പ്രജകളേ സന്തുഷ്ടരാക്കിത്തീർക്കാൻ സാധിക്കുമെന്ന് നീ തന്നേ പറയണം.

ഭരതൻ—ഇതു് അതികഠിനമായ ഒരു സമസ്യയാണ്. പ്രിയവര, മിഥ്യാപവാദരൂപമായ നിശിതശരങ്ങൾ ദരിദ്രജനങ്ങളുടെ കണ്ണുകളെഭേദിച്ചുകൊണ്ടിരിക്കവേ, മിഥ്യാസ്തുതിപരമായ മധുരഗീതകൾ ഐശ്വര്യവാനേ വലയം ചെയ്യുന്നു. ബലഹീനനായ പുരുഷൻെറ ഭ്രൂഭംഗംപോലും ക്ഷമിക്കാത്തവർ ബലവാൻെറ പാദപ്രഹരത്തേ ക്ഷന്തവ്യമായി കരുതുന്നു. പ്രബലൻെറ ന്യൂനതകളെ വിളിച്ചു പറയാൻ ഏതു മൂഢനാണ് ഒരുമ്പെടുന്നതു്? അവൻെറ ഭ്രൂഭേദം കാണാനുള്ള ധൈര്യം ആർക്കുണ്ടാവും?

രാമൻ—നീ പറയുന്നതു പരമാത്ഥം തന്നേ, എന്നു വരികിലും പ്രജകളുടെ സങ്കടങ്ങളേ അറിഞ്ഞേ മതിയാവൂ. അതിനെന്താണ് മാഗ്ഗം? അവരുടെ അഭാവാദിയോഗങ്ങളേ അറിയാതെ എങ്ങനെ അവയെപരിഹരിക്കും? രോഗനിദാനം അറിയാതെ എത്ര സമത്ഥനായ വൈദ്യനായിരുന്നാലും, ചികിത്സ നിർദ്ദേശിക്കാൻ സാധിക്കുമോ.

ഭരതൻ—ഞാൻ നോക്കീട്ട് ഒരു പായമേ ഉള്ളൂ. രാജാക്കന്മാർ ചാരദൃക്കുകളാണെന്നല്ലേ ശാസ്ത്രം ഘോഷിക്കുന്നതു്? അതുകൊണ്ടു് ഛദ്മവേഷധാരികളായ ഗൂഢചരന്മാരേ അയോദ്ധ്യയിൽ എല്ലായിടത്തും നിയമിച്ച്, അവർ വഴിക്ക് പ്രജകളുടെ സങ്കടങ്ങളെ അറിയണം.

വ്യാധി ഉപചയിക്കുന്നതിനുമുമ്പ്, അതിനെ ഉന്മൂലനം ചെയ്യുന്നതിന് ഇതു തന്നെയാണ് ഏകോപായം.

രാമ—നിൻെറ ഈ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ആകട്ടെ, നാളെ മുതല്ക്ക് നീ അയോദ്ധ്യയിൽ ഗുപ്തചരന്മാരെ നിയോഗിക്കണം. പ്രജകളുടെ അഭിലാഷങ്ങൾ വെളിക്കു വരുന്നതിനുമുമ്പേ തന്നെ, അവയെ ചാരന്മാർ മുഖേന അറിഞ്ഞു് ഞാൻ പൂരിപ്പിച്ചുകൊള്ളാം. അനിയ, ലക്ഷ്മണ, നീ ചെന്ന് രാജ്യേശ്വരിയും രാജ്യലക്ഷ്മിയും ആയ സീതയുടെ സകലാഭീഷ്ടങ്ങളേയും യഥാകാലം സാധിച്ചു കൊടുക്കണമെന്ന് ഊർമ്മിളയോടു പറയൂ. മണിമുക്താഫലാദി ബഹുമൂല്യങ്ങളായ പദാർത്ഥങ്ങൾ പോലും, ജാനകി ഇച്ഛിച്ചാൽ മാർഗ്ഗധൂളിപോലെ സുലഭമായിത്തീരട്ടേ.

ലക്ഷ്മണൻ—ദേവി ഇച്ഛിച്ചാൽ അസംഭാവ്യമായിട്ടുള്ളതും സുസംഭാവ്യമായിത്തീരും.

രാമൻ—ശത്രുഘ്ന, ദൂരസ്ഥമായ മധുപുരത്തിൽ ലവണൻ എന്നൊരു ദൈത്യൻ ഘോരമായ അത്യാചാരങ്ങൾ ചെയ്ത് പ്രജകളെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നതായി ഞാൻ ഇന്നു കേട്ടു. അനിയ, നീ സൈന്യത്തോടുകൂടി ചെന്ന്, അവനോട്ട് പടവെട്ടി, ജനങ്ങളെ അതിശീഘ്രം രക്ഷിക്കണം.

ശത്രുഘ്നൻ—മഹാരാജാവിൻെറ കല്പന പോലെ.

രാമൻ—എന്നാൽ നിങ്ങൾ പോകുവിൻ! അന്തഃപുരങ്ങളിലേക്കു പോകുവിൻ. ഞാൻ ചെന്ന് അമ്മയുടെ പൂജ

കഴിഞ്ഞോ ഇല്ലയോ എന്നു നോക്കട്ടെ. നമുക്ക് തൽകാലം സഭ പിരിയാം. എല്ലാവർക്കും കുശലം.

(എല്ലാവരും പോകുന്നു.)

---

ദൃശ്യം ൨

സ്ഥാനം—രാജമന്ദിരത്തിലെ അന്തഃപുരം

സമയം—സായംകാലം

(സീതയും, ഊർമ്മിളയും, മാണ്ഡവിയും, ശ്രുതകീർത്തിയും ശാന്തയും)

സീത—ആ പുരാണകഥകളെല്ലാം ഇനിയും പറയണമെന്നോ? എത്ര പ്രാവശ്യം പറഞ്ഞു കഴിഞ്ഞു?

ശാന്ത—ഒരിക്കൽകൂടി പറയൂ. എന്നോട് പറഞ്ഞിട്ടേ ഇല്ലല്ലോ. അതുകൊണ്ട് എന്റെ അപേക്ഷ അനുസരിച്ച് ഒരു പ്രാവശ്യം കൂടി പറയൂ.

ഊർമ്മിള—എനിക്ക് എത്ര കേൾക്കുന്തോറും പിന്നെയും പിന്നെയും കേൾപ്പാൻ ആഗ്രഹം വർദ്ധിക്കുന്നു. മായാമയമായ ആഖ്യായികപോലിരിക്കുന്നു.

മാണ്ഡവി—അതേ! അതേ! വിശേഷിച്ച് ആ ഭാഗം എല്ലാററിനേക്കാളും രസമുള്ളതാണ്. ശൂർപ്പണഖ ലക്ഷ്മണകുമാരന്റെ രൂപസമ്പത്തികണ്ട് മോഹിച്ച സ്ഥലം! (ഊർമ്മിളയോട്) എന്താ! അവളുടെ പേരു അതുതന്നെ ആയിരുന്നില്ലേ?

ശാന്ത—ശൂർപ്പണഖ, രാക്ഷസിയോ?

മാണ്ഡവി—അതേ രാക്ഷസി തന്നെ. അവൾ പതുക്കെ പതുക്കെ വന്ന്, ഏകാന്തമായ സ്ഥലത്തു് വെച്ചു്, ലക്ഷ്മണകുമാരനോടു നല്ല നല്ല വാക്കുകൾ ഒട്ടു വളരെ പറഞ്ഞു്, കുറെ സ്തുതിപാഠങ്ങളും അനുനയവിനയാദികളും ഒക്കെ ചെയ്തു്, കുമാരനെ വശപ്പെടുത്താൻ കഴിയുന്നതു ശ്രമിച്ചു. അവൾ അങ്ങനെ ചെയ്തതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ദേവരന്റെ രൂപം കണ്ടാൽ കാമദേവന്റെ ധർമ്മപത്നിയായ രതീദേവി പോലും, മൂർച്ഛിതയാവാതിരിക്കയില്ല. പിന്നെ ഒരു തുച്ഛരാക്ഷസിയായ ശൂർപ്പണഖയുടെ കാര്യം പറയാനുണ്ടോ?

ഊർമ്മിള—മിണ്ടാതിരിക്കു ചേച്ചി. നിങ്ങൾക്കു കളിയാക്കാൻ നല്ല വിരുതാണു്. എപ്പോഴും നേരംപോക്കുതന്നെ.

ശാന്ത—അതിനുശേഷം എന്തു സംഭവിച്ചു?

ഊർമ്മിള—ശൂർപ്പണഖ അടുത്തു ചെന്നപ്പോൾ, ദേവരൻ അവളുടെ മൂക്കറുത്തു് തന്റെ സ്നേഹാധിക്യത്തെ വെളിപ്പെടുത്തി.

ശാന്ത—(സീതയോടു്) സോദരി, ഉള്ളതാണോ?

സീത—അതേ.

മാണ്ഡവി—ഞാൻ സത്യമേ പറയൂ. ഈ മാതിരി ഒരു പുതിയ പ്രേമപ്രകടനസമ്പ്രദായം, സഹോദരീ, നിങ്ങൾക്കു പരിചിതമല്ലായിരിക്കാം.

ശാന്ത—പിന്നീടു എന്താണുണ്ടായതു്?

മാണ്ഡവി—പിന്നീടു്, പ്രേമം വൈരമായി കലാശിച്ചു. ശൂർപ്പണഖ മൂക്കില്ലാതെ കരഞ്ഞുകൊണ്ടു സാഗ്രഹത്തി

ലേക്കപോയി. അവളുടെ ആദ്ദർശകണ്ടു് ഖരനെന്നും ദൂഷണനെന്നും പേരോടുകൂടിയ രണ്ടു സഹോദരന്മാർ സൈന്യസമേതം യുദ്ധത്തിന്നായി ഓടി എത്തി. അവരെ ഒക്കെ കണ്ടപ്പോൾ, ലക്ഷ്മണൻ വിറപൂണ്ടു് 'അയ്യോ രക്ഷിക്കണേ! രക്ഷിക്കണേ' എന്നു നിലവിളിച്ചുകൊണ്ടു് ചേട്ടന്റെ സമീപത്തേയ്ക്കു ഒരു ഓട്ടം ഓടി.

ശാന്ത—ഒരിക്കലും അങ്ങനെ വരില്ല. നിങ്ങൾ പറയുന്നതു പച്ചക്കള്ളമാണു്.

മാണ്ഡവി—അല്ല, ഞാൻ പറയുന്നതു നടന്നകാര്യമാണു്.

ശാന്ത—ആകട്ടെ, എന്നിട്ടോ?

മാണ്ഡവി—ആശ്രമത്തിലെത്തീട്ടും ലക്ഷ്മണനു ഭയം ശമിച്ചില്ല. അദ്ദേഹം ആലിലപോലെ വിറയ്ക്കുന്നതു കണ്ടിട്ടു് രാമചന്ദ്രൻ 'ലക്ഷ്മണ! എന്താണു സംഗതി? എന്നു ചോദിച്ചു. വീരാഗ്രണിയായ ലക്ഷ്മണൻ' അതിദൂരത്തു അനിർദ്ദിഷ്ടമായ ഒരു ദിക്കിലേക്കു വിരൽ ചൂണ്ടിക്കൊണ്ടു് 'ചേട്ടാ അവർ വന്നു കഴിഞ്ഞു' എന്നു പറഞ്ഞു. ഒടുവിൽ രാമചന്ദ്രൻ ഒരു വിധത്തിലൊക്കെ അദ്ദേഹത്തിനെസമാധാനപ്പെടുത്തിയിട്ടു്, വില്ലുമമ്പും ധരിച്ചു് തനിച്ചു യുദ്ധത്തിനു പുറപ്പെട്ടു. രാക്ഷസന്മാരെയെല്ലാം കൊന്നൊടുക്കീട്ടു്, ജ്യേഷ്ഠൻ തിരിച്ചു വന്നപ്പോൾ ലക്ഷ്മണൻ മൂർച്ഛിച്ചു കിടക്കുന്നതും സീതാദേവി വീശിക്കൊണ്ടിരിക്കുന്നതുമാണു കണ്ടതു്. അദ്ദേഹം ഉച്ചത്തിൽ ലക്ഷ്മണ! ലക്ഷ്മണ! എന്നു വിളിച്ചു. രാക്ഷസസേനയെല്ലാം കാലപുരിയെപ്രാപിച്ചുവെന്ന വാത്ത കേട്ട മാത്രയിൽ ദേവരൻ എഴുന്നേ

No. 3648 LIBRARY

ററിരുന്നു. അപ്പോൾ മുഖത്തു് ഒരു സ്മിതരേഖ കാണ്മാനുണ്ടായിരുന്നു. നാവിൽ നിന്നു വാക്കുകളും നിർഗ്ഗമിച്ചു തുടങ്ങി. ഇങ്ങനെ പറഞ്ഞു:—“ചേട്ടനു കാര്യം മനസ്സിലായോ? എനിക്കു തനിച്ചു രാക്ഷസന്മാരെ കൊന്നൊടുക്കാൻ കഴിയുമായിരുന്നില്ലെന്നാണോ ചേട്ടന്റെ വിചാരം? ചേട്ടന്റെ അനുവാദംകൂടാതെ അനുജനായ ഞാൻ യുദ്ധം ചെയ്യുന്നതു ധർമ്മമല്ലല്ലോ എന്നു വിചാരിച്ചു മാത്രമാണു് ഞാൻ ഇങ്ങോട്ടു പോന്നതു്.”

സീത—മാണ്ഡവി, ചുമ്മാതിരിക്കൂ. സഹോദരിയായ ശാന്തയുടെ മുമ്പിൽ വെച്ചു് ലക്ഷ്മണനെ മിഥ്യാനിന്ദ ചെയ്യുന്നോ? യാതൊരു സുകൃതിയുടെ ദയ അനിവാര്യമായ വർഷധാരയ്ക്കു സമാനം, സകല പ്രാണികളിലും നിരന്തരം ശതധാരയായി വർഷിച്ചുകൊണ്ടിരിക്കുന്നു; യാതൊരുവന്റെ പരിശുദ്ധമായ സ്നേഹം, ശരൽകാലാരംഭത്തിലെ നിർഝരത്തിനു തുല്യം കരകവിയുമാറു നിറഞ്ഞിരിക്കുന്നു; യാതൊരുത്തന്റെ ഭക്തി പുഷ്പിതമായ നമ്രപന്ധകവൃക്ഷംപോലെ മനോഹരമായിരിക്കുന്നു; യാതൊരുവന്റെ സഹനശീലത പൃഥിക്കൊപ്പം അചലമായിരിക്കുന്നു; യാവനൊരുവന്റെ പരാക്രമവും തേജസ്സും സൂര്യന്റേതുപോലെ അനിവാര്യമായിരിക്കുന്നു; യാവനൊരുവന്റെ കോമളിമ കമലകുസുമത്തെ അതിശയിക്കുന്നു:—ആ ലക്ഷ്മണനെപ്പററി ഈ വിധം നേരമ്പോക്കു പറയുന്നതു് തീരെ അനുചിതമാകുന്നു. കുമാരൻ കേവലം കിശോരദശയിൽ രാജമന്ദിരത്തിലെ ഭോഗവിലാസങ്ങളെ എല്ലാം നിസ്സാര

മായി ഗണിച്ചിട്ട്", സ്വച്ഛാനുസാരം രാമചന്ദ്രനെ അനുഗമിച്ച്, എന്തെല്ലാം കഷ്ടതകൾ അനുഭവിച്ചും അന്നപാനാദികൾപോലും കൈവിട്ട്, അദ്ദേഹം എന്നേയും ജ്യേഷ്ഠസഹോദരനേയും നിരന്തരം പരിചരിച്ചുകൊണ്ടിരുന്നു. ലക്ഷ്മണൻ യാതൊരു ഗുണബന്ധത്താൽ ഞങ്ങളെ രണ്ടുപേരേയും ബന്ധിച്ചുവോ, അതിൽ നിന്ന് അന്യന്മാരാവുന്നതിനു ജന്മജന്മാന്തരങ്ങളിൽപോലും ഞങ്ങൾക്കു സാധിക്കയില്ല. അബന്ധത്തേ അറുത്തുകളയുന്നതിനു ഞങ്ങൾ മോഹിക്കുന്നുമില്ല; അത് അത്രയ്ക്ക് മധുരവും പ്രീതികരവും ആകുന്നു. അതിനേപ്പററി ആലോചിക്കുന്തോറും എന്റെ ഹൃദയം കുളുക്കുന്നു; ഹർഷാധിക്യത്താൽ ദേഹത്തിൽ രോമാഞ്ചമുണ്ടാവുന്നു. മഹത്വത്തിന്റെ ആ ചരമാദർശത്തേ കാണുമ്പോഴൊക്കെ എനിക്ക് ഈ ദശാവിശേഷം ഉണ്ടാവാറുണ്ട്. സഹോദരി, നൂറുമുഖങ്ങൾ നൂറു വർഷംവരേ വർണ്ണിച്ചാലും, ഒടുങ്ങാത്ത മഹാപദാനങ്ങളോടുകൂടിയ ലക്ഷ്മണനെ നീ ഏതു മുഖംകൊണ്ടാണ് പരിഹസിക്കുന്നത്?

ഊർമ്മിള—(സ്വഗതം) പ്രിയസഹോദരി! സതീരത്നമേ! ഈ വാക്കുകൾ കേൾക്കുമ്പോൾ ദേവിയോടുള്ള എന്റെ സ്നേഹവും ഭക്തിയും ശതഗുണം വർദ്ധിക്കുന്നു. പരമാർത്ഥത്തിൽ എന്റെ സ്വാമി പരമധന്യനാണ്. ഞാൻ അദ്ദേഹത്തിന്റെ പാദാംഗുഷ്ഠത്തിനുപോലും യോഗ്യയല്ല.

ശ്രുതകീർത്തി—അവളിങ്ങനെ പരിഹസിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് അറിയാം. അയോദ്ധ്യ

യിലെ മഹാറാണിയായി സ്വാമിയെ ഒരിക്കലും പിരിയാതെ വാണിരുന്നവളാണോ ഊൎമ്മിളയുടെ പതിന്നാലു വൎഷത്തെ ദാരുണ വിരഹതാപത്തിൻെറ മാത്രയറിയുന്നതു്? സീതാദേവി അക്കാലത്തു് അനുഭവിച്ച കഷ്ടതകളും അവർ എങ്ങനെ അറിയും?

മാണ്ഡവി—(ഗംഭീരഭാവത്തിൽ) അതു് എൻെറ ദോഷമായിരുന്നോ? വാസ്തവം പറയൂ. റാണിപട്ടം ഞാൻ കാംക്ഷിച്ചിരുന്നോ? യുവരാജാവായ രാമചന്ദ്രൻ സീതാദേവിയോടും ലക്ഷ്മണനോടും കൂടി, രാജ്യംവിട്ടു് വനത്തിൽപോയ അന്നു്, ഞാൻ ചെറുബാലിക ആയിരുന്നെങ്കിലും, ഒരു നിരുപായ ശിശുവെന്നോണം വിലപിച്ചില്ലേ? അവരുടെ വിയോഗത്താൽ അന്ധകാരമയമായിത്തീൎന്ന അയോദ്ധ്യയെ നോക്കി ഞാൻ അതിമാത്രം ദുഃഖിച്ചില്ലേ? എനിക്കു് യൌവന പ്രാപ്തിയുണ്ടായപ്പോൾ ആണു് ആ സ്ഥിതിവിപൎയ്യത്തിൻെറയും അന്യായത്തിൻെറയും പൂൎണ്ണബോധമുണ്ടായതു്. അന്നു് അഞ്ചാറുവട്ടം ഞാൻ രാജ്യത്യാഗം ചെയ്യുന്നതിനുള്ള ഇച്ഛപ്രകടിപ്പിച്ചില്ലേ? ഞാൻ കൂടക്കൂടെ ഈ രാജധാനിയേയും രാജ്യത്തേയും ഘൃണാദൃഷ്ടിയാൽ നോക്കി ധിക്കരിക്കാറുണ്ടായിരുന്നില്ലേ? വല്ലവരും എന്നെ മഹാറാണി എന്നു വിളിച്ചാൽ 'ഞാൻ റാണിയല്ല; രാജാവും റാണിയും ഇപ്പോൾ വനവാസം ചെയ്യുകയാണു്. എൻെറ സ്വാമി അവരുടെ ഭൃത്യനും ഞാൻ ദാസിയും ആണു്' എന്നു പറയാറില്ലായിരുന്നോ?

സീത—മാണ്ഡവി, അധീരയാവാതിരിക്കൂ. സോദരി, ഞാൻ ഇതേവരെ ദുഃഖിതയായിരുന്നെന്നാണോ നിൻെറ

വിചാരം? അഹോ! ഞാൻ സ്വാമിയോടൊന്നിച്ചു വനത്തിൽ താമസിച്ചിരുന്ന കാലത്തു് ഒരു ദിവസത്തിനുള്ളിൽ അനുഭവിച്ചിട്ടുള്ള സുഖം, ഏതു ഭാഗ്യശാലിനിക്കു നൂറു വർഷങ്ങൾ കൊണ്ടു് അനുഭവിക്കാൻ സാധിക്കും? സുവർണ്ണകിരണങ്ങളാകുന്ന രഥത്തിൽ കേറി, ആ നീലനീലവും ശൂന്യവുമായ ആകാശമാർഗ്ഗത്തിലൂടെ എൻെറ സ്വാമിയുടെ ചരണാരവിന്ദത്തിൽ പ്രണമിക്കാനെന്നോണം, നിശ്ശബ്ദമായി, പതുക്കെ പതുക്കെ, എന്നും, ഭൂമിയിൽവന്നിറങ്ങാറുള്ള വിശ്വൈകമോഹിനിയും ദിവ്യയും ആയ ഉഷാദേവിയെ ഞാൻ ഇപ്പോഴും ഓർക്കുന്നു. അപ്പൊഴെക്കും, നിരവധി വൃക്ഷങ്ങളിൽ നിന്നു മംഗളവാദ്യം മുഴക്കാനെന്നപോലെ അസംഖ്യം പക്ഷികൾ കളകളരവം പുറപ്പെടുവിച്ചു തുടങ്ങും. വനദേവതയുടെ ദിവ്യസ്മേരമെന്നപോലെ നികുഞ്ജങ്ങൾതോറും അസംഖ്യം പുഷ്പങ്ങൾ ഒരുമിച്ചു വിടൎന്നു് ഉല്ലസിക്കും. എന്നും, പ്രാതഃകാലത്തിൽ സ്വാമിക്കു് ഈ പൂജ മുടങ്ങാതെ ലഭിച്ചുവന്നു. എന്നും, ഉഷാദേവിയോടു ചേൎന്നു സ്വാമിയെ പൂജിച്ചു സനാഥയായി തീൎന്നുകൊണ്ടിരുന്ന എൻെറ മനസ്സിൽ ഗൎവ്വത്തിൻെറ അനുഭാവം ഉണ്ടാകാറുണ്ടായിരുന്നു. എന്നും മദ്ധ്യാഹ്നത്തിൽ, ആശ്രമത്തിൽ നില്ക്കുന്ന പിപ്പലവൃക്ഷത്തിൻെറ ഘനച്ഛായയിൽ, സ്വാമിയോടൊന്നിച്ചിരുന്നു്, ഞാൻ സ്ഥിരവും സൌമ്യവും, ശ്യാമവും സൂൎയ്യപ്രകാശത്താൽ, സമുജ്ജ്വലവും പ്രശാന്തരമണീയവും ആയ വനഭൂമിയെ നോക്കി നോക്കി രസിച്ചു കൊണ്ടിരിക്കും. സന്ധ്യയായാൽ, ഗോദാവരിയുടെ

തീരത്തു ചെന്നു ശിലയുടെ മുകളിൽ, ചിലപ്പോൾ പ്രാണനാഥനോടു കൂടിയും, ചിലപ്പോൾ തനിച്ചും കേറി ഇരുന്നു് അതിദൂരം ദൃഷ്ടികളെ നയിച്ചു്, നീലം, പച്ച, കറുപ്പു്, ചുവപ്പു്, മുതലായ വിവിധവണ്ണങ്ങളുടെ വിചിത്രപ്രവാഹം നോക്കി വിനോദിക്കും. ആ വിവിധവണ്ണകലാപം എനിക്കു് പ്രേമസ്വപ്നമെന്നപോലെ ശാന്തവും മനോമോഹനവും ആയി തോന്നാറുണ്ടായിരുന്നു. ക്രമേണ നദീതീരത്തിൽ, രാത്രിയുടെ കാളച്ഛായ പരന്നുതുടങ്ങുമ്പോൾ, വിശ്രാമകുടീരത്തിലേക്കു തിരിച്ചു പോവും. ഈ ജീവിതത്തിൽ ഇനി എനിക്കു് ആ സുന്ദരദൃശ്യത്തെ എന്നു കാണാൻ സാധിക്കുമോ? വാസ്തവത്തിൽ, മാണ്ഡവീ! ആ ദൃശ്യങ്ങളെ ഒന്നുകൂടി കാണുന്നതിനു് എനിക്കു വളരെ മോഹമുണ്ടു്.

മാണ്ഡവി—സോദരീ, എന്താണു് പറയുന്നതു്? അവിടെ സോദരി ഒരു ദേവിയായിരുന്നു; ഇവിടെ ഇന്നു് ഗൃഹലക്ഷ്മിയായിരിക്കുന്നു. ആ കഥകളൊക്കെ മറന്നുകളയുക. ആ ദുഃസ്വപ്നത്തെ മനസ്സിൽ നിന്നു് അകററീട്ടു്, രാജമന്ദിരത്തിനു് ഒരു കെടാവിളക്കായി അന്തഃപുരത്തിൽ വാണരുളിയാലും.

സീത—മാണ്ഡവീ, നീ ഇതിനെ ദുഃസ്വപ്നമെന്നു പറയുന്നോ? ആ ഗഹനമായ വനത്തിലെ മധുരമനോഹരമായ ദൃശ്യങ്ങളെ നീ ഒരു കുറി കണ്ടിരുന്നുവെങ്കിൽ തീച്ചയായും ഇങ്ങനെ പറയുമായിരുന്നില്ല. അഹോ! ഹേമന്തകാലത്തിലെ സ്ഥിരവും നിർമ്മുക്തവുമായ ആകാശവും, ഏതോ അജ്ഞാതസാഗരത്തിൻെറ ഉപരിതലത്തിൽ നിന്നെന്നപോലെ മന്ദമന്ദമായ് പ്രവഹി

ക്കുന്ന വസന്തപവനനും, ഗ്രീഷ്മർത്തുവിലെ സ്നിഗ്ദ്ധവും സാന്ദ്രവുമായ ശീതളച്ഛായയും, നാലുപാടും ശാന്തിക്കതിരൊളി വീശിക്കൊണ്ടിരിക്കുന്ന ശാരദചന്ദ്രികയും, വർഷർത്തുവിലെ മേഘഗർജ്ജനവും, മിന്നൽപിണറുകളുടെ ക്ഷണികപ്രഭയും, ശീതളകാലത്തിലെ പ്രാതഃകാലികമായ സുവർണ്ണകാന്തിപ്രവാഹത്തിൽ ചെയ്യാറുള്ള നിത്യസ്നാനവും, നിൻെറ അനുഭവത്തിൽനിന്നു ബാഹ്യമായതിനാലത്രേ നീ അതിനെ ദുഃസ്വപ്നമെന്നു പറയുന്നതു്.

ശ്രുതകീർത്തി—ഒരു കാര്യം എനിക്കറിയാം. ഇവിടെ പ്രാബല്യം ഞങ്ങളുടെ കക്ഷിക്കാണു്. ഞങ്ങൾതന്നെ ജയിക്കും. എന്തൊക്കെയായാലും രാജമന്ദിരംപോലെ സുഖാവഹമായി മറെറാരിടവുമില്ല.

ശാന്ത—എന്തുകൊണ്ടു്?

ശ്രുതകീർത്തി—വനത്തിൽ ശീതം അതിദുസ്സഹമാണു്.

ശാന്ത—(സസ്മിതം) സീതേ ഈ രാജമന്ദിരവും അത്യുന്നതങ്ങളായ പ്രാകാരങ്ങളും, ഉന്നതങ്ങളായ മന്ദിരശിഖരങ്ങളും, ആയുധപാണികളായ ഭടന്മാരും മററും നിങ്ങൾക്കു ഹൃദയരഞ്ജകമായു് തോന്നുന്നില്ലേ?

സീത—സോദരി, ഞാൻ എന്താണു പറയേണ്ടതു്? ഈ രാജമന്ദിരത്തിൻെറ കഠിനശിലകൾ എൻെറ ഹൃദയത്തെ അമർത്തുന്നതുപോലെ തോന്നുന്നു. ദിനങ്ങൾ കേവലം അപരിചിതരേപ്പോലെ ഗൃഹത്തിനു വെളിയിൽ വന്നും പോയും ഇരിക്കുന്നു. വസന്തപവനൻ എന്നോടു് സ്വൈരസല്ലാപം ചെയ്യാൻ അനുഗ്രഹിച്ചി

ട്ടെന്നപോലെ കമ്പിതപാദനായി, മന്ദംമന്ദം വാതായനങ്ങളിൽക്കൂടി അകത്തോട്ടു കടക്കുന്നു. നീലവർണ്ണമായ ആകാശം ചകിതനായിട്ട് കൂടെക്കൂടെ അന്തഃപുരത്തിലേക്കു ഉളിഞ്ഞുനോക്കുന്നതേയുള്ളൂ. ചന്ദ്രിക അതിദൂരത്തുനിന്നും വന്നിട്ട്, മഹാറാണിയെക്കണ്ടു ഭയപ്പെട്ടിട്ടെന്നപോലെ തിരിച്ചുപോകുന്നു. ഈ പൂർവ്വബന്ധുക്കളെല്ലാം എന്റെ അടുത്തുവരാൻ പോലും മടിക്കുന്നു. പ്രാണഭയത്താലോ എന്തോ-ആരും ഒരു വാക്കുപോലും ഉച്ചരിക്കുന്നില്ല. എന്റെ പരിചാരകന്മാരും, പരിചാരികമാരുമെല്ലാം എന്നെക്കാണുമ്പോൾ രാജ്ഞിയാണെന്നറിഞ്ഞു് പരിഭ്രമത്തോടുകൂടി മാറിനിന്നുകളയുന്നു. സോദരി, ഇതൊക്കെ എന്താണെന്നു എനിക്കു മനസ്സിലാവുന്നില്ല. ഹൃദയത്തിൽ നിർഭരമായ വ്യഥയേ ഉണ്ടാവുന്നുള്ളൂ. സ്വാമിയോടൊന്നിച്ച് ഗോദാവരീതീരത്തിലുള്ള ആ മൈതാനങ്ങളിലേക്കു വീണ്ടും ഓടി പോവണമെന്നു് എനിക്ക് ആഗ്രഹം ജനിക്കുന്നു. ആ വല്ലിക്കുടിലുകളിൽ വികസിച്ചുനില്ക്കുന്ന കുസുമങ്ങളേയും, അങ്ങുമിങ്ങും പറന്നുകളിക്കുന്ന പക്ഷികളേയും, തുള്ളിച്ചാടി വിഹരിക്കുന്ന മൃഗങ്ങളേയും കണ്ടു് ആനന്ദിക്കുന്നതിന്നു് വീണ്ടും എനിക്കു മോഹം വർദ്ധിക്കുന്നു. അഹോ! ആ സുഖം ഇങ്ങിനി വരാതവണ്ണം മറഞ്ഞു പോയിരിക്കുന്നു!

മാണ്ഡവി—മിണ്ടാതിരിക്കൂ. ശ്രുതകീർത്തി, നീ എന്തിന്നു് ഇതൊക്കെ പറയുന്നു?

സീത—ശ്രുതകീർത്തി, നീ പറഞ്ഞതിലും അല്പം വാസ്തവമുണ്ടു്. എന്റെ ജീവിതകാലത്തിലെ ചില കഷ്ട

സന്ധികൾ നീണ്ടി. (അണിയറയിൽ കൌസല്യ) സീതേ! സീതേ!

ശാന്ത—സോദരി, അമ്മ വിളിക്കുന്നതു കേട്ടില്ലേ?

സീത—(ഞെട്ടി എഴുന്നേറ്റു്) അമ്മേ, ഞാൻ ഇതാ വന്നു കഴിഞ്ഞു.

ശാന്ത—സീത സദാ വ്യാകുല ചിത്തയായിരിക്കുന്നു. മുഗ്ദ്ധയായ മൃഗിയെന്നോണം, അവൾ ഒരേ മനോഭാവത്തെ ആവിഷ്കരിക്കുന്ന നേത്രങ്ങളാൽ നാലുപാടും വിസ്മയഭാവത്തിൽ നോക്കുന്നു. എന്തോ ഒരു ഭയത്താലോ ആതങ്കത്താലോ ആ സാധ്വീരത്നം വിഹ്വലമാനസയായിത്തീൎന്നിരിക്കുന്നു. രണ്ടു കണ്ണുകളിൽ നിന്നും അശ്രുക്കൾ പ്രവഹിക്കുന്നു. മുഖത്തിനു ഒരു വൈവൎണ്യം കാണുന്നു. അവിടെ കളിയാടിക്കൊണ്ടിരുന്ന സ്മിതരുചി മങ്ങിയിട്ടു് അഗാധവിഷാദത്തിൽ ആണ്ടുപോയിരിക്കുന്നു. പൌൎണ്ണമാസിയിലെ നിശാവേളയിൽ മരണചിന്ത പോലെയും, ഫുല്ലകുസുമാഞ്ചിതമായ ആരാമദേശത്തിൽ കാളസൎപ്പം പോലെയും, ഉത്സവമന്ദിരത്തിൽ ആൎത്തനാദം പോലെയും, സൌന്ദൎയ്യധാമത്തിൽ മൂൎച്ഛ പോലെയും, ശിശുമസ്തകത്തിൽ ചിന്തയുടെ കാളിമ പോലെയും, പത്മപത്രത്തിൽ കുഹേളിക പോലെയും, അന്ധകാരമദ്ധ്യത്തിൽ ശോഭനയായ സന്ധ്യാദേവിയുടെ ആത്മഹത്യ പോലെയും സീതയുടെ ഈ അവസ്ഥ എനിക്കു അസംഗതമായ് തോന്നുന്നു. മാണ്ഡവി, സീതയുടെ ഈ മനോവ്യഥയ്ക്കുള്ള കാരണം നിനക്കറിയാമോ?

മാണ്ഡവി—അതിനെപ്പററി ആലോചിപ്പാനെന്തുള്ളു? വന വാസവിലോലയായ ഒരു പക്ഷിക്കു സുവൎണ്ണപഞ്ജരത്തിലായാലും സുഖമായ് പാൎക്കാൻ കഴിയുമോ?

ശ്രുതകീൎത്തി—വാസ്തവം. ആ വൃക്ഷോപരി ചൂട്ടംതണുപ്പും സഹിച്ചു് എത്ര സന്തോഷത്തോടുകൂടി പാൎക്കുന്നു. വനത്തെ അപേക്ഷിച്ചു് ഈ രാജമന്ദിരം നൂറു ഗുണം സുഖഭൂയിഷ്ഠമാണെന്നു ഞാൻ എത്ര പ്രാവശ്യം ദേവിയോടു പറഞ്ഞിരിക്കുന്നു. എന്താണു്? ഇവിടെയും മന്ദമാരുതൻ യഥേച്ഛം വീശുന്നില്ലേ? പൂൎണ്ണചന്ദ്രന്റെ പാലൊളി വനത്തിലെന്നോണം ഇവിടെയും വ്യാപരിക്കുന്നില്ലേ? നേരേ മറിച്ചു്, ഇവിടെ സുലഭമായിരിക്കുന്ന നിത്യരാജഭോഗം അവിടെ കിട്ടുകയുമില്ലല്ലോ. ഇവിടെ നൂറു ദാസിമാർ ഊണുമുറക്കവും ഉപേക്ഷിച്ചു ദേവിയെ പരിചരിക്കുന്നു. എനിക്കു് ഈ രാജമന്ദിരത്തിലെ വാസം എത്ര സുഖസമൃദ്ധമായ് തോന്നുന്നു.

മാണ്ഡവി—സോദരി, എല്ലാവൎക്കും രുചി ഒരേ വിധത്തിലായിരിക്കയില്ലല്ലോ.

ശ്രുതകീൎത്തി—അതു ശരിയാണു്. നീ എല്ലായ്പ്പോഴും സത്യമേ പറയൂ. മാണ്ഡവിക്കും, ഊൎമ്മിളയ്ക്കും, സീതയ്ക്കും കവിഭാഷയിൽ സംസാരിക്കാനേ വശമുള്ളു.

(ഊൎമ്മിള ഒഴിച്ചു് എല്ലാവരും പോകുന്നു.)

ഊൎമ്മിള—സൂൎയ്യൻ അസ്താചലം പ്രാപിക്കാറായി. അതിദൂരത്തായി വിചിത്രവൎണ്ണാങ്കിതവും സുവൎണ്ണമയവുമായ ഒരു മൈതാനം കാണപ്പെടുന്നു. സൂൎയ്യന്റെ ചെങ്കതിരുകൾ സരയൂനദിയുടെ പ്രവാഹത്തിൽ പതിച്ചു സുഖനിദ്ര

ചെയ്യുന്നു. സന്ധ്യാദേവി അർദ്ധാവഗുണ്ഠനവതി യായി, മുഖത്തിൽ സ്മിതചന്ദ്രികയും, ഹസ്തകമല ത്തിൽ ദീപികയും വഹിച്ചുകൊണ്ടു മന്ദംമന്ദം ഇങ്ങോ ട്ടുവരുന്നു. ലജ്ജകൊണ്ടെന്നപോലെ, അവൾ അധോ മുഖിയായിരിക്കുന്നു. അയി സന്ധ്യാദേവി! പ്രേമമയി യായ നീ മാധുര്യഭരിതയായി ഭൂമിയിലേക്ക് ഇറങ്ങി യാലും. പ്രിയസഖി, പ്രാണേശ്വരനായ ലക്ഷ്മണനെ കൊണ്ടുവന്ന് ഈ ഊർമ്മിളയുടെ ഹൃദയത്തോടു ചേർക്കു ന്നതിനു താമസിക്കരുതേ.

---

## ദൃശ്യം ൩.

(ലക്ഷ്മണനും ഊർമ്മിളയും)

ലക്ഷ്മണൻ—പ്രിയേ, എത്രനാളായി നാം തമ്മിൽ കണ്ടിട്ട്?

ഊർമ്മിള—നാഥ, എനിക്കു നിശ്ചയമില്ല. പ്രാണേശ്വരന്റെ ദർശനമാത്രത്താൽ വിരഹദുഃഖമെല്ലാം മാഞ്ഞുപോയി രിക്കുന്നു. ദുഃഖത്തിന്റെ മങ്ങിയ നിഴൽപോലും ഇപ്പോൾ ഇല്ല. എന്തെന്നില്ലാത്ത ഒരു സംതൃപ്തിയും അനിർവ്വചനീയമായ ഒരു ആനന്ദവും മാത്രമേ ഞാൻ ഇപ്പോൾ അറിയുന്നുള്ളു. ഈ നികുഞ്ജവനം പ്രകാശ മയമായിരിക്കുന്നു. ഇവിടെ അവിടുന്ന് എന്നെയും, ഞാൻ അവിടത്തെയും പ്രേമപ്രകർഷത്താൽ ആനന്ദി പ്പിച്ചുകൊണ്ടിരിക്കുന്നു. എന്റെ ദൃഷ്ടിക്ക്, മുമ്പ് ഗോചരമായിരുന്ന സകലതും മാഞ്ഞുപോയിട്ട്,

അവയുടെ സ്ഥാനത്തു് അങ്ങയുടെ കോമളവിഗ്രഹം മാത്രം ഞാൻ കാണുന്നു. പ്രാണേശ്വര, അവിടുന്നു് അല്പം വിശ്രമിച്ചാലും.

ലക്ഷ്മണൻ—പതിന്നാലു വർഷത്തിനു ശേഷം—

ഊൎമ്മിള—അതേ, പതിന്നാലുവൎഷത്തിനുശേഷം, എനിക്കു് എൻെറ ഹൃദയവല്ലഭൻെറ പുനർല്ലാഭമുണ്ടായി. എന്നാൽ അക്കാലത്തും ഞാൻ അധീരയായിരിക്കയോ വിരഹദുഃഖത്താൽ പരാഭൂതയാകയോ ചെയ്തിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ഈ ലോകത്തിൽ അവിടുന്നു് ഊൎമ്മിളയുടേയും, ഊൎമ്മിള അവിടുത്തേയും ആണെന്നു ഞാൻ നല്ലപോലെ അറിഞ്ഞിരുന്നു. ഈ ജീവിതദശയിൽ നമുക്കു തമ്മിൽ പുനസ്സമാഗമം ഉണ്ടായില്ലെങ്കിൽ, അടുത്ത ജന്മത്തിലെങ്കിലും ഉണ്ടാവാതിരിക്കയില്ലെന്നുള്ള ദൃഢവിശ്വാസം എനിക്കു് ആശ്വാസവും ധൈൎയ്യവും നല്കി.

ലക്ഷ്മണൻ—പ്രിയേ, നീ ഈ അയോദ്ധ്യാപുരിയിലും, ഞാൻ അങ്ങു ഗോദാവരീതീരത്തിലും ആയിരുന്നുവെങ്കിലും, നീ പ്രേമത്തിൻെറ അത്യായതങ്ങളായ ഭുജവല്ലരികളാൽ എന്നെ വലയം ചെയ്തിരുന്നു. ഈ പതിന്നാലു വൎഷത്തിന്നിടയിൽ, നിൻെറ പ്രണയമസൃണമായ ദൃഷ്ടിപാതത്തിൻെറയും, അമൃതശീതളമായ സ്പൎശത്തിൻെറയും, മഞ്ജുളമായ കണ്ഠധ്വനിയുടെയും, കോമളമായ മുഖപങ്കജത്തിൻെറയും പ്രത്യക്ഷാനുഭവം ഉണ്ടാകാത്ത ഒരു ദിവസവും ഇല്ലായിരുന്നു.

ഊൎമ്മിള—സ്വാമി, അതു് എനിക്കു നല്ലപോലെ അറിയാം.

ലക്ഷ്മണൻ—എന്റെ ഹൃദയസാമ്രാജ്യത്തിലെ അധീശ്വരി, നീ ഈ മനോമന്ദിരത്തിൽ സുഖമായി വാണരുളുക. ജാഗ്രത്തിലും നിദ്രയിലും, സമാഗമത്തിലും വിയോഗാവസ്ഥയിലും ഈ ഹൃദയത്തിൽ നിറഞ്ഞിരുന്നാലും.

ഊർമ്മിള—പ്രിയതമ, നോക്കുക! എത്ര മനോഹരമായ കാഴ്ച! ഈ വിശ്വം സസ്യസമ്പത്തികൊണ്ടു് എങ്ങിനെ പ്രകാശിക്കുന്നു! അതിസുന്ദരമായ ശാന്തിയുടെ മോഹനമായ ചിത്രംപോലിരിക്കുന്നു.

ലക്ഷ്മണൻ—വാസ്തവം. ഈ നദീതീരവും സാന്ദ്രച്ഛായമായ വടവൃക്ഷവും ഹൃന്മോഹനമായ ഉപവനപ്രദേശവും ദർശനീയംതന്നെ.

ഊർമ്മിള—നാഥ, നവപല്ലവസംയുതമായ ഉപവനത്തിന്റെ പുഷ്പദലരൂപമായ അധരപുടങ്ങളിൽനിന്നും പുറപ്പെടുന്ന അസ്പഷ്ടമർമ്മരധ്വനി അവിടുന്നു കേൾക്കുന്നില്ലേ? അതാ നോക്കുക! ആകാശമുഖം ദിവ്യപ്രേമത്താൽ സമാർദ്രമായിരിക്കുന്നു. അവിടെ ആശീർവാദസൂചകവും ഉജ്ജ്വലമാദ്ധ്യാഹ്നികകിരണരൂപവുമായ ഒരു ഹാസരുചി കാണുന്നു. സാന്ദ്രമായ നികുഞ്ജവനത്തിൽ വൃക്ഷങ്ങളുടെ ഇലപ്പടപ്പിൽ ഇരുന്നുകൊണ്ടു് പക്ഷികൾ കൂജനം ചെയ്യുന്നു. അതാ! നോക്കുക! അതിദൂരത്തിൽ വന്യവൃക്ഷങ്ങളാൽ മറഞ്ഞുനില്ക്കുന്ന കുന്നുകൾ തങ്ങളുടെ ചെറുശിഖരങ്ങളെ ഹസ്തങ്ങളെന്നോണം ഉയർത്തിപ്പിടിച്ചിരിക്കുന്നു. പുഷ്പഫലാഢ്യങ്ങളായ വൃക്ഷങ്ങളിൽ മന്ദപവനൻ ആനന്ദോന്മത്തനായി നൃത്തം

ചെയ്യുന്നതു് അവിടുന്നു കണ്ടാലും! സ്വാമി, എന്താണ് അവിടുന്ന് ഒരിടത്തേക്കു തന്നെ നോക്കിക്കൊണ്ടിരിക്കുന്നതു്?

ലക്ഷ്മണൻ—വിധാതാവിന്റെ വിചിത്രസൃഷ്ടിയായ നിന്റെ മുഖത്തെയല്ലാതെ എനിക്കു വേറെ എന്താണു നോക്കാനുള്ളതു്?

ഊർമ്മിള—(സലജ്ജം) നാഥ! അതാ നോക്കൂ. ആ മൃഗി തന്റെ കുട്ടികളോടുകൂടി കളിച്ചുകൊണ്ടിരിക്കുന്നു. ആ കപോതം അതിന്റെ ദയിതയോടു ചേൎന്നു്, ഏകാന്തപ്രാപ്തിയിലുള്ള നിരതിശയാനന്ദം അനുഭവിച്ചു സുഖിക്കുന്നു. ഈ നദീതീരത്തിൽ എത്ര പശുക്കൾ സ്വൈരമായി ചരിക്കുന്നു. ഒരു മയിൽ തന്റെ പിടയോടുകൂടി രമിക്കുന്നതും അവിടുന്നു കാണുന്നില്ലേ?

ലക്ഷ്മണൻ—പ്രിയതമേ, എല്ലാം കാണുന്നുണ്ടു്. എത്ര എത്ര നദികൾ, എത്ര എത്ര നദങ്ങൾ, എത്ര എത്ര വനങ്ങൾ, എത്ര എത്ര നഗരങ്ങൾ, എല്ലാം കടന്നിട്ടാണ് ഞാൻ ഇന്നു് നിന്റെ ആശ്രമമന്ദിരത്തിലെ ആതിഥ്യം സ്വീകരിപ്പാനായി വന്നിരിക്കുന്നതു്? ഇപ്പോൾ നിന്റെ പ്രേമാമൃതാസ്വാദത്തിലല്ലാതെ മററൊന്നിലും എന്റെ മനസ്സു പ്രവേശിക്കുന്നില്ല. നീ എന്റെ ഹൃദയദാഹത്തെ ശമിപ്പിക്കുക. നിന്റെ വാത്സല്യത്തിന്റെ രുചി ഞാൻ ഒന്നു അനുഭവിക്കട്ടേ.

ഊർമ്മിള—അവിടുത്തെ ഈ ആശയും അഭിലാഷവും എന്നുവരെ ശമിക്കാതിരിക്കുന്നുവോ, അന്നാൾവരെ എന്റെ പ്രേമാമൃതം ഞാൻ നല്കുന്നതാണ്.

(രണ്ടുപേരും പോകുന്നു)

## ദൃശ്യം ൪

**സ്ഥാനം-രാജമന്ദിരത്തോടു ചേൎന്ന തോട്ടം.**

**സമയം. ചന്ദ്രികാശീതളമായ രാത്രി.**

രാമനും സീതയും

രാമൻ:—മനോഹരമായ സരയൂതടത്തിൽ ശീതളവും സുഗന്ധിതവുമായ മന്ദപവനൻ സ്വച്ഛന്ദം വീശിക്കൊണ്ടിരിക്കുന്നു. ചകോരം ചന്ദ്രമാവിന്റെ അമൃതപാനം ചെയ്തു് ആനന്ദലഹരിയിൽ മുഴുകി വിനോദിക്കുന്നു. പുഷ്പവാടിയിൽ സൎവ്വത്ര പത്രങ്ങളുടെ കോമളമൎമ്മരധ്വനി കേൾക്കാനുണ്ടു്. ലതാഗൃഹം പൂമ്പൊടികളുടെ പരിമളത്താൽ തൃഷിതമായിരിക്കുന്നു. ഏകാന്തത്തിൽ ഒരു പുഷ്പം മന്ദഹാസം തൂകികൊണ്ടു്, മറ്റൊരുപുഷ്പത്തിന്റെ അംശത്തിൽ പതിക്കുന്നതും ഇടയ്ക്കിടയ്ക്കു കാണ്മാനുണ്ടു്. അപ്സരസ്സുകൾ വന്നിട്ടു് നിശാദേവിയെ സ്നാനം ചെയ്യിക്കുന്നതുപോലെയോ, അമൃതതരംഗങ്ങളിൽ തങ്ങളുടെ ലളിതാംഗങ്ങളേ വിക്ഷേപിച്ചിട്ടു്, പരസ്പരം പ്രേമസല്ലാപം ചെയ്യുന്നതുപോലെയോ തോന്നുന്നു. പ്രിയേ, കണ്ടാലും. ഇന്നു ഭൂതലം എത്ര മധുമയവും മനോഹരവും ആയിക്കാണപ്പെടുന്നു.

സീത—പ്രാണനാഥ, ചന്ദ്രമാവു് ഈമാതിരി അമൃതവൎഷം ചൊരിഞ്ഞുകൊണ്ടിരുന്ന ആ സുദിനങ്ങൾ എന്റെ സ്മൃതിപഥത്തിൽ ഉദിച്ചുപൊങ്ങുന്നു. ആ ഗോദാവരീതീരവും, ആ പൎണ്ണകുടീരവും എത്ര രമണീയമായിരുന്നു. ആ ദിവസങ്ങൾ ഇങ്ങിനി വരാതവണ്ണം മറഞ്ഞുപോയി.

രാമൻ—ഏതുദിനങ്ങളാണു് നിനക്കു് അതിപ്രിയമായി തോന്നീട്ടുള്ളതു്?

സീത—എന്റെ ഹൃദയപ്രകാശമായ അവിടുന്നു് എന്റെ സമീപത്തിലിരിക്കുന്ന സമയങ്ങളെല്ലാം എനിക്കു ഹൃദ്യമാണു്. അങ്ങനെയുള്ള പൂർവ്വദിനങ്ങൾപോലെ തന്നെ ഈ ദിനവും ശോഭനമാകുന്നു. അവിടുന്നു് അടുത്തുള്ളപ്പോൾ ഞാൻ മററൊന്നും കാണുകയോ, കേൾക്കയോ, അറികയോ ചെയ്യുന്നില്ല. നാഥ, ഈ പൃഥ്വി അങ്ങേക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ഈ ആകാശം പോലും, എന്റെ ദൃഷ്ടിയിൽ, അങ്ങയാൽ വ്യാപ്തമാണു്. അഹോ! ഞാൻ ലങ്കയിൽ താമസിച്ചിരുന്ന കാലത്തു്, ദിവസങ്ങൾ എത്ര ദീർഘങ്ങളും കഠിനങ്ങളും ദുസ്സഹങ്ങളുമായിരുന്നു. ദിനങ്ങൾ മാസങ്ങൾക്കു തുല്യമായും, മാസങ്ങൾ വർഷങ്ങൾക്കു തുല്യമായും തോന്നി. സ്വാമിൻ, അന്നും ചന്ദ്രൻ ആകാശത്തിൽ ഉദിച്ചുയരാറുണ്ടായിരുന്നു; അന്നും അശോകകലികൾ മലയപവനന്റെ മൃദുസ്പർശത്താൽ വിറപൂണ്ടു് ഹർഷപൂർവ്വം വികസിക്കാറുണ്ടായിരുന്നു. എന്നിട്ടും അഹോരാത്രം എന്റെ ഹൃദയത്തിൽ അഗ്നി ജ്വലിച്ചുകൊണ്ടിരുന്നതെന്താണു്? ആർക്കുവേണ്ടി അന്നു ഞാൻ രാത്രിയെ പകലാക്കിവന്നു? കരഞ്ഞു കരഞ്ഞു് ഒരുവിധം രാത്രി കഴിച്ചുകൂട്ടിയെങ്കിലും, നവമായ ഓരോ സൂര്യോദയവും നവമായ ഓരോ നിരാശയെ എന്റെ ഹൃദയത്തിൽ അങ്കുരിപ്പിച്ചുവന്നു. വർഷർത്തുവിലെ തണുത്ത കാററു പോലും എന്റെ ഹൃദയത്തിലെ അഗ്നിയെ ജ്വലിപ്പിച്ചതേ ഉള്ളൂ. ശരൽക്കാലത്തു ചന്ദ്രൻ ഉയർന്നുനിന്നു

കൊണ്ടു് എന്നെ ഉപഹസിക്കയാണോ എന്നുതോന്നി. വസന്തത്തുവിൽ കോകിലങ്ങൾ എൻെറഹൃദയത്തിൽ ഹാലാഹലം വർഷിക്കുമാറു് ഗാനം ചെയ്തുകൊണ്ടിരുന്നു. മലയപവനൻെറ സ്പർശം ശൂലം തറയ്ക്കുമ്പോലെയാണു എനിക്കുതോന്നിയതു്. പൂമ്പൊടികൾ ശിരസ്സിൽ അമ്ലവർഷംപോലെ പതിച്ചു. ക്രൂരരാക്ഷസികൾ സദാപി എന്നെ വലയം ചെയ്തിരുന്നു. അവർ പകൽ ഒരുവിധം കഴിച്ചുകൂട്ടീട്ടു്, രാത്രിയിൽ ഉത്സവം കൊണ്ടാടുകപതിവായിരുന്നു. ചിലർ എന്നെ ഭയപ്പെടുത്തുകയും മററു ചിലർ അപഹസിക്കുകയും ചെയ്തുവന്നു. ഞാൻ പന്ത്രണ്ടുമാസത്തോളം അനുഭവിച്ച ഘോരദുഃഖത്തെ അവരുണ്ടോ അറിയുന്നു? നീലവർണ്ണമായ ആകാശം സാനുകമ്പം എന്നെ നോക്കി നോക്കി തൻെറ നിരുപായതയെ ശപിച്ചുവന്നു. സമുദ്രത്തിലെ നീലജലം എൻെറ ഈ ദശാവിശേഷംകണ്ടു്, 'കഷ്ടം, കഷ്ടം' എന്നു അന്തരാ പറഞ്ഞുവന്നു. അഹോ! ആ ദിവസങ്ങൾ എത്ര ഭയങ്കരങ്ങൾ! അഹോരാത്രം ഞാൻ തീവ്രയാതനാദുഃഖം അനുഭവിച്ചുകൊണ്ടിരുന്നു. ഇന്നു് ഈ അവസരത്തിലും ഹാ! പ്രാണനാഥ, ആ ദിവസങ്ങളുടെ സ്മരണയുണ്ടാകുന്നതിനോടുകൂടി എൻെറ ശരീരം വിറച്ചുപോകുന്നു.

രാമൻ—പ്രിയേ, അടുത്തിരിക്കുക. ഇനി എന്തിനാണു് ഈ വ്യർത്ഥമായ ചിന്ത? നീ ഇപ്പോൾ എൻെറ അരികിലല്ലേ ഇരിക്കുന്നതു്? അക്കാലമെല്ലാം പോയിമറഞ്ഞില്ലേ? അവയെ വിസ്മരിച്ചു കളയുക. ഇതു ലങ്കാപുരിയല്ലല്ലോ. പിന്നെ എന്തിനാണു് ഈ ആശങ്ക?

അ മഹാപാപിയായ രാവണൻ യമപുരം പ്രാപിച്ചു കഴിഞ്ഞു. ഇതു് അയോദ്ധ്യാപുരിയാണു്. നിന്റെ ഈ രാമൻ അവന്റെ ഭുജവല്ലികൾക്കിടയിൽവെച്ചു് നിന്നെ സദാപി രക്ഷിച്ചുകൊള്ളും. ഓമനെ, രാമൻ നിന്നെ രക്ഷിക്കുന്ന വിഷയത്തിൽ അസമർത്ഥനോ അപശ്ചാപ്തനോ അല്ലെന്നു നിനക്കു് ഇനിയും മനസ്സിലായില്ലേ? ഇനി അ ദുഃസ്വപ്നത്തെ ഒരിക്കലും നീ മനസ്സിൽ വെച്ചുകൊണ്ടിരിക്കരുതു്. എല്ലാം മറന്നു കളയുക.

സീത—പ്രാണനാഥ, അ ദിവസങ്ങളെ എനിക്കു മറക്കാൻ ഒരിക്കലും സാധിക്കയില്ല. എന്തുകാരണത്താലോ എന്റെ മനസ്സു് അ കഷ്ടദിനങ്ങളുടെ അടുക്കലേക്കു് എന്നെ വലിച്ചിഴച്ചു കൊണ്ടുപോകുന്നു. അ വികടബിഭീഷികയേ ഞാൻ വീണ്ടും വീണ്ടും കാണുന്നു. വേടന്റെ ക്രൂരമ്പുകൊണ്ടു് മുറിവേററ ഹരിണിക്കു സമാനം വികലഹൃദയത്തോടും ഭയപാരവശ്യത്തോടും ഞാൻ അ കൊട്ടംപാപിയുടെ നേക്കു നോക്കിപ്പോകുന്നു. അവന്റെ ഭയങ്കരമായ വിളി ഞാൻ ഇപ്പോഴും കേൾക്കുന്നു. അഥവാ എനിക്കു വ്യാഘ്രത്താൽ അനുഗതയായ ഒരു പഥികയുടെ ദശയാണു് ഇപ്പോഴുള്ളതു്. പഥിക അതിവേഗത്തിൽ ഓടി ഗൃഹത്തിനുള്ളിൽ കടന്നാലും, വ്യാഘ്രം പിടി വിട്ടുവെന്നുള്ള ബോധം അവൾക്കുണ്ടാകുന്നില്ല. അവൾ വീണ്ടും വീണ്ടും ചകിതയായിട്ടു് അ വഴിയിലേക്കു നോക്കിക്കൊണ്ടേ ഇരിക്കും. അതുപോലെതന്നെ ലങ്കാവാസിയായ അ ദുർവ്വിനം തന്റെ ശിക്കാറിനുള്ള മൃഗി പിടിയിൽനിന്നു മാൻ

വിട്ടുപോയെന്നറിഞ്ഞു് അവളെത്തേടി അയോദ്ധ്യാപുരിവരെ വന്നിട്ടുണ്ടെന്നും, അവിടത്തെ കണ്ണുതെററിച്ചു്, അപഹരിച്ചു കൊണ്ടുപോവാനായി കാത്തിരിക്കയാണെന്നും ഒരു ഭയം എന്നേയും ബാധിച്ചിരിക്കുന്നു. പ്രാണേശ്വര, ഞാൻ വീണ്ടും അവിടുത്തെ പാദകമലങ്ങളിൽനിന്നു് പിരിഞ്ഞു പോകാൻ ഇടവരുന്നേയ്ക്കും എന്നു് ഒരു ഭീതി എനിക്കു് എങ്ങനെയോ ഉണ്ടാവുന്നു. ഈ ഭയത്താൽ പകലും രാത്രിയും മനസ്സമാധാനമുണ്ടാകുന്നില്ല. ഇടയ്ക്കിടെ ദേഹം കമ്പിതമാവുന്നു. ഞാൻ തനിച്ചിരിക്കുന്ന അവസരത്തിൽ ഹാ! പ്രാണേശ്വര! ഇനി അവിടുത്തെ പുനർദ്ദർശനം ലഭിക്കയില്ലെന്നൊരു ഭയം എന്നെ പിടിപ്പിക്കുന്നു.

രാമൻ—ഹൃദയേശ്വരി, അരുതരുതു്. ഞാൻ വലിയ കഷ്ടതകൾ സഹിച്ചാണു് നിന്നെ വീണ്ടെടുത്തതു്. ഇനി നിന്നെ ഞാൻ എന്റെ ഹൃദയാന്തർഭാഗത്തുവെച്ചു ഭദ്രമായി സൂക്ഷിക്കും. ഈ വ്യർത്ഥമായ ശങ്കയെ മനസ്സിൽ നിന്നും അട്ടിപ്പായിക്കുക.

സീത—നാഥ, ഭാഗ്യത്തിനു സ്ഥിരത എവിടെ? എന്നെ അവിടുന്നു് ഹൃദയത്തോടു ചേർത്തു ഗാഢമായ് ബന്ധിച്ചാലും. ഇതു നമ്മുടെ അന്ത്യസമാഗമം അല്ലെന്നു് ആർക്കറിയാം?

രാമൻ—പ്രിയേ, ഇതെന്തു്? നീ എന്തിനു കരയുന്നു? നിന്റെ ദേഹം വിറയ്ക്കുന്നതെന്തുകൊണ്ടു്? നീ ഇങ്ങനെ ഭയാകുലമായ ദൃഷ്ടിയോടുകൂടി നോക്കുവാൻ കാരണമെന്തു്? നിന്റെ മുഖമണ്ഡലം വിളറി വശായിരിക്കുന്നല്ലോ.

സീത—(ദീർഘശ്വാസം വിട്ടിട്ട്) പ്രാണനാഥ.

രാമൻ—പ്രിയേ, നിനക്ക് എന്താണ് ഇത്ര അധൈര്യം? ഇതിനു മുമ്പിൽ ഇങ്ങനെ ഒരു അവസ്ഥ നിന്നിൽ ഞാൻ കണ്ടിട്ടില്ലല്ലോ. നിൻെറ ഈ കോമളമായ ഹൃദയത്തിൽ ആരാണു സന്ദേഹവഹ്നി ജ്വലിപ്പിച്ചതു്? പറയുക. ഈ ഗൽഗദധ്വനിയും ദീർഘശ്വാസവും, ഈ ഹൃദയത്തുടിപ്പും എന്തിനായിട്ട്? നീ എന്തിനു കണ്ണുനീർ പൊഴിക്കുന്നു? അശ്രുക്കളാൽ വെറുതേ എന്തിനു നിൻെറ റോസാപ്പുഷ്പസദൃശമായ ഗണ്ഡപ്രദേശങ്ങളെ മലിനമാക്കുന്നു?

സീത—പ്രാണനാഥ, എന്നെ അവിടുത്തെ മാറോടണച്ചാലും.

രാമൻ—പ്രിയേ, വരിക, നമുക്ക് അന്തഃപുരത്തിലേക്കു പോവാം. നേരം അധികം ഇരുട്ടി. സരയൂതടം അന്ധകാരത്തിൽ മുഴകിക്കഴിഞ്ഞു. അതാ നോക്കുക, ചന്ദ്രനും അസ്തമിച്ചു. ഈ ദുശ്ചിന്തകളെല്ലാം ഹൃദയത്തിൽനിന്നു അകററുക. നമുക്ക് ശയനാഗാരത്തിലേക്കു പോകാം.

(രണ്ടുപേരും നിഷ്ക്രമിക്കുന്നു.)

## ദൃശ്യം ൧

സ്ഥാനം—രാജമന്ദിരത്തിന്റെ ബഹിർഭാഗത്തുള്ള ആസ്ഥാനമണ്ഡപം

സമയം—പ്രാതഃകാലം

(രാമനും ദുർമ്മുഖനും പ്രവേശിക്കുന്നു.)

രാമൻ—ദുർമ്മുഖ, നീ എന്താണു പറഞ്ഞതു്? നിനക്കു് ഇത്ര ധിക്കാരമോ? അവൾ ആരെന്നും നീ ആരെന്നും മറന്നു പോയോ? നന്ദിയില്ലാത്ത പരിഷ!

ദുർമ്മുഖൻ—തിരുമേനി, ദേവി മഹാറാണിയാണെന്നും അടിയൻ കേവലം ഒരു ദാസനാണെന്നും അടിയനു് അറിയാം. എന്നാൽ അവിടുത്തെ കല്പന അനുസരിച്ചാണു് അടിയൻ ഇന്നു് ഈ കഠോരമായ വാർത്തയെ തൃപ്പാദങ്ങളിൽ ഉണർത്തിയതു്. കേവലം കർത്തവ്യബോധത്താൽ—

രാമൻ—(ഞെട്ടിയിട്ടെന്നപോലെ) വാസ്തവം. ദുർമ്മുഖ, നീ എന്റെ ഭൃത്യൻതന്നെ. ഇതിൽ നീ അപരാധി അല്ല. നീ നിന്റെ കർത്തവ്യത്തെ പാലിച്ചതേ ഉള്ളൂ. ഞാനാണു് മൂർഖൻ—മഹാ മൂർഖൻ. പ്രജകൾ പരത്തുന്ന മിഥ്യാപവാദാദികൾ അറിഞ്ഞുകൊണ്ടുവരുന്നതിനു നിന്നെ ചുമതലപ്പെടുത്തിയ ഞാൻതന്നെയാണു മൂഢൻ. ഞാൻ ആ നിന്ദാജലത്തിൽ എന്നും ഗംഗാതീർത്ഥത്തിലെന്നപോലെ പ്രാതഃസ്നാനം ചെയ്തതിന്റെ ശേഷം എന്റെ ദൈനന്ദിനകൃത്യങ്ങൾ നിർവ്വഹിക്കുന്നു. ഓഹോ! ഇതാണോ പ്രജകളുടെ പ്ര

സ്ഥാരം? എൻെറ പ്രജകളുടെ സവ്വാഭിലാഷങ്ങളേയും ഞാൻ സാധിച്ചുവരുന്നു. അവരുടെ ഇച്ഛകളെ പൂരിപ്പിച്ചതിനും മനോരഞ്ജനം സാധിച്ചതിനും ഇതാണോ അവരുടെ പുരസ്കാരം? എല്ലാവിധബാധകളേയും വിഘ്നങ്ങളേയും അകററി, പണംകൊണ്ടും, പരിശ്രമംകൊണ്ടും അവരുടെ ഇച്ഛകളെ ഒന്നൊഴിയാതെ ഞാൻ പൂരിപ്പിക്കാറില്ലേ? അവരുടെ അഭാവാഭിയോഗങ്ങളെ നേരിട്ടും അല്ലാതെയും അറിഞ്ഞും, വേണ്ടതെല്ലാം ഞാൻ അന്നന്നു ചെയ്യാറില്ലേ? അതിനു ഇങ്ങനെ ആയിരിക്കുമോ, അവരുടെ പുരസ്കാരം? അഥവാ കിട്ടുന്തോറും കൂടുതൽ ആഗ്രഹം ജനിക്കത്തക്കവണ്ണം മനുഷ്യജാതി അത്ര കൃതഘ്നവും, ലോഭിയും, അധമവുമാണെന്നുവരാം. ഒരിക്കലും അവരുടെ വയറുനിറയുകയില്ലായിരിക്കാം. അയോദ്ധ്യാനിവാസികളെ, എൻെറ പ്രിയപ്പെട്ട ജാനകിയേ—പുണ്യമയിയും ഗൃഹലക്ഷ്മിയും രാജ്യലക്ഷ്മിയും, പതിവ്രതയുമായ ജാനകിയേ—എൻെറ ഹൃദയത്തിൽ നിന്നു വേർപെടുത്തണമെന്നാണോ നിങ്ങളുടെ ആഗ്രഹം? പുരവാസികളേ, നിങ്ങൾക്കു ഈ അവിശ്വാസം എവിടെ നിന്നുവന്നു? സീത അസതിയും അലക്ഷ്മിയും ആണ്. അല്ലേ?—കഷ്ടം കഷ്ടം. നിങ്ങൾക്കു സീതയുടെ ചരിത്രത്തെപ്പററി എനിക്കറിയാവുന്നതിൽ കൂടുതലറിയാമെന്നോ! സീത പവിത്രയാവട്ടേ, അപവിത്രയാവട്ടേ, സതിയാവട്ടെ അസതിയാവട്ടേ—എന്തായാലും അവൾ എൻേറതാണ്. വല്ലവരുടേയും ഇച്ഛയെ പൂരിപ്പിക്കാനായി ഞാൻ അവളെ ത്യജിച്ചുകളയുമെന്നോ? ഒരിക്കലും ഇല്ല. പ്രജകൾക്കു രുചിക്ക

ന്നില്ലെന്നുകണ്ടാൽ ഞാൻ എൻെറ കണ്ണുകൾ സ്വയം ചൂഴ്ന്നു എറിഞ്ഞു കളയുമെന്നോ? ഒരിക്കലും ഇല്ല. അയോദ്ധ്യാനിവാസികളായ പ്രജകൾ എന്തെങ്കിലും പറഞ്ഞുകൊള്ളട്ടേ. സീത എന്നും എൻെറ ഗൃഹലക്ഷ്മിയായി വിളങ്ങുകതന്നെ ചെയ്യും. ദുർമ്മുഖ! പാപി! നീ ഇപ്പോഴും എൻെറ മുമ്പിൽ തന്നെ നില്ക്കുന്നോ? ഛീ! പോ! മറന്നു—സ്വാമിയുടെ അന്നംതിന്നു കൊഴുത്ത നായ്! കൃതഘ്നൻ! വേണ്ട! വേണ്ട! ഞാൻ ഒരു ഭ്രാന്തനായ് തീൎന്നുപോയി!! അവൻ എന്തുപിഴച്ചു? അവൻ വെറും ഒരു ഭൃത്യൻ. അവൻ അവിടവിടെ കേട്ടതിനെ ഇവിടെവന്നു പറഞ്ഞു. ദുർമ്മുഖ!—നീ സത്യം എന്തിനു പറഞ്ഞു? എന്തുകൊണ്ടു കള്ളം പറഞ്ഞില്ല? അല്പമാത്രം അസത്യം പറയാതിരുന്നതെന്തു്?—ഒരു ചെറിയ അസത്യം—"ഞാൻ അവിടുത്തെ ധരിപ്പിച്ചതു വെറുംകള്ളമാണ്" എന്നു ഒന്നു പറഞ്ഞാൽ മാത്രംമതി. നിനക്കു എന്തു വേണമെങ്കിലും തരാം. നിന്നെ കനകാഭിഷേകം ചെയ്യാം.

ദുർമ്മുഖൻ—(സ്വഗതം) കഷ്ടം! സ്വാമിയെ ഇതിനുമുമ്പിൽ ഇത്ര ദുഃഖപരവശനായി ഞാൻ കണ്ടിട്ടില്ല. ധൎമ്മം നശിക്കുന്നുവെങ്കിൽ നശിക്കട്ടെ—[ശ്രീരാമനോടു്] പ്രഭോ! അടിയൻ തിരുമനസ്സുണർത്തിച്ചതു് സത്യമല്ല—എല്ലാം കള്ളമാണ്—എല്ലാംകള്ളം. വെറും കള്ളം. അവിടുത്തെ പ്രജകൾ മഹാറാണിയെ സംബന്ധിച്ചു യാതൊന്നും പറഞ്ഞിട്ടില്ല.

രാമൻ—അരുതു്, ദുർമ്മുഖ, നീ പോ. ഇതെല്ലാം കേവലം ഒരു ഭ്രാന്തചിത്തന്റെ പ്രലാപമാണു്. ഈ സമയത്തു ഞാൻ ഞാനല്ലാതെ ചമഞ്ഞിരിക്കുന്നു. ഞാൻ എന്താണു് ഇതുവരെ പറഞ്ഞുകൊണ്ടിരുന്നതെന്നു് എനിക്കു് ഓർമ്മയില്ല. വേണ്ട വേണ്ട. ഇനി ഈ സാന്ത്വനങ്ങൾകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. ഞാൻ നിനക്കു ദോഷം ചെയ്യുകയില്ല. അസത്യം പറയുന്നതിനു പ്രാർത്ഥിക്കയില്ല. നീ ഒരക്ഷരംപോലും അസത്യം പറഞ്ഞിട്ടില്ലെന്നു് എനിക്കു നല്ലപോലറിയാം. നീ എന്നെ ഈ ദുഃഖവുമായി ഇവിടെ വിട്ടിട്ടു പൊയ്ക്കൊള്ളുക.

ദുർമ്മുഖൻ—(നടന്നുകൊണ്ടു്) കഷ്ടം! മൂർഖനായ ഞാൻ എന്തിനാണു് ഈ വാർത്ത സ്വാമിയെ അറിവിച്ചതു്? ആ സമയത്തു് എന്റെ നാവു് അടഞ്ഞുപോയില്ലല്ലോ! അതു് എന്തുകൊണ്ടു കഷണം കഷണമായി നുറുങ്ങിപ്പോയില്ല? ഈ ദുർവാർത്ത അറിവിക്കുന്നതിനു മുമ്പു് എന്റെ ശിരസ്സിൽ വജ്രപാതം ഉണ്ടായില്ലല്ലോ. അഹോ എന്റെ ധിക്കാരം! (പോകുന്നു).

രാമൻ—വളരെ നന്നു്. ഇപ്പോൾ ഞാൻ എന്താണു ചെയ്യേണ്ടതു്? ഒന്നും എന്റെ ബുദ്ധിയിൽ തോന്നുന്നില്ല. പ്രജകളുടെ ഈ പ്രലാപവാണിയെ കേൾക്കണോ? സീതയെ പരിത്യജിക്കണോ? വെറും പെൺപട്ടിയെ എന്നപോലെ അവളെ എന്റെ സമീപത്തുനിന്നും ആട്ടി ഓടിച്ചുകളയണോ? ഹാ! നിഷ്ഠുരനും വൃദ്ധനുമായ വസിഷ്ഠ! പ്രജാരഞ്ജനത്തിനു വേണ്ടിവന്നാൽ സീതയെക്കൂടി ഉപേക്ഷിക്കണമെന്നു് അങ്ങു് എങ്ങിനെ

ഉപദേശിച്ചു? ഇന്നു് ഉപേക്ഷിക്കണമെന്നുണ്ടെങ്കിൽ ലങ്കയിൽവെച്ചു് ആ ഘോരസംഗ്രാമങ്ങളെല്ലാം ഞാൻ എന്തിനു നടത്തി? അവളെ അവിടെനിന്നും കൊണ്ടു വന്നതു വല്ല കൊടുങ്കാട്ടിലും കൊണ്ടുപോയി തള്ളിക്കളവാൻവേണ്ടി മാത്രമായിരുന്നോ? ഗൂഢമായ അവിചാരത്തോടുകൂടി സീതയെ പിടലിക്കു പിടിച്ചു വെളിയിൽ തള്ളുന്നതു് എനിക്കു് ഉചിതമാണോ? അതാണോ, എൻെറ കർത്തവ്യം? സീത സാധ്വിയും, ആകാശത്തിനു തുല്യം പവിത്രയും, എന്നിൽ അതിരററ ശ്രദ്ധാവിശ്വാസപ്രേമാദികളോടു കൂടിയവളും പുണ്യവതിയും ആകുന്നു. അവളോടു ഞാൻ ഈവിധമാണോ പെരുമാറേണ്ടതു്? ഇല്ല ഇല്ല. എൻെറ ഈ രാജ്യം സ്വപ്നത്തിൽ ലഭിച്ച ഐശ്വര്യം എന്നപോലെ, നിമിഷത്തിൽ നഷ്ടമായിപ്പോകട്ടേ. ഈ രാജമന്ദിരം ഇടിഞ്ഞു മണ്ണിനോടു ചേരട്ടേ. ഈ അയോദ്ധ്യാപുരി സരയൂനദിയിൽ ഒഴുകിപ്പോകട്ടേ. ഈ അർയ്യവംശം ബ്രഹ്മശാപത്താൽ ഭസ്മീഭവിക്കട്ടേ. പാപംകൊണ്ടു സൃഷ്ടിച്ച ഈ ശരീരം നശിച്ചുപോകട്ടേ. പതിവ്രതയായ സീത എൻെറ ഹൃദയത്തിൽതന്നെ സദാ കുടികൊള്ളും. ആകാശവ്യാപിയായ ബ്രഹ്മാണ്ഡത്തിൻെറ ധ്വംസത്തിനു് ഉള്ളിലും, ചരാചരാത്മകമായ വിശ്വത്തിൻെറ ഭസ്മത്തിനു മുകളിലും സീതയുടെ പവിത്രസ്ഥിതി നിലനില്ക്കുകതന്നെ ചെയ്യും.

(കർട്ടൻ പതിക്കുന്നു.)

# രണ്ടാം അങ്കം

---

## ദൃശ്യം ൧

സ്ഥാനം—അന്തഃപുരത്തിലെ വരാന്ത.

സമയം—പ്രാതഃകാലം.

(കൌസല്യ തനിച്ചു പൂജ ചെയ്തുകൊണ്ടിരിക്കുന്നു)

കൌസല്യ—രാത്രിയിൽ അഗ്നിവഷത്തിനുസമാനം കൂടക്കൂടെ ഉല്ക്കാപാതം ഉണ്ടായിക്കൊണ്ടിരുന്നു. പ്രാതഃകാലം കോപാരുണമായ ദൃഷ്ടിയോടുകൂടി നോക്കുന്നു. കുറുനരികളുടെ വികടശബ്ദം നട്ടുച്ചയ്ക്കുപോലും രാജമന്ദിരത്തോടു ചേന്ന മൈതാനത്തിൽ കേൾക്കാറുണ്ട്. വരാനിരിക്കുന്ന വല്ല ഭയങ്കരവിപത്തിനേയും സൂചിപ്പിക്കയായിരിക്കുമോ? എന്നും രാത്രികാലത്തു് ഈശാനകോണിൽ അകല്യാണശിഖയെന്നപോലെ ഒരു ധൂമകേതു ഉദയം ചെയ്യുന്നു. കാരണം എന്താണെന്നു മനസ്സിലാവുന്നില്ല. ദേവി, മഹാമായേ, വരപ്രദായിനീ, കല്യാണമയീ, ഭക്തവത്സലേ, എൻെറ രാമചന്ദ്രനു യാതൊരു വിപത്തും സംഭവിക്കാതിരിക്കണേ! നിൻെറ ചരണകമലങ്ങളിൽ ഭക്തിപൂവ്വം ഈ പുഷ്പാഞ്ജലി ഞാൻ സമപ്പിക്കുന്നു. അഭയേ, അപരാജിതേ, ലോകജനനി, അഭയം അരുളിയാലും! ഈ ആശങ്കകളേയും ഭയത്തേയും ദൂരീകരിച്ചാലും. പെട്ടെന്നു ഉദിച്ച

തായ ഈ വജ്രമേഘത്തെ പശ്ചിമാകാശത്തിൽ നിന്നു മാററിയാലും. ഈ അപമാനമേഘപടലത്തെ തള്ളി നീക്കിയാലും. ദേവി, ചണ്ഡീ, ഭഗവതി, സംഹാര കർത്രിയായ ഭൈരവി, നിൻെറ വികടകരാളമൂർത്തിയെ മറയ്ക്കേണമേ. ഹേ, ദുർഗ്ഗേ, ദുർഗ്ഗതിനാശിനി, കല്യാണി, നീ സൌമ്യമൂർത്തിയായി ദർശനമരുളിയാലും. (നമസ്കരിക്കുന്നു) സീതേ, സീതേ.

(അണിയറയിൽ) ഇതാ വന്നുകഴിഞ്ഞു.

കൌസല്യ—നാലുപാട്ടും അന്ധകാരം അകററി, കണ്ണിനു കുളർമ നല്കുന്ന ചന്ദ്രികയെന്നപോലെ, എൻെറ സ്നേഷയായ സാക്ഷാൽ ലക്ഷ്മി ഇതാ വരുന്നു.

(സീത പ്രവേശിക്കുന്നു)

സീത—അമ്മേ, എന്തിനാണു് എന്നെ വിളിച്ചതു്?

കൌസല്യ—മകളേ, നീ കരഞ്ഞുകൊണ്ടിരിക്കയായിരുന്നോ? അതെന്തിനു്?—എൻെറ മുഖത്തേയ്ക്കു നോക്കു. നിൻെറ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ടു്? കണ്ണുകളിൽ അശ്രുക്കൾ നിറയാൻ കാരണമെന്തു്? ഇതെന്തു്? സീതേ, ഇതെന്തിനു്? നീ മിണ്ടാതിരിക്കുന്നതെന്തുകൊണ്ടു്? ഓഹോ! മനസ്സിലായി. രാമചന്ദ്രൻ അടുത്തില്ലാത്തതുകൊണ്ടായിരിക്കാം.

സീത—അല്ലമ്മേ!

കൌസല്യ—അല്ലയോ? എനിക്കു മനസ്സിലായി. മകളേ, നിൻെറ ഹൃദയത്തിലെ ഗൂഢസന്ദേഹം എനിക്കു മനസ്സിലായി. മകളേ, എനിക്കും രാമനോടു സ്നേഹമുണ്ടു്. ഒരേസ്നേഹംതന്നെയാണു്, മാതാവു്, പുത്രി,

പതി എന്നിവരുടെ ഹൃദയങ്ങളിൽ ഭിന്നഭിന്ന രൂപത്തിൽ വർത്തിക്കുന്നതു്. പ്രിയപുത്രി, രാമൻ രാജ്യകാര്യം സംബന്ധിച്ചു്, ചമ്പകാരണ്യത്തിൽ താമസിക്കുന്ന വസിഷ്ഠന്റെ അടുക്കലേക്കു പോയിരിക്കയാണു്. ഗുരുവിനോട്ടു് എന്തോ ഗൌരവമായ സംഗതി ആലോചിപ്പാനുണ്ടായിരിക്കണം. മകളേ, നീ പരിഭ്രമിക്കാതിരിക്കൂ. നിന്റേയും എന്റേയും രാമചന്ദ്രൻ കുശലപൂർവ്വം താമസിയാതെ തിരിച്ചുവരും. ചിന്തകളെല്ലാം ദൂരെക്കളയൂ. രാമൻ സമീപത്തോ അതിദൂരത്തോ ഇരിക്കട്ടേ, രാജമന്ദിരത്തിലോ വിദേശത്തോ താമസിക്കട്ടേ, സമാധാനത്തിലോ യുദ്ധത്തിലോ ഏർപ്പെട്ടിരിക്കട്ടേ, എവിടെ ഇരുന്നാലും അവൻ സദാ എന്റെ സ്നേഹക്കോട്ടയിൽ സുരക്ഷിതനായി വർത്തിക്കും. അനർത്ഥത്തിന്റെ കാററുപോലും അവന്റെ അംഗത്തിൽ സ്പർശിക്കയില്ല. ഏതു രാമന്റെ മാതാവു ഞാനും, പതി നീയും ആകുന്നുവോ, ആ രാമന്റെ മേൽ വിപത്തിന്റെ ഛായയ്ക്കുപോലും പതിക്കുവാൻ സാധിക്കയില്ല. രാമൻ ശ്രേയസ്സിദ്ധിയായ് ഭവിക്കട്ടേ. നീയും അചിരേണ വീരപുത്രന്റെ മാതാവായ്ഭവിച്ചു് സുഖമായി പാർക്കുക.

(പെട്ടെന്നു് ഇടിനാദം കേൾക്കുന്നു)

സീത—ഇതെന്തു ?

കൌസല്യ—ഇടിനാദമാണു്.

സീത—ആകാശംപ്രസന്നമായിരിക്കുന്നല്ലോ. മേഘത്തിന്റെ കണികപോലും കാണ്മാനില്ല.

കൌസല്യ—(സ്വഗതം) വാസ്തവം! മേഘം ഒരിടത്തും കാണ്മാനില്ല. [പ്രകടം] വേഗത്തിൽ കൊട്ടുങ്കാററുണ്ടായേക്കും. നടക്കു. നമുക്ക കൊട്ടാരത്തിനുള്ളിലേക്ക പോവാം. (നടന്നുകൊണ്ടു്) ജനനീ, സൎവ്വമംഗളേ, ദേവി, സതീ, എൻെറ രാമനെ നീ നോക്കിക്കൊള്ളണേ! ഭഗവതീ, സദാ രാമനെ രക്ഷിച്ചുകൊള്ളണേ.

(രണ്ടുപേരും പോകുന്നു)

---

ദൃശ്യം ൮

സ്ഥാനം—വസിഷ്ഠാശ്രമം

സമയം—പ്രാതഃകാലം

(രാമനും വസിഷ്ഠനും)

രാമൻ—ഗുരുദേവ! ഇക്കാൎയ്യം എന്നാൽ ഒരുകാലത്തും സാദ്ധ്യമല്ല; ഒരുകാലത്തും സാദ്ധ്യമല്ല.

വസിഷ്ഠൻ—അതു് എനിക്ക നല്ലപോലെ അറിയാം. രഘുവര, അതു ദുഷ്കരവും നിഷ്ഠുരവും ദുഃഖപ്രദവും ആയ കാൎയ്യംതന്നെ. എന്നുവരികിലും ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. രാമ, എല്ലാവൎക്കും, എല്ലാകാൎയ്യങ്ങളും സുസാദ്ധ്യങ്ങളായിരുന്നാൽ അവ ചെയ്യുന്നതിൽ പ്രശംസയ്ക്കു എന്താണവഴി? നീ മിണ്ടാതിരിക്കുന്നതെന്തുകൊണ്ടു്? ചെയ്കയില്ലെന്നു തന്നെയോ നിൻെറ നിശ്ചയം?

രാമൻ—ഭഗവൻ, ഇതു ബഹു തീക്ഷ്ണമായ ജലമാണു്.

വസിഷ്ഠൻ—ബഹുതീക്ഷ്ണമാണെന്നു എനിക്കും അറിയാം; എന്നാലും കുടിക്കതന്നെ വേണം. നീ എന്താണു് ഒന്നും മിണ്ടാത്തതു്? നീ ഏതു കുലത്തിലാണു ജനിച്ച തെന്നു മറന്നുപോയോ? നീ ആരു്? ആരുടെ പുത്രൻ? ആരുടെ പൌത്രൻ? ഈ സംഗതികളെല്ലാം അരനിമിഷത്തിനുള്ളിൽ നീ വിസ്മരിച്ചുകളഞ്ഞോ? പുരുഷോത്തമ, നിൻെറ ജന്മം സൂൎയ്യവംശത്തിലാണെന്നു ഓൎമ്മിച്ചിരിക്കണം. നിൻെറ പിതാവോ? തൻെറ വാൎദ്ധക്യത്തിലെ അപാരസാധനാതപസ്സുകളുടെ ഫലസ്വരൂപമായി, പ്രാണങ്ങളേക്കാൾ പ്രിയതരന്മാരായിരുന്ന രണ്ടുപുത്രന്മാരെ കേവലം കൎത്തവ്യപാലനത്തിനു വേണ്ടി വനത്തിലേക്കു അയച്ച ആ ദശരഥനാണു്. അദ്ദേഹത്തിൻെറ ആ കൎത്തവ്യപാലനം സഹജവും സുമധുരവും ആയിരുന്നുവെന്നു നിനക്കുതോന്നുന്നുണ്ടോ? പത്നീത്യാഗം പുത്രത്യാഗത്തേക്കാൾ ദുഷ്കരമാണോ? പറയൂ?

രാമൻ—ഗുരുദേവ, ഇക്കാൎയ്യം ദുസ്സാധമല്ല, തീരെ അസാധ്യമാണു്. അസാധ്യമായുള്ളതിനെ ഞാൻ എങ്ങനെ ചെയ്യും? അങ്ങു ആജ്ഞാപിച്ചാലും. രാജ്യക്ഷേമത്തിനു വേണ്ടി എൻെറ പ്രാണനെപ്പോലും ഉപേക്ഷിക്കുന്നതിനു ഞാൻ തയ്യാറുണ്ടു്. എന്നാൽ ജാനകി എനിക്കു ആയിരം പ്രാണങ്ങളേക്കാൾ പ്രിയതമയാണു്. അവളെ ഉപേക്ഷിക്കുന്നകാൎയ്യം എന്നാൽ സാധ്യമല്ല.

വസിഷ്ഠൻ—ജാനകിയോടു നിനക്കു് എത്രമാത്രം പ്രേമമുണ്ടെന്നു എനിക്കു് അറിയാം. എന്നാൽ ആത്മഹത്യയും കർത്തവ്യപാലനവും തമ്മിൽ വലിയ അന്തരമുണ്ടു്. ആത്മഹത്യചെയ്യുന്നതു്, ഭീരുവായ ഭടനെപ്പോലെ കർത്തവ്യരണാങ്കണത്തിൽ നിന്നും ഓടിപ്പോകുന്നതിനു തുല്യമാകുന്നു. കർത്തവ്യപാലനമോ, ദൃഢസംയതസാഹസത്തോടുകൂടി സമ്മുഖസമരത്തിൽ ശത്രുബാണങ്ങളെ സ്വന്തമാറിടത്തിൽ ഏല്ക്കുന്ന വീരപുരുഷോചിതമായ കൃത്യമാണു്.

രാമൻ—ഭഗവൻ, എനിക്കു സർവ്വദുഃഖങ്ങളും സുസഹംതന്നേ; എന്നാൽ നിരപരാധിനിയായ സീതയെ എന്തു ദോഷംകൊണ്ടാണു് ത്യജിക്കേണ്ടതു്?

വസിഷ്ഠൻ—നീ എന്തു് അപരാധം ചെയ്തിട്ടാണു് വനവാസം ചെയ്യേണ്ടിവന്നതു്? കുംഭകർണ്ണാദികൾ എന്തു് അപരാധം ചെയ്തിട്ടാണു നീ അവരെ നിഗ്രഹിച്ചതു്? അവരെല്ലാം വീരാഗ്രണികളും സ്വദേശഭക്തന്മാരും സഹോദരാദി സ്വജനങ്ങളുടെ ആജ്ഞാപാലനത്തിൽ ദൃഢനിഷ്ഠയുള്ളവരും ആയിരുന്നില്ലേ? ധനികന്റെ ആലയത്തിനുള്ളിൽ ഉള്ള സാരമേയാദിക്ഷുദ്രജീവികൾ പോലുംഎന്നും സ്വാദിഷ്ഠമായ അന്നംഭുജിച്ചു്, തടിച്ചുകൊഴുത്തുവരവേ, എന്തു് അപരാധത്താലാണു് നിർദ്ധനനായ പുരുഷൻ എന്നെന്നേയ്ക്കും ക്ഷുൽപിപാസാദികളുടെ ഘോരയന്ത്രണ സഹിക്കുന്നതു്? നോക്കൂ. ഈ വിശ്വത്തിൽ നീയാരു്? ഞാൻ ആരു്? തനിക്കു താൻ ആരുമല്ല. എല്ലാവരും ജനതയുടെ സുരക്ഷിത

സ്വത്തുകളാണു്. അവരിൽ ജനമണ്ഡലത്തിനു് അധി കാരമുണ്ടു്. ഓരോ വ്യക്തിയും സമുദായത്തിൻെറ ചര ണങ്ങളിൽ തൻെറ സ്വേച്ഛകളേയും സമ്പത്തിക ളേയും, സുഖങ്ങളേയും ബലിദാനം ചെയ്യേണ്ടതാണു്. അപരാധം ഉണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ, അതി നേപ്പററിയുള്ള ചിന്ത വ്യർത്ഥമാണു്. ഈ ബ്രഹ്മാണ്ഡ കടാഹത്തിൽ— ഈ വിരാട്പ്രവാഹത്തിൽ അനന്ത നിയമത്തിൻെറ സ്രോതസ്സു് അവ്യാഹതമായി പ്രവ ഹിച്ചുകൊണ്ടിരിക്കുന്നു. അതിൽ സകല സ്ത്രീ പുരുഷ ന്മാരും ഒഴുകിപ്പോകുന്നു. ഈ നിയമസ്രോതസ്സിൻെറ ഗതിയെ ആൎക്കു നിരോധിക്കാം? അതിനു വിരുദ്ധമായി ഗമിക്കുന്നവൻ അതിവേഗം അതിൽ ആണ്ടുപോകുന്നു. സ്വർഗ്ഗവും നരകവും, പാപവും പുണ്യവും, വിധാ താവിൻെറ സൃഷ്ടിയേ അല്ല. നരഹത്യ പാപമാ ണെന്നു സമുദായം വിധിക്കുന്നു. യുദ്ധത്തിലും മററും എത്രഎത്ര നരഹത്യകൾ നടക്കാറുണ്ടു്. പാപമാ ണെന്നു് ആരെങ്കിലും പറയാറുണ്ടോ? വിധാതാവു പറയുന്നോ? അദ്ദേഹമെന്താണു ചെയ്യുന്നതു്? പ്രതി ക്ഷണം ലക്ഷോപലക്ഷം ഹത്യകളും അത്യാചാരങ്ങളും ചെയ്തുകൊണ്ടല്ലേ ഇരിക്കുന്നതു്? അവയേപ്പററി ആരു ചിന്തിക്കുന്നു? ആരു പഴിക്കുന്നു?

രാമൻ— അങ്ങനെ ആണെങ്കിൽ പാപപുണ്യങ്ങൾഎന്നൊരു വക ഇല്ലേ?

വസിഷ്ഠൻ—ഇല്ല. നീ കൊടുങ്കാററിനോടു ചോദിക്കു. അതു് 'ഇല്ല' എന്നുത്തരം പറയും. ഘോരമായ ജല

പ്രവാഹത്തോടോ വെള്ളപ്പൊക്കത്തോടോ ചോദിക്കും ഇല്ലെന്നുതന്നെ ആയിരിക്കും മറുപടി. നീ ചെന്നു വജ്രപാതത്തോടും ഭൂകമ്പത്തോടും ദാവാഗ്നിയോടും, വാർദ്ധക്യത്തോടും, ദുർഭിക്ഷത്തോടും, സർപ്പദംശനത്തോടും ചോദിച്ചുനോക്കുക. പാപവുമില്ല പുണ്യവുമില്ല എന്ന മറുപടിതന്നെ ലഭിക്കും. ഹേ! രഘുവര, ജനമണ്ഡലത്തിനു യാതൊരു പ്രവൃത്തി അമംഗളമായിരിക്കുന്നോ അതു പാപം. അതു ചെയ്യുന്നവൻ പാപി. പാപവും പുണ്യവും സമുദായത്തിന്റെ ദണ്ഡവിധികൾ മാത്രമാണ്. നീ അങ്ങിനെയുള്ള ഒരു മഹാജനതയുടെ പ്രതിനിധിപദത്തിൽ സ്ഥിതി ചെയ്യുന്നവനാകയാൽ കേവലം സമുദായഭൃത്യൻ ആകുന്നു.

രാമൻ—ഗുരുദേവ, അവിടുത്തെ ഈ വാക്കുകൾ എന്റെ ബുദ്ധിക്കു വിഷയമാകുന്നില്ല. അവിടുന്നു ആജ്ഞാപിക്കുന്നതുപോലെ ഒക്കെ ഞാൻ ചെയ്തുകൊള്ളാം. അത്രമാത്രമേ എനിക്ക് അറിയാവൂ.

വസിഷ്ഠൻ—രഘുവര, അത്രമതി. എന്നാൽ പോവുക. മഹാരാജാവേ, കർത്തവ്യത്തെ പാലിച്ചാലും. ബ്രാഹ്മണൻ ഇതിനേക്കാൾ നിഷ്ഠുരമായ എന്തെല്ലാം കർമ്മങ്ങൾ കർത്തവ്യപാലനത്തിനുവേണ്ടി ചെയ്തിരിക്കുന്നു. പരശുരാമൻ പിതാവിന്റെ ആജ്ഞ കൈക്കൊണ്ടു മാതൃഹത്യ ചെയ്തില്ലേ? എന്താ മാതൃഹത്യ പത്നീപരിത്യാഗത്തേക്കാൾ നിഷ്ഠുരമല്ലേ? രാഘവ! രാജഭക്തി അത്യന്തസുലഭമായ വസ്തുവല്ല. അതിനെ സമ്പാദിക്കുന്നതിനുവേണ്ടി കുറെഒക്കെ സ്വാർത്ഥത്യാഗം ചെയ്തേ മതിയാവൂ.

രാമൻ—ഭഗവൻ, അവിടുത്തേ ചരണധൂളി നല്കി എന്നെ അനുഗ്രഹിച്ചാലും.

വസിഷ്ഠൻ—വീര, നീ ഇക്ഷ്വാകുവംശത്തിനു മണിദീപമായി ഭവിക്കുക. അയോദ്ധ്യാധിപതിക്കു മംഗളം.

(പോകുന്നു)

---

ദൃശ്യം ൩

സ്ഥാനം—ഊൎമ്മിളയുടെ ഭവനം.

സമയം—രാത്രി.

(ലക്ഷ്മണനും ഊൎമ്മിളയും)

ഊൎമ്മിള—ആരു പറഞ്ഞു?

ലക്ഷ്മണൻ—രാമചന്ദ്രൻതന്നേ.

ഊൎമ്മിള—ഇതു വെറും മിഥ്യാപ്രലാപമാണു്. ഒരിക്കലും സംഭാവ്യമല്ല.

ലക്ഷ്മണൻ—ഊൎമ്മിളേ, അങ്ങനെയല്ല. ഇതു പരമാൎത്ഥമാണു്.

ഊൎമ്മിള—വാസ്തവമോ?

ലക്ഷ്മണൻ—അതേ, വാസ്തവംതന്നേ.

ഊൎമ്മിള—എന്താണു് കാരണം?

ലക്ഷ്മണൻ—കാരണം എനിക്കു് അറിവില്ല. പ്രജകൾ ജാനകീദേവിക്കു നിശ്വാസനദണ്ഡം കാംക്ഷിക്കുന്നു പോലും.

ഊൎമ്മിള—(ദീർഘശ്വാസംവിട്ടിട്ട്) ഹാ, അഭാഗിനി! ഹാ! പ്രിയസഹോദരി സീതേ,—രാമചന്ദ്രൻ ഈ പ്രതിജ്ഞയെ നിറവേററുമോ?

ലക്ഷ്മണൻ—രാമചന്ദ്രൻ പ്രതിജ്ഞയെ ഉല്ലംഘിച്ചതായി ആരു്, എപ്പോൾ കണ്ടിട്ടുണ്ടു്?

ഊർമ്മിള—അദ്ദേഹം ഇപ്പോൾ എവിടെ ഇരിക്കുന്നു?

ലക്ഷ്മണൻ—സ്വന്തമുറിയിൽ, വാതിലുകളെല്ലാം ബന്ധിച്ചു വെറും തറയിൽ, ശൂന്യദൃഷ്ടികളാൽ നിലത്തു നോക്കിക്കൊണ്ടിരിക്കുന്നു. രാജപരിവാരങ്ങൾക്കല്ലാതെ മററാൎക്കും അദ്ദേഹത്തിൻെറ സമീപത്തു പോവാൻ സാധിക്കയില്ല. ഊർമ്മിളേ, നീ ഒരു കാൎയ്യം ചെയ്യണം.

ഊൎമ്മിള—എന്താണു്?

ലക്ഷ്മണൻ—മഹാറാണിയെ ഈ വിവരം അറിവിക്കണം.

ഊൎമ്മിള—(ഞെട്ടിയിട്ടു്) ഞാനോ?

ലക്ഷ്മണൻ—പ്രിയതമേ, അയോദ്ധ്യാധിപതി ഇതിനേക്കാൾ കഠിനതരമായ ഒരു ഭാരമാണു് എന്നേ ചുമതലപ്പെടുത്തിയിരിക്കുന്നതു്. ഈ കൈകളാൽ ദേവിയുടെ നിൎവ്വാസദണ്ഡം നിൎവ്വഹിക്കണമത്രേ. ദേവിയെ കൊണ്ടുപോയി വാല്മീകിയുടെ ആശ്രമത്തിൽ തള്ളിയേച്ചു വരണമെന്നാണു രാജാജ്ഞ.

ഊൎമ്മിള—(ആലോചിച്ചിട്ടു്) അങ്ങനെയാണെങ്കിൽ ഞാൻ പ്രിയസോദരിയായസീതയുടെ അടുക്കലേക്കു പോകുന്നു.

ലക്ഷ്മണൻ—ഊൎമ്മിളേ, വളരെ സാവധാനമായും, കരുതലോടുകൂടിയും പതുക്കേ പതുക്കേ വേണം ഈ വാൎത്ത ദേവിയേ അറിവിക്കുന്നതു്.

ഊർമ്മിള—എനിക്കൊന്നും അറിഞ്ഞുകൂടാ. ഈ വർത്തമാനം കേട്ടാൽ ദേവി എന്തു പറയുമോ? അപ്പോൾ ദേവിയുടെ അവസ്ഥ എന്തായിരിക്കുമോ? സദാ സ്വാമിയുടെ വിയോഗത്തെ ശങ്കിച്ച് ഭയവിഹ്വലയായിട്ടാണ് ദേവി കഴിച്ചുകൂട്ടുന്നതു്. കഷ്ടം! അശനിപാതംപോലുള്ള ഈ കഠിനവാർത്ത കേൾക്കുന്ന മാത്രയിൽ, ഗ്രീഷ്മർത്തുവിലെ മാദ്ധ്യാഹ്നികവായുവിൻെറ സ്പർശമേൽക്കുന്ന കോമളവും നമ്രവുമായ മല്ലപ്പൂംകലികയുടെ ദശാവിശേഷം ദേവിക്ക് ഉണ്ടാകാതിരിക്കയില്ല.

ലക്ഷ്മണൻ—ദേവിയുടെ ഹൃദയത്തിനു കഠിനമായ ക്ഷതം തീർച്ചയായും ഉണ്ടാവും. പ്രിയതമേ, നീ നിൻെറ നിസ്സീമസ്നേഹധാരയാൽ ആ വേദനയുടെ കാഠിന്യത്തെ ശമിപ്പിക്കാൻ നോക്കണം.

---

## ദൃശ്യം ൪

സ്ഥാനം—രാജസഭ.

സമയം—പ്രഭാതം.

(സഭാവിസർജനാനന്തരം, രാമചന്ദ്രൻ സിംഹാസനത്തിൽ തനിച്ചു ഇരിക്കുന്നു.)

രാമൻ—ഇതാണോ രാജപദവി!? ഇതാണോ രാജശക്തി!? ഇതു സ്വർണ്ണംപൂശിയ ആയസശൃംഖലയാണു്; കാളകൂടം നിറഞ്ഞ കനകചഷകമാണു്. ഇതു് അന്തസ്സാരശൂന്യമായ മിഥ്യാഗൌരവം—പുണ്യവേഷം ധരിച്ച ഘോരപാപം ആകുന്നു. അഹോ! ഈ നിന്ദ്യപദവിയെ, കാംക്ഷിച്ചാണല്ലോ ലോകത്തിൽ മനുഷ്യർ, കൊല, കള്ളം, യുദ്ധം, വഞ്ചന മുതലായ ഘോരകൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു്. അന്യന്മാരുടെ ദാസ്യത്തിനു വേണ്ടിയോ ഈ മാതിരി കുചേഷ്ടിതങ്ങൾ? കഷ്ടം! ഭരതനെ ഈ ഇരുമ്പുചങ്ങല ധരിപ്പിക്കാൻ കൈകേയിഅമ്മ എന്തെല്ലാം കൌശലം പ്രയോഗിച്ചു. ഉന്നതമായ പർവ്വതത്തെ ദൂരത്തുനിന്നു നോക്കീട്ടു്, എല്ലാവരും അതിൻെറ ഔന്നത്യത്തിൽ അസൂയാലുക്കളായി ഭവിക്കുന്നു. എന്നാൽ ആ പർവ്വതമോ സാർത്ഥികളോടുകൂടാതെ, തനിച്ചു്, കഠിനവും ശുഷ്കവും ആയ ശിലാഭാരത്തെ പേറിക്കൊണ്ടു വലയുന്നു. വേനൽകാലത്തു, ഉണങ്ങിവരണ്ടും, ഹേമന്തത്തിൽ മഞ്ഞിനാൽ മൂടപ്പെട്ടും, വർഷകാലത്തു ചണ്ഡവാത്യയുടെ പ്രഹരമേററും കഷ്ടപ്പെടുന്നു.

അതിൻെറ ഏകാന്തനിശ്ശബ്ദമായ ഹൃദയത്തിൽനിന്നു ശിലകളേയും ഭേദിച്ചുകൊണ്ടു നിർഗ്ഗമിക്കുന്ന ഹാഹാ കാരം ആരു കേൾക്കുന്നു? അതു് ഏതു ശ്രേഷ്ഠഹൃദയ ത്തിൽനിന്നു് പുറപ്പെടുന്നോ അവിടെത്തന്നെ ലയിക്കു ന്നതേയുള്ളു—ഹാ! ഈ ജീവിതം, നിരന്തരമായ ക്ലേശം, ചിന്താഭാരം, ക്ഷീണം മുതലായവയാൽ പരി പൂർണ്ണമായിരിക്കുന്നു. മനുഷ്യജീവിതത്തിൽ അശാ ന്തിക്കു് അന്തമേ ഇല്ല. കഷ്ടം! ദയാമായകളെയും മമതാസ്നേഹാദികളേയും ത്യജിച്ചിട്ടു്, മരണപൎയ്യന്തം കേവലം ആശങ്കയുടേയും സന്ദേഹത്തിൻെറയും മുന്നിൽ സർവ്വദാ വർത്തിക്കേണ്ടിയിരിക്കുന്നു. ഏതു ദ്വാര ത്തിൽകൂടി അമംഗളം പ്രവേശിക്കാൻ പോകുന്നോ എന്നുള്ള ഭയം സദാപി മനുഷ്യനെ പീഡിപ്പിക്കുന്നു. അത്യന്ത ദരിദ്രനും നീചനേക്കാൾ നീചനുമായ ഒരു സാധാരണ പ്രജപോലും എന്നേക്കാൾ സുഖിത നാണു്. അവൻ നിത്യപരിശ്രമത്താൽ കൊററിനുള്ള വകയുണ്ടാക്കി സുഖമായി കാലക്ഷേപം ചെയ്യുന്നു. അവനു് ഈ മാതിരി പ്രാപഞ്ചികക്ലേശങ്ങളോ ദുർഘടങ്ങളോ ഉണ്ടാകുന്നുണ്ടോ? അവൻ അധ്വാനി ക്കുന്നു; തിരിച്ചു വീട്ടിൽ വരുന്നു; ഭക്ഷണം കഴിച്ചു് സുഖമായിക്കിടന്നുറങ്ങുന്നു. ശയിക്കുന്നതു് കഠിനമായ തറയിലാണെങ്കിലും, ക്ഷീണാധിക്യത്താൽ, അതു പട്ടിനെക്കാളും കോമളമായിട്ടേ അവനു തോന്നു. അവൻെറ ഹൃദയം ചിന്താശൂന്യമായിരിക്കുന്നു; ഗൃഹ ത്തിനുള്ളിൽ ചെന്നാൽ, ജായാപുത്രമിത്രാദികളുടെ പ്രേമത്തെ അനുഭവിക്കാനും അവനു സാധിക്കുന്നു.

അവൻെറ സ്നേഹം യോഗ്യപാത്രത്തിലൊ അയോഗ്യ പാത്രത്തിലൊ എന്ന് ആരും അന്വേഷിക്കുന്നില്ല. അവൻെറ ഈ അപരതന്ത്രത അത്യന്തം ധന്യവും പ്രാൎത്ഥനീയവും ആണെന്നുള്ളതിന് സന്ദേഹമുണ്ടോ? അഹോ! അത്യന്ത ദീനനായ കൃഷീവലൻെറ ജീവിതം എത്ര നിൎമ്മലവും പവിത്രവുമായിരിക്കുന്നു. അവൻെറ ചെറുകുടിലിൽദുൎഗ്ഗന്ധമയമായ ഈ ഗ്ലാനിയുടെ ഛായ പോലും പതിക്കുന്നില്ല. അവൻ തൻെറ ഹൃദയത്തിൽ നിന്ന് പ്രേമപവിത്രമായ പ്രിയഹാരത്തെ പൊട്ടിച്ചു ദൂരെ വലിച്ചെറിയാൻ ഒരിക്കലും അനുഗ്രഹിക്കുന്നുമില്ല. അഹോ! ഈ രാമൻ എത്ര കഠിനഹൃദയനും ഭാഗ്യ ഹീനനും ആണ്! ഈ രാജപദവിയെ പരിത്യജിച്ചിട്ടു ദൂരസ്ഥമായ വല്ല വനത്തിലേക്കും ഓടിപ്പോയെങ്കിൽ ശാന്തിനിൎഭരവും, പരിപാവനവും അനന്തവും നിസ്തുലവും അക്ഷയവും ആയ വിശ്രാമവിഭവത്തോടു കൂടി കാലം നയിക്കാമായിരുന്നു. അഹോ! രാജകൃത്യം എത്ര കഠിനം.

(ഭരതൻ പ്രവേശിക്കുന്നു.)

ഭരതൻ—മഹാരാജാവെ, ഇക്കേൾക്കുന്നതു എന്താണ്?

രാമൻ—ഈ വാൎത്ത ഇതിന്നിടയ്ക്കു നഗരം ഒട്ടുക്ക് വ്യാപിച്ചു കഴിഞ്ഞോ?

ഭരതൻ—ഇല്ല; മഹാരാജാവേ, രാജമന്ദിരത്തിൽ മാത്രമേ വ്യാപിച്ചിട്ടുള്ളു. എന്നാൽ കാൎയ്യം വാസ്തവം തന്നെയോ?

രാമൻ—പ്രിയസഹോദര, പരമാൎത്ഥമാണ്.

ഭരതൻ—അവിടുന്നു വേണ്ട കല്പനകൾ പുറപ്പെടുവിച്ചു കഴിഞ്ഞൊ?

രാമൻ—കഴിഞ്ഞു.

ഭരതൻ—ഒരിക്കലും സംഭാവ്യമല്ല. രഘുവീര, അവിടുന്നു് ധർമ്മനിഷ്ഠനും നീതിജ്ഞനും ബുദ്ധിമാനുമാണല്ലോ. അവിടുന്നു ഈ വിധം ചെയ്യുമോ? ഒരിക്കലും അങ്ങിനെ വരില്ല.

രാമൻ—അനിയ, ഞാൻ എന്തുപറയേണ്ടു! നിനക്കു സംഗതികളെല്ലാം അറിയാമല്ലോ. അയോദ്ധ്യയിലെ പ്രജകൾ സീതാപരിത്യാഗത്തെ കാംക്ഷിക്കുന്നു.

ഭരതൻ—മഹാരാജാവെ, പ്രജകൾ ഇച്ഛിക്കുന്നതെല്ലാം നല്കണമെന്നൊ? അയോദ്ധ്യയിലെ പ്രജകൾ ഇന്നു് ആവശ്യപ്പെട്ടാൽ അവിടുന്നു സരയൂപ്രവാഹത്തെ തടഞ്ഞു നിറുത്തുമോ? കൈലാസശിഖരത്തെ പിഴുതു കൊണ്ടുവരുമോ? മഹേശപരമൂർത്തിയെ എടുത്തു മണ്ണിൽ വലിച്ചെറിയുമൊ? അഥവാ അയോദ്ധ്യാനിവാസികൾ കാംക്ഷിക്കുന്നപക്ഷം അവിടുന്നു് നഗരംതോറും നടന്നു് സകല ഹർമ്മ്യങ്ങളേയും, ദേവാലയങ്ങളേയും, അടിച്ചുനിരത്തുകയും, ഗ്രാമങ്ങൾക്കു കൊള്ളിവയ്ക്കുയും ചെയ്യുമോ? പ്രജകൾ ഇച്ഛിക്കുന്നതായാൽ ഈ ചരാചരാത്മകമായ വിശ്വത്തെ അരാജകമായ ജനപദമെന്നോണം ഹാഹാകാരധ്വനിയാൽ മുഖരിതമാക്കിത്തീർക്കുമോ? അവിടുന്നു് ബന്ധു, മിത്രം, സഹോദരൻ, ഭാര്യ, മാതാവു് ഇവരുടെയൊക്കെ ശിരശ്ഛേദം ചെയ്തുകളയണമെന്നാണു് പ്രജകളുടെ അഭിലാഷമെന്നിരിക്കട്ടെ.

അവിടുന്നു് അങ്ങനെ ചെയ്യുമോ? ഇന്നു് ഇവിടെ—ഈ അയോദ്ധ്യാരാജ്യത്തു്—ഇങ്ങനെ ഒരു രാജ്യനീതി പരത്തേണ്ടകാലമായോ? അഹാ! പവിത്രതാമൂർത്തിയായ സീതാദേവിയെവിടെ? നായ്ക്കൾക്കു തുല്യരായ അയോദ്ധ്യാനിവാസികൾ എവിടെ? സുദൂരമായ നീലാകാശത്തിൽ അത്യുജ്ജ്വലം തിളങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളുടെ ശോഭ എവിടെ? ചെളിയിൽ കിടന്നു പുളയുന്ന നിന്ദ്യാകീടങ്ങൾ എവിടെ?

രാമൻ—പ്രാണപ്രിയനായ സഹോദര! ഞാൻ എന്തു പറയട്ടേ! വേറൊരു മാർഗ്ഗവും ഇല്ല. ഭരത, ഇതു് കുലഗുരുവായ വസിഷ്ഠൻെറ ആജ്ഞയാണു്.

ഭരതൻ—ഓഹോ! മനസ്സിലായി. ആ നരച്ചുകുരച്ച താടിക്കാരൻെറ—കാട്ടിൽച്ചെന്നു തപസ്സു ചെയ്തുചെയ്തു് പ്രേമത്തിൻേറയും സ്നേഹത്തിൻേറയും സരസവ്യാപാരങ്ങളെല്ലാം ശോഷിപ്പിച്ചുകളഞ്ഞ വസിഷ്ഠൻെറ—കല്പനയാണിതു്. നല്ല കഥയായി. ദയാമായകളൊന്നും കൂടാതെ നിർല്ലിപ്തനായിരിക്കുന്ന—ഉണങ്ങിവറണ്ട കൃശനായ—വസിഷ്ഠനു പ്രേമത്തിൻെറ പവിത്രഭാവത്തേപ്പററി എന്തറിയാം? അന്ധചിന്തകളിൽ ആണ്ടുകിടക്കുന്ന വസിഷ്ഠനുണ്ടോ ഒരുരമണിയുടെപ്രേമത്തിനു് എത്രമാത്രം ഹൃദയസാന്ത്വനശക്തിയുണ്ടെന്നു് അറിയുന്നു? അദ്ദേഹം ഒരു സതീരത്നത്തിൻെറ ഗംഭീരവും കോമളവും ആയ ഹൃദയത്തിലെ കഥ ഗ്രഹിക്കുന്നതെങ്ങനെ? മഹാരാജാവേ, അവിടുന്നു് ബ്രാഹ്മണനായ വസിഷ്ഠൻെറ വാക്കുകേട്ടു്, ഈ അമൂല്യസ്ത്രീരത്നത്തെ

മണ്ണിൽ വലിച്ചെറിഞ്ഞുകളയാൻ പോകയാണോ? രഘുവരനായ അവിടുന്നു് പരമസാധ്വിയായ ഒരു സ്ത്രീരത്നത്തോടു് ഇങ്ങനെ പ്രവൎത്തിച്ചാൽ പിന്നെ, സ്ത്രീജനങ്ങളെ ലോകത്തിൽ ആരു സമ്മാനിക്കും? വീടു തോറും ദുർബലകളും സഹനശീലകളും ആയ രമണികളുടെ മൃദുലഹൃദയങ്ങൾ പുരുഷന്മാരുടെ ക്രീഡോപകരണങ്ങളായിത്തീരും; നാരിമാരുടെ മനഃപീഡകൾ ഭൎത്താക്കന്മാരുടെ ഉപഹാസത്തിനുള്ള സാധനങ്ങളായി ഭവിക്കും; ഭാരതഖണ്ഡത്തിലേ ഓരോരോ ദേശങ്ങളിലുള്ള ഓരോരോ ഗൃഹത്തിലും അബലകളോടു് അവരുടെ പതികൾക്കുള്ള കൎത്തവ്യം ശിഥിലമായ്പ്പോകും.

രാമൻ—പ്രിയസഹോദര, ഈ യുക്തികൾ എല്ലാം വ്യൎത്ഥമാണു്. ഞാൻ എന്റെ കൎത്തവ്യം എന്താണെന്നു് തീൎച്ചപ്പെടുത്തിക്കഴിഞ്ഞു. ആ നിശ്ചയത്തിൽ നിന്നു് ഞാൻ ഒരിക്കലും വ്യതിചലിക്കയില്ല.

ഭരതൻ—(നിമിഷനേരത്തേയ്ക്കു് മിണ്ടാതിരുന്നിട്ടു്) അവിടുത്തെ സങ്കല്പം അങ്ങനെയാണെങ്കിൽ, അയോദ്ധ്യയുടെ ദുൎദ്ദിനം ഉപസ്ഥിതമായി; അല്ലാതെ ഞാൻ എന്തു പറയേണ്ടു? അയോദ്ധ്യയിലെ മഹാരാജാവിന്റെ നിശ്ചയം ഇങ്ങനെയാണെങ്കിൽ, ഞാൻ ഇനി അരക്ഷണം പോലും അയോദ്ധ്യയിൽ താമസിക്കയില്ലെന്നാണു് എന്റെയും നിശ്ചയം. ഇത്തരം നിഷ്ഠുരകൎമ്മങ്ങളുടെ സാക്ഷ്യം വഹിക്കുന്നതിനുള്ള ദൌർഭാഗ്യം ഒരിക്കലും ഉണ്ടാവാത്ത—സാധ്വീജനങ്ങൾക്കു് ഈ മാതിരി അപമാനം ഒരു കാലത്തും ഉണ്ടാവാൻ ഇടയില്ലാത്ത— ന്യായത്തിന്റേയും നീതിയുടേയും വിപ്ലവം സംഭവി

ക്കാൻ തരമില്ലാത്ത—ഇങ്ങനെയുള്ള അരാജകതയും അവിചാരവും തീണ്ടുകപോലും ചെയ്യാത്ത—ദൂരദേശസ്ഥവും വനമദ്ധ്യഗതവും ആയ വല്ല ഗ്രാമത്തിലും പോയി ഞാൻ പാൎത്തുകൊള്ളാം. ഈ രാജ്യത്തേയും ഈ പുരത്തേയും ഞാൻ ഉപേക്ഷിക്കുന്നു.

(എന്നു പോവുന്നു)

രാമൻ—ഭരത, ഭരത, നീയും ഇത്ര നിഷ്ഠുരനായിപ്പോയോ?

(ശാന്ത പ്രവേശിക്കുന്നു)

ശാന്ത—മഹാരാജാവേ, ഞാൻ ഇവിടെ സന്നിഹിതയായതിനേയും, സ്ത്രീയായ എന്റെ ഈ അനധികാരചർച്ചയേയും ക്ഷമിക്കണം. ഇന്നു കേട്ടതായ വൎത്തമാനം എന്റെ ഹൃദയത്തെ പിളൎക്കുന്നതിനാലാണു് ഞാൻ ഈ വിധം അന്തഃപുരം വിട്ടു്, സ്ത്രീജാതിക്കു് സഹജമായുള്ള ലജ്ജയേയും ഭയത്തേയും കൈവെടിഞ്ഞു്, ഇവിടെ വരാൻ ഇടയായതു്. മഹാരാജാവേ, ക്ഷമിച്ചാലും. അന്തഃപുരത്തിൽ കേട്ട വൎത്തമാനം ശരിതന്നെയോ?

രാമൻ—അതേ; ശരിതന്നെ.

ശാന്ത—എന്തു്? ശരിയാണെന്നോ? എന്തൊരു അത്ഭുതം! രാമചന്ദ്ര, ഇതു പറയുമ്പോൾ അവിടുത്തെ കണ്ണാസാരം അല്പം ഇടറുകപോലും ചെയ്യുന്നില്ലല്ലോ—രഘുവര! കണ്ണിൽനിന്നു് അല്പംപോലും കണ്ണീരും പൊഴിയുന്നില്ലല്ലോ.

രാമൻ—സഹോദരി, കേട്ടാലും. രാജ്യത്തിൽ ശാന്തിയുണ്ടാകുന്നതിനു് സീതാപരിത്യാഗം അപേക്ഷിതമായിരിക്കുന്നു.

ശാന്ത—രാജ്യത്തിൽ ശാന്തിയുണ്ടാവാൻ സീത വനവാസം ചെയ്യണമെന്നോ? രാമചന്ദ്ര, എന്താണു് ഇതിൻെറ അർത്ഥം? നല്ലനേരംപോക്കു്! ശാന്തിരക്ഷാർത്ഥം സീതാപരിത്യാഗം! ഇതു് ആരു പറഞ്ഞുതന്നു? അവിടുത്തെ കർണ്ണരന്ധ്രങ്ങളിൽ ആരാണു് ഈ വിഷം ഒഴിച്ചുതന്നതു്? അവിടുത്തെ വാമഭാഗത്തിൽ വേറെ ആരെയെങ്കിലും ഇരുത്തണമെന്നുള്ള ഗൂഢാഭിലാഷത്തോടുകൂടി ഇതു ആരു് ഉപദേശിച്ചുതന്നു? ഇതു് ഒരു ഒന്നാന്തരം കടംകഥതന്നെ. മഹാറാണിയായ സീത രാജ്യത്തിൽ എന്നു മുതല്ക്കു് അശാന്തി പരത്തിത്തുടങ്ങി? സീത അശാന്തിശിഖയോ? ദേവിഅതിദൂരത്തു രാജമന്ദിരത്തിൻെറ അന്തഃപുരത്തിൽ തനിച്ചിരുന്നു് ആരും അറിയാതെ വിദ്രോഹത്തിനുള്ള ഷഡ്യന്ത്രങ്ങൾരചിച്ചുകൊണ്ടിരിക്കയായിരിക്കാം. അല്ലേ? രാമചന്ദ്ര, പറയൂ, പറയൂ, ഞാൻ മൂർഖയായ ഒരു സ്ത്രീ. രാജനീതിയും മററും അറിയാൻ പാടില്ലാത്തതുകൊണ്ടു് ചോദിക്കുന്നതാണു്.

രാമൻ—സോദരി, ഈ വ്യംഗ്യഭാഷണം മതിയാക്കൂ. കേട്ടാലും, ഇപ്പോൾ അയോദ്ധ്യയിലെ പ്രജകൾ ഏകകണ്ഠമായി സീതാനിർവ്വാസനേച്ഛ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു.

ശാന്ത—ഇത്രേയുള്ളോ? സീതയുടെ എന്താണു് അപരാധം ഞാനൊന്നു കേൾക്കട്ടേ.

രാമ—അതു് എന്നാൽ പറവാൻ സാധിക്കയില്ല. സഹോദരി! നിങ്ങളുടെ മുമ്പിൽ വെച്ചു ഞാൻ ഏതു മുഖം കൊണ്ടു പറയും? ആ നിന്ദ്യവാർത്ത നിങ്ങൾക്കു കേൾക്കാൻ യോഗ്യമല്ല.

ശാന്ത—എങ്കിലും ഞാൻകൂടി കേൾക്കട്ടേ. അവർ സീതയിൽ എന്തു ദോഷമാണു കണ്ടുപിടിച്ചതു്? അതു കേട്ടാൽ ഞാനും കളങ്കത്തിൽ പങ്കകാരിയാകുമെങ്കിൽ ആയിക്കൊള്ളട്ടെ. എനിക്കു കേട്ടേ മതിയാവൂ. എന്നോടു പറയണമെന്നു ഞാൻ വീണ്ടും വീണ്ടും പ്രാൎത്ഥിക്കുന്നു. സീതയ്ക്കു എന്താണു ദോഷം?

രാമ—സീത അസതിയാണെന്നു പ്രജകൾ പറയുന്നു.

ശാന്ത—(ഒന്നു ഞെട്ടിയിട്ടു്)ജാനകി അസതിയാണെന്നോ!! മഹാരാജാവേ, പരമാൎത്ഥം തന്നെയോ? ആളുകൾ ഇങ്ങനെ പറയുന്നോ? അവൎക്കു പിച്ചായിരിക്കണം. അവർ ഉന്മത്തരായിരിക്കണം. ഏതൊരു നിപുണനായ സൽഗുണരാശിയാണു് ഈ അപവാദം കെട്ടിച്ചമച്ചതു്? ഇതു കേട്ടിട്ടു്, കരയണോ ചിരിക്കണോ എന്നു എനിക്കു മനസ്സിലാകുന്നില്ല. സഹോദരാ! ക്ഷമിക്കണം. ഇതു വെറും നേരംപോക്കായിരിക്കണം. ഞാൻ ഉണൎന്നിരിക്കുന്നോ അതോ, ഉറങ്ങുകയാണോ? ഞാൻ സ്വപ്നം കാണുകയല്ലേ? ജാനകി അസതിയോ? ഇനി വേറെ വല്ലതും പറയാനുണ്ടോ? അങ്ങു് ഇതു പറഞ്ഞോ? അതോ എന്റെ ഭ്രമമാണോ? സൂൎയ്യൻ പടിഞ്ഞാറുദിച്ചു് കിഴക്കു അസ്തമിക്കുന്നു എന്നു പറയുക; മിന്നൽപിണരിന്റെ ഉൽപത്തിഭൂമിയിലാണെന്നു പറയുക; കമലം കുത്സിതപുഷ്പമാണെന്നും ചന്ദ്രമാവ് ജ്വലിക്കുന്നുവെന്നും, അഗ്നി ശീതളമാണെന്നും പറയുക; വായു സ്ഥിരമാണെന്നും, പൎവ്വതം ചഞ്ചലമാണെന്നും, ജലം കഠിനമാണെന്നും പറയുക; ശ്വേതം ശ്വേതമല്ലെന്നും, നീലം നീലമല്ലെന്നും പറയുക.

എന്നാലും മഹാരാജാവേ, സതീത്വത്തിന്റെ നാമം സീത എന്നാണെന്നു് എനിക്കു് നല്ലപോലെ അറിയാം. പ്രാതഃകാലത്തിൽ വിടന്ന പുഷ്പംപോലെ നിർമ്മലയും നക്ഷത്രത്തിനു തുല്യം പവിത്രയും, സദാ പതിയുടെ ധ്യാനത്തിൽ നിമഗ്നയും ആയ സീത അസതിയാണു പോലും. രഘുവര, ഇന്നു അവിടുന്നു് എന്തു ഭ്രമത്തിൽപ്പെട്ടു് ഉഴലുന്നുവെന്നു എനിക്കറിഞ്ഞു കൂടാ. അവിടുന്നു ഈ മിഥ്യാപവാദത്തെ വിശ്വസിച്ചോ? മഹാരാജാവേ, രാജ്യകാര്യങ്ങളിൽ തല യിടുന്നതു് സ്ത്രീകളുടെ ചുമതലയല്ലെന്നു എനിക്കു നല്ല പോലെ അറിയാം. പ്രശ്നങ്ങൾ ചെയ്കയും, തർക്കി ക്കയും മററും ചെയ്യുന്നതു് സ്ത്രീജാതിക്കു അനുചിത മാണു്. ഭൂദേവിയെപ്പോലെ ധീരഭാവത്തിൽ സർവ്വ ത്തേയും മിണ്ടാതെ സഹിച്ചുകൊണ്ടിരിക്കയാണു് സ്ത്രീധർമ്മം. എന്നും അവളെപ്പററി ലോകത്തിൽ മിഥ്യാ പവാദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും; എന്നാൽ അവ യെ ശ്രദ്ധിക്കുന്നതു് അവളുടെ ജോലി അല്ല. വിരുദ്ധ പക്ഷീയരിൽ നിന്നുണ്ടാകുന്ന കഠിനക്ഷതങ്ങളെ സഹിക്ക മാത്രമാണു് അവൾക്കുള്ള കർത്തവ്യം. കേവലം സേവ, സ്നേഹം, ഭക്തി ഇവയാണു സ്ത്രീജാതിയുടെ ചുമതല. അവയ്ക്കു പകരം പ്രേമം ലഭിക്കട്ടെ, ലഭിക്കാ തിരിക്കട്ടെ, അവർ ഉത്സാഹമതിയായി സ്മിതരുചി തൂകിക്കൊണ്ടു സർവ്വജീവിത സുഖത്തേയും പതിയുടെ ചരണാരവിന്ദങ്ങളിൽ സമർപ്പിക്കുന്നു. അവൾക്കു വേറൊരു ലക്ഷ്യവും ഇല്ല. സ്ത്രീഹൃദയത്തിനു വളരെ ഒക്കെ സഹിക്കാൻ കഴിയും. എന്നാൽ ആ സഹന

ശക്തിക്കും ഒരു സീമയുണ്ടു്. ഭർത്തൃചരണങ്ങളിൽ സൌഹൃദയത്തെ അർപ്പിച്ചതിനു പകരമായി, അവളുടെ നെഞ്ചിൽ അടിക്കയും പ്രേമത്തിനു പകരം നിശ്ശ്വാസബന്ധം നൽകയും, ദയയ്ക്കുപകരം വയററിൽ ശൂലം തറയ്ക്കയും, വിശ്വാസത്തിനുപകരം കൃതഘ്നത കാണിക്കയും ചെയ്താൽ അവർ സഹിക്കുമെന്നോ? മഹാരാജാവേ, ഈ പ്രപഞ്ചത്തിൽ സ്ത്രീജീവിതത്തിനു സഹനം ഒന്നു മാത്രമെ വിധിക്കപ്പെട്ടിട്ടുള്ളുവെങ്കിൽ ഈ നിമിഷത്തിൽ തന്നെ ഭൂലോകത്തിൽനിന്നു നാരീജാതി മാഞ്ഞുപോകട്ടെ!—അവളുടെ പേരുപോലും ഇല്ലാതാവട്ടേ!

(കൌസല്യ പ്രവേശിക്കുന്നു)

കൌസല്യ—മകനേ, രാമ!

രാമൻ—അമ്മേ, എന്താണു് ഇങ്ങോട്ടു വന്നതു്?

കൌസല്യ—ആ ദാരുണമായ വാർത്തകേട്ടുശേഷം അന്തഃപുരത്തിൽ ഞാൻ എങ്ങിനെ അടങ്ങിയിരിക്കും? പ്രാണപ്രിയനായ പുത്ര, രാമ, നീ രാജ്യവധുവും രാജ്യലക്ഷ്മിയുമായ സീതയെ പരിത്യജിക്കാൻ പോകുന്നു എന്നു കേട്ടതു് പരമാർത്ഥമാണോ? നീ അവളെ വനത്തിൽ തള്ളിക്കളയുമോ?

രാമൻ—അമ്മേ, പരമാർത്ഥംതന്നെ.

കൌസല്യ—ഈ വാർത്ത ഞാൻ എങ്ങനെ വിശ്വസിക്കും? നീ ന്യായനിഷ്ഠനാണെന്നു് പ്രസിദ്ധമാണല്ലോ. സീത നിന്റെ പ്രാണാധിക പ്രേയസിയാണെന്നും എനിക്കു നല്ലപോലെ അറിയാം. രാജപുത്രിയും, രാജവധുവും

രാജപത്നിയും ആയ സീത—ഹാ—എത്ര അഭാഗിനി! എൻെറ ഗൃഹത്തിൽ കാലെടുത്തുവച്ച നാംമുതൽക്കു അവൾ സുഖം എന്തെന്നു് അറിഞ്ഞിട്ടില്ല. ഒടുവിൽ നീയും അവളോടു ഇങ്ങനെ വിമുഖനായ്ഭവിച്ചോ? നീയും അവളെ കൈവെടിഞ്ഞോ? മകനേ, രാമ, കേൾക്കൂ.

രാമൻ—അമ്മേ, നിങ്ങളും—

കൌസല്യ—മകനേ, രാമ, ഞാൻ പറയുന്നതു കേൾക്കൂ. എൻെറ പ്രാണാധികപ്രിയനായ പുത്രനല്ലേ? എൻെറ വാക്കു നീ തള്ളിക്കളയരുതു്. നീ അറിവില്ലാത്തവനല്ലല്ലോ. ഈ നിശ്ചയത്തെ നീ വിട്ടുകളയണമെന്നു് ഞാൻ പ്രാർത്ഥിക്കുന്നു.

രാമൻ—അമ്മേ, എന്നെ നിർബ്ബന്ധിക്കരുതേ. എനിക്കു ഈ വിഷയത്തിൽ അമ്മയുടെ വാക്കുകളെ കൈക്കൊള്ളുന്നതിനു സാധിക്കയില്ല.

കൌസല്യ—ജഗദീശ്വരനാണെ എൻെറ ഈ തനുവിൽ ജീവൻ ഇരിക്കുന്നിടത്തോളം കാലം ഞാൻ നിന്നെ അങ്ങനെ ചെയ്വാൻ അനുവദിക്കയില്ല. ഒരിക്കലും അങ്ങനെ ചെയ്തുകൂടാ.

രാമൻ—അഹോ! ഇതെന്തൊരു വിഡംബനം! നിന്ദ

കൌസല്യ—നീ നീതിജ്ഞനും ധർമ്മനിഷ്ഠനും ആണെന്നു് പ്രസിദ്ധനായിട്ടും—

രാമൻ—അമ്മേ, ഇതു് വസിഷ്ഠമഹർഷിയുടെ ആജ്ഞയാണെന്നു് അമ്മ ധരിച്ചിട്ടില്ലായിരിക്കാം.

കൌസല്യ—വസിഷ്ഠന്റെ ആജ്ഞ ആയിക്കൊള്ളട്ടേ. അതിനെന്തു്? ധർമ്മത്തിനുവിപരീതമായ ഈ ആജ്ഞയേ പാലിച്ചിട്ടു കാൎയ്യമില്ല. ഇതു വലിയ കഠിനക്കൈയാണു്; അന്യായമാണു്. ഒരിക്കലും ചെയ്യരുതു്.

രാമൻ—ഞാൻ പ്രതിജ്ഞ ചെയ്തുപോയി—

കൌസല്യ—ഈ ഉന്മത്തവും ആത്മഘാതവുമായ പാപകൎമ്മം നിന്നേക്കൊണ്ടു് ചെയ്യിക്കയില്ലെന്നു ഞാനും പ്രതിജ്ഞ ചെയ്തുപോയി.

രാമൻ—അമ്മേ, നല്ലപോലെ ഒന്നു് ആലോചിച്ചുനോക്കൂ.

കൌസല്യ—ഞാൻ നല്ലപോലെ ആലോചിച്ചു കഴിഞ്ഞു. ഈ കഠിനകൎമ്മം ചെയ്യാൻ ഞാൻ അനുവദിക്കയില്ല. ഗുരുവിന്റെ ആജ്ഞ മാതാവിന്റെ ആജ്ഞയേക്കാൾ മാനനീയമാണെന്നു് ആരു് എവിടെ പറഞ്ഞിരിക്കുന്നു? രാമ, ആലോചിച്ചുനോക്കൂ. പത്തുമാസം ജഠരത്തിൽ നിന്നെ വഹിച്ചുകൊണ്ടിരുന്നതു് ആരു്? ശബ്ദോച്ചാരണം ചെയ്യുന്നതിനു് ആദ്യമായി നിന്നെ പഠിപ്പിച്ചതും ആരു്? അഹോരാത്രം മാറോടുചേൎത്തു പിടിച്ചുകൊണ്ടു് ആരു നിന്നെ പാലിച്ചു? ഗുരുവോ മാതാവോ? മാതാവിന്റെ ആജ്ഞാനുസരണം ഒരു പ്രാവശ്യം ഗുർവ്വാജ്ഞ ലംഘിക്കുന്നതുകൊണ്ടു് പാപമൊന്നും വരാനില്ല. ഈ ജീവിതദശയിൽ ഞാൻ മുമ്പും പിമ്പും നിന്നോടു് ഇതൊന്നുമാത്രമേ യാചിച്ചിട്ടുള്ളൂ. ഗുരുവിന്റെ ആജ്ഞ ഇതിനേക്കാൾ വലുതോ? നോക്കൂ ഇതാ, നിന്റെ മാതാവായ ഞാൻ ഇന്നു് സീതയ്ക്കുവേണ്ടി നിന്നോടു ഭിക്ഷ യാചിക്കുന്നു. നീ തരികയില്ലേ?

രാമൻ—അമ്മേ, അമ്മേ, എന്താണ് അമ്മ ചെയ്യുന്നതു്? അമ്മ നിലത്തു മുട്ടുകുത്തി ഭിക്ഷാപ്രാൎത്ഥന ചെയ്യുന്നു? ഞാനോ സിംഹാസനത്തിൽ വലിയ ജ്ഞാനിയേപ്പോലെ ഇരുന്നു് ഞെളിയുന്നു. എന്തൊരു കഥ! എൻെറ പ്രിയജനനി കണ്ണീർപൊഴിച്ച് ദീനഭാവത്തിൽ എന്നോടു് ഭിക്ഷ തേടുമ്പോൾ ഞാൻ ഇല്ലെന്നു പറകയോ? ഒരിക്കലും സാധിക്കയില്ല. അമ്മേ, അമ്മയുടെ ഇച്ഛ സഫലമാകട്ടെ. എൻെറ പൂജനീയയായ മാതാവു്, മലിനവും ധൂസരവുമായ വേഷത്തിൽ, ബാഷ്പാകുലലക്ഷനയായി, മുട്ടുകുത്തി പ്രാൎത്ഥിക്കവേ, സിംഹാസനത്തിൽ ഇരുന്നുകൊണ്ടു് 'ഇല്ല, പൊയ്ക്കൊള്ളൂ' എന്നു പറയാൻ ഞാൻ അത്ര അധമനായോ? ഒരിക്കലും ഇല്ല. എൻെറ പ്രിയമാതാവെ, സത്യം നഷ്ടമാവട്ടെ; പ്രതിജ്ഞ ഭ്രഷ്ടമാവട്ടെ; ലക്ഷ്മരാമന്മാർ കഷ്ടസ്ഥിതിയിലാവട്ടെ! എന്നാലും അമ്മയുടെ ഇച്ഛയെ ഞാൻ പൂരിപ്പിക്കുമെന്നു് ഞാൻ സ്പഷ്ടമായ ശബ്ദത്താൽ വീണ്ടും വീണ്ടും പറയുന്നു.

കൌസല്യ—(പ്രസന്നയായിട്ടു്) പ്രാണാധികപുത്ര, നീ ആയുഷ്മാനായി വാഴുക. മകനേ, ഞാൻ എന്തു പറയേണ്ടു? ഈ അമൂല്യരത്നമായ ജാനകിക്കു സദാകാലം നീ നിൻെറ ഹൃദയത്തിൽ സ്ഥാനം നല്കട്ടെ, എന്നു് വൃദ്ധയായ ഈ കൌസല്യ ആശീൎവദിക്കുന്നു.

ശാന്ത—ഞാനും പോകുന്നു. ഈ ശുഭസമാചാരത്തെ അന്തഃപുരത്തിൽ അറിയിച്ചു്, എല്ലാവൎക്കും മനസ്സമാധാനം വരുത്തട്ടെ.

(കൌസല്യയും ശാന്തയും പോകുന്നു)

രാമൻ—എല്ലാവരുടെയും അഗ്രഹം സാധിച്ചു. ഇനി നിങ്ങൾ പോകുവിൻ; രാമനെ തനിച്ചു വിട്ടിട്ടു പോകുവിൻ. (എല്ലാവരും പോയെന്നു കണ്ടിട്ട്) നോക്കട്ടെ, ആലോചിച്ചു നോക്കട്ടെ. ഞാൻ എന്താണു ചെയ്തത്?—സത്യത്തെ--പ്രതിജ്ഞയെ--ഞാൻ ദൂരത്തു വലിച്ചെറിഞ്ഞു കളഞ്ഞു. നോക്കട്ടെ, ഞാൻ ചെയ്തതെന്താണെന്നു നോക്കട്ടെ. ഗുരുവിൻെറ മുമ്പിൽ വെച്ച് ചെയ്ത വാഗ്ദാനത്തെ ഞാൻ ഉല്ലംഘിച്ചു. രാമരാജാവ്—രഘുവംശജനായ ഈ രാമരാജാവ് സത്യത്തെകൈവിട്ടു--പ്രതിജ്ഞയെ ലംഘിച്ചു--എന്ന് അതിവേഗത്തിൽ ലോകത്തിൽ എല്ലാവരും ഗ്രഹിക്കും. രാമൻ തൻെറ പ്രതിജ്ഞയെ ലംഘിച്ചവനാണെന്ന് അതിദൂരഭവിഷ്യൽകാലത്തിലെ സൂര്യവംശീയബാലകന്മാർപോലും പറഞ്ഞു് ആയിരം തവണ എന്നെ പുച്ഛിക്കും; സത്യപരിപാലനത്തിനു വേണ്ടി സ്വജീവനെപ്പോലും ഉപേക്ഷിച്ച ദശരഥൻെറ പുത്രൻ സത്യലംഘനം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു ലോകം എന്നെ നോക്കിച്ചിരിക്കും; സ്വർഗ്ഗത്തിൽ ദേവഗണം എന്നെ കാണുമ്പോൾ മുഖം തിരിച്ചുകളയും; ലജ്ജയാൽ അവരുടെ മുഖം അരുണവർണ്ണമായിത്തീരും. ഹാ! സ്വർഗ്ഗീയദേവതകളെ, സത്യലംഘകനായ ഈ രാമനെ രക്ഷിക്കണേ! രക്ഷിക്കണേ!

(മുട്ടുകുത്തി പ്രാർത്ഥിക്കുന്നു)

(സീത പ്രവേശിക്കുന്നു)

സീത—പ്രാണേശ്വരാ.

രാമൻ—പ്രിയതമേ.

സീത—ഇതെന്താണ്? പ്രിയതമ, അങ്ങയുടെ മുഖം ഇന്നു വിളറിയിരിക്കുന്നു; ശരീരം വിറയ്ക്കുന്നു; അവിടുന്ന് വെറും തറയിൽ ഇരിക്കുന്നു. ഈ ഭാവഭേദത്തിനു കാരണമെന്ത്? പ്രാണനാഥ, എഴുന്നേല്ക്കുക.

രാമൻ—സതീ, എന്നെ തൊടരുതേ, നീ പുണ്യവതിയും ഞാൻ പാപിയും ആണ്. ഞാൻ ചെയ്ത പാപത്തിനു അതിരില്ല. ഞാൻ നിമിത്തം ഇക്ഷ്വാകുവംശംപോലും പാപപങ്കിലമായിരിക്കുന്നു.

സീത—സ്വാമി, ഞാൻ എല്ലാം കേട്ടുകഴിഞ്ഞു. പ്രാണേശ്വര, എഴുന്നേല്ക്കൂ. എൻെറ ഹൃദയസർവ്വസ്വമേ, അങ്ങ് അരുളിച്ചെയ്തതു സംഭാവ്യമോ? ഈ സീത നിമിത്തം അങ്ങു വ്യർത്ഥമായ ദുഃഖം അനുഭവിക്കയോ? എഴുന്നേല്ക്കുക. അങ്ങയുടെ യശസ്സും പുണ്യവും ലോകാവസാനംവരെ അഖണ്ഡിതവും അക്ഷുണ്ണവും ആയിരിക്കും. പ്രഭോ! അങ്ങ് പിതാവിൻെറ സത്യത്തെ രക്ഷിച്ചു; ഞാൻ പതിയുടെ സത്യത്തെരക്ഷിക്കുന്നുണ്ട്. സീത നിമിത്തം അങ്ങയുടെ പാവനമായ യശസ്സിന് ഒരിക്കലും മാലിന്യം വരാൻ ഇടവരികയില്ല. എൻെറ യശസ്വിയായ പ്രാണനാഥ, എഴുന്നേററാലും! ഈ സീത ഇരിക്കുമ്പോൾ, അങ്ങയെ ചിന്താപരവശനും ഉദ്വിഗ്നമനസ്കനും ആവാൻ ഇടവരുത്തുകയില്ല. സീത അങ്ങയുടെ സുഖത്തിനു ഒരു വിഘ്നമാവുകയോ? അങ്ങു സകല ചിന്തകളേയും ഉപേക്ഷിച്ചാലും! ഞാൻ അയോദ്ധ്യാപുരി വിട്ടു വനത്തിലേയ്ക്കു പോകുന്നു.

രാമൻ—ഇനിയും പാപിയായ പ്രാണൻ ഈ ഹൃദയത്തിൽ നിന്നു പോകുന്നില്ലല്ലോ. ഞാൻ എന്തൊരു രാക്ഷസൻ എന്തൊരു പാഷാണഹൃദയൻ!

സീത—നാഥ, എഴുന്നേല്ക്കുക. അങ്ങയുടെ മുഖത്തു് മനോഹരമായ ഒരു സ്മിത രേഖ കണ്ടിട്ടുപോയാൽ കൊള്ളാമെന്നു് ഒരു അഭിലാഷമേ എനിക്കുള്ളു.

രാമൻ—എന്തു്? ഒരു ചണ്ഡവാത്യയോ? നേത്രങ്ങൾക്കു മുമ്പിൽ നിബിഡമായ അന്ധകാരം വ്യാപിക്കുന്നു! ഹൃദയത്തിനുള്ളിൽ സമുദ്രം കലങ്ങി മറിയുന്നോ? സീതേ, നീ എവിടെ? സീതേ! സീതേ!

സീത—(രാമനെ ആശ്ലേഷിച്ചു കൊണ്ടു്) പ്രാണേശ്വര!

(കർട്ടൻ പതിക്കുന്നു)

---

# മൂന്നാം അങ്കം

---

## ദൃശ്യം ൧

സ്ഥാനം—വാല്മീകിയുടെ തപോവനം

സമയം—തൃതീയയാമം

(സീതയും വാസന്തിയും)

(ദൂരത്തു് ബാലികാബാലന്മാർ സാഞ്ജലിബന്ധം ഈശ്വരസ്തുതി ചെയ്യുന്നു.)

ബാ—ഹേ! അസീമവ്യോമവിഹാരിയായ ബ്രഹ്മൻ, ഈ അനന്തമായ ബ്രഹ്മാണ്ഡം നിന്റെ ഖണ്ഡരൂപമത്രേ. ഹേ! മഹാശക്തിമയ, ഈ മഹാശൂന്യം അവ്യയവും അക്ഷയവും ആയ നിന്റെ ജ്യോതിസ്സുകൊണ്ടു് പരി

പൂർണ്ണമായിരിക്കുന്നു. പ്രദീപ്തമായ ആകാശത്തിൽ വിക്ഷിപ്തമായിരിക്കുന്ന ഈ വിപുലയായ പൃഥ്വി നിന്റെ ശക്തിയാൽ ഭ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ അസീമമായ വിശ്വം നിന്റെ നിശ്വാസത്താൽ പ്രാണവത്തായിരിക്കുന്നു. നിന്റെ ചരണതലത്തിൽ എന്നും കോടി കോടി സൂര്യചന്ദ്രമസ്സുകൾ ജ്വലിച്ചും അണഞ്ഞും ഇരിക്കുന്നു; ഉദിക്കയും അസ്തമിക്കയും ചെയ്യുന്നു. ഭൂമിയിൽ അനുക്രമമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വസന്താദി ഋതുക്കൾക്കു നീതന്നെ കാരണം. ഗംഭീരഗർജ്ജനത്തോടുകൂടി തിളങ്ങുന്ന വിദ്യുത്തുകൾ നിന്റെ മഹിമയേത്തന്നെ ഉൽഘോഷിച്ചുകൊണ്ടിരിക്കുന്നു. സുരഭിലമായ പുഷ്പസഞ്ചയത്തിൽ നിന്റെ സൌമ്യവും നമ്രവും ആയ മാധുരിയുടെ ഹാസ്യം കാണപ്പെടുന്നു. ഉന്നതപർവ്വതങ്ങളുടെ കൊടുമുടികൾ, ഘനനീലജലപരിപൂർണ്ണമായ ഗംഭീരസാഗരങ്ങൾ, നിർമ്മലജലമയിയായ നിർഝരങ്ങളുടെ സാന്ദ്രശോഭകൾ, ഭൂകമ്പം, കൊടുങ്കാററു്, ധീരവും സ്നിഗ്ദ്ധവുമായ മലയപവനൻ, മനോഹരമായ മാലതീലത, കരാളദുർഭിക്ഷത, സസ്യശ്യാമളമായ കേദാരങ്ങളുടെ നിർഭരച്ഛവി, കീടപര്യന്തമുള്ള ജീവകോടികൾ, നഗരങ്ങൾ, വനങ്ങൾ, രാഗദ്വേഷസുഖദുഃഖാദികൾ— ഇവയെല്ലാം നീതന്നെയാകുന്നു. ഈ ചരാചരാത്മകമായ വിശ്വത്തിൽ സർവ്വത്ര വിരാജിക്കുന്ന നിന്നെ ഭക്തിപൂർവ്വം ഞാൻ നമിക്കുന്നു.

സീത—ഈ സ്തുതി എത്ര മധുരമായിരിക്കുന്നു! ശാന്തമേഘനിർഘോഷത്തിനു സമാനം ഈ സ്തുതി എത്ര കേട്ടിട്ടും

മതിയാവുന്നില്ല. എൻെറ ഹൃദയം വെന്തു നീറിക്കൊണ്ടിരിക്കുന്നുവെങ്കിലും, ഈ സ്വർഗ്ഗീയാമൃതപാനമാത്രത്താൽ സവ്വദുഃഖങ്ങളും—ക്ഷുൽപിപാസാദികൾപോലും—അകന്നു പോകുന്നു; എൻെറ ദുർബ്ബലമായ ഹൃദയത്തിന്നു വീണ്ടും ശക്തിയുണ്ടാവുന്നു.

വാസന്തി—സോദരി, ഈ വനകുടീരം അഭിരാമവും ശാന്തിമയവും അത്യന്തപാവനവും ആയിരിക്കുന്നു. ഈ പുണ്യസ്ഥാനത്തിന്നു വേണ്ടി, രാജ്യഭോഗത്തെ സന്ത്യജിക്കുന്നതു് അത്ര കഠിനമെന്നു പറയാനില്ല.

സീത—സഹോദരി, ഞാൻ പ്രിയതമനോടുകൂടി പഞ്ചവടിയിൽ താമസിച്ചിരുന്ന കാലത്തു്..........

വാസന്തി—അക്കാര്യങ്ങളെല്ലാം മറന്നു കളയുക—അതാ നോക്കൂ!—ഒരു മൃഗി ഉൽക്കടമായ ഗർവത്തോടുകൂടി, തൻെറ ശൃംഗത്തെ ഉയത്തിക്കൊണ്ടു് കുട്ടിയോടു ചേൎന്നു കളിക്കുന്നു. അഹോ! എത്ര മനോമോഹനമായ കാഴ്ച. അതാ അല്പം ദൂരത്തായി ഒഴുകിക്കൊണ്ടിരിക്കുന്ന നദിയുടെ കളരവം സോദരി കേൾക്കുന്നില്ലേ? നോക്കൂ. ആ വടവൃക്ഷത്തിൻെറ ശാഖകളിൽനിന്നു തൂങ്ങിക്കിടക്കുന്ന വേരുകൾ ധരിത്രിയെ ചുംബിച്ചുകൊണ്ടിരിക്കുന്നു. എത്ര അത്ഭുതാവഹമായ ദൃശ്യം! ദേവി, നോക്കണേ—ആ പക്ഷികൾ എത്ര മനോഹരമായിരിക്കുന്നു! നവപല്ലവശോഭിതമായ ആ നികുഞ്ജത്തെ സഹോദരി കാണുന്നില്ലേ?

സീത—ഞാൻ എന്തു നോക്കേണ്ടു? വാസന്തി, ഞാൻ എന്തു നോക്കേണ്ടു? എങ്ങോട്ടു നോക്കിയാലും ആ ഒരേ ഒരു ദൃശ്യം—രാഘവൻെറ മുഖം ഒന്നുമാത്രം—എൻെറ

ദൃഷ്ടിയിൽപെടുന്നു. സഖീ, ആ അതീതദിവസങ്ങളിലെ സുഖത്തിൻെറ സ്മൃതി ഒന്നുമാത്രം എൻെറ മനസ്സിൽ ഉദിച്ചുപൊങ്ങുന്നു. പ്രാണനാഥൻെറ ആ ഭാവവും-ആ രൂപവും, എൻെറ നേത്രങ്ങളുടെ മുമ്പിൽ നൃത്തംചെയ്യുന്നു. വാസന്തി, എനിക്കുഎൻെറ സ്വാമി എത്രമാത്രം പ്രിയനാണെന്ന് നിനക്ക് അറിയാമോ? ഞാൻ എൻെറ ഈ കൃശമായ ഹൃദയത്തിൽ തരംഗിതമായിരിക്കുന്ന ക്ഷോഭസമുദ്രത്തെ തടഞ്ഞുനിർത്തുന്നു; സർവ്വാഭിലാഷങ്ങളേയും ശുഷ്കതപസ്യയാൽ ഉന്മൂലനം ചെയ്യുവരുന്നു. എന്നാൽ എപ്പോൾ അവ താനെ പൊട്ടിപ്പുറപ്പെട്ടുമെന്ന് എനിക്കു അറിഞ്ഞുകൂട. സുഷുപ്താവസ്ഥയിൽ ഇരിക്കുന്ന ആ പ്രേമം താനെ ഉണരുന്നു; നിരുദ്ധമായ അശ്രുജലം ഉന്മത്തമായ ഉച്ഛ്വാസത്തോടുകൂടി സ്വയമേവ ബഹിർഗ്ഗമിക്കുന്നു. സോദരീ, നിൻെറ ഉന്നിദ്രമായ വ്യഗ്രതയും ആഗ്രഹവും അഹോരാത്രം എന്നെ പീഡിപ്പിക്കുന്നു. അഭാഗിനിയായ ഞാൻ ഇവിടെവന്ന് നിങ്ങളെക്കൂടി ദുഃഖിപ്പിക്കുന്നതിനു ഇടയായല്ലോ.

വാസന്തി—സോദരി, പൂർണ്ണചന്ദ്രൻ മേഘത്താൽ മറയ്ക്കപ്പെട്ടപ്പോൾ ഭൂലോകവാസികൾ ചിരിക്കാറുണ്ടോ? രാത്രി പുഞ്ചിരിതൂകാറുണ്ടോ? ഹേ! സുഹാസിനി, ആ കഴിഞ്ഞ കഥകളെല്ലാം മറന്നുകളയുക. നാം തപസ്വിനികൾ അല്ലേ? നമുക്കൊക്കെ പ്രേമകഥകൾ മിഥ്യാലാപങ്ങളാണ്; ഉന്മത്തന്മാരുടെ പ്രലപനങ്ങളാണ്. ഞാൻ പോയി കുശനും ലവനും എവിടെ ഇരിക്കുന്നു എന്നു നോക്കട്ടേ. (പോകുന്നു)

സീത—കമനീയയായ സന്ധ്യാദേവി വന്നണഞ്ഞുകഴിഞ്ഞു. ഭൂതലം അസ്തമനാർക്കന്റെ ചെങ്കതിരുകളാൽ അരുണിതമായിരിക്കുന്നു. നീലവർണ്ണമായ ആകാശത്തിൽ മേഘകണികപോലും കാണ്മാനില്ല. വനഭൂമി മുഴുവനും ഉയർത്തി സ്തബ്ധമായ ദൃഷ്ടിയാൽ ആകാശത്തെ നോക്കിക്കൊണ്ടിരിക്കുന്നു. വിശ്വമാസകലം ഈശ്വരോപാസനയിൽ ലീനമായതുപോലെ നിശ്ചലമായും തൂഷ്ണീകമായും വർത്തിക്കുന്നു. ഈ പ്രദേശം പഞ്ചവടിപോലെ ശാന്തവും സുന്ദരവും ആയിരിക്കുന്നു. ഹാ! പ്രിയതമ, ഹൃദയസർവസ്വമേ, അങ്ങ് ഇപ്പോൾ എവിടെയാണ്? എവിടെയാണ്? അഹോ ഈ തപോവനത്തിൽ ഇരുന്നിട്ടും എനിക്ക് അശ്രുപ്രവാഹത്തെ തടഞ്ഞുനിർത്താൻ സാധിക്കുന്നില്ലല്ലോ!

(പോകുന്നു)

---

### ദൃശ്യം ൨

സ്ഥാനം—രാജസഭ

സമയം—മദ്ധ്യാഹ്നത്തിനു അല്പം മുമ്പ്

(രാമനും ലക്ഷ്മണനും)

രാമൻ—പ്രിയസോദരാ, ഭരതൻ മാണ്ഡവിയോടുകൂടി നാടുവിട്ടു പൊയ്ക്കളഞ്ഞു. ശത്രുഘ്നനും ലവണനോടു യുദ്ധം ചെയ്വാനായി മധുപുരിക്കു പോയിരിക്കുന്നു. ഈ രാജമന്ദിരം ഇപ്പോൾ ശൂന്യമായിതോന്നുന്നു. ലക്ഷ്മണ! നീ മാത്രം അഗാധമായ പ്രേമത്തോടുകൂടി എന്റെ അടുക്കൽ താമസിക്കുന്നു.

(ഏതാനും ഋഷികളോടു കൂടി വസിഷ്ഠൻ പ്രവേശിക്കുന്നു)

വസിഷ്ഠൻ—മഹാരാജാവേ, ദക്ഷിണദിക്കിൽനിന്നും ചില മഹർഷികൾ എന്തോ സങ്കടമറിയിക്കാനായി വന്നിരിക്കുന്നു.

രാമൻ—ഗുരുദേവ, ഞാൻ എന്റെ ഭാഗ്യത്തെ വാഴ്ത്തുന്നു. ഋഷികളുടെ ചരണരജസ്സുകളാൽ ഇന്ന് ഈ രാജമന്ദിരവും അയോദ്ധ്യാപുരിയും പവിത്രമായിത്തീർന്നിരിക്കുന്നു. ഋഷീശ്വരന്മാരേ, ഏതു മഹത്തമമായ ആജ്ഞയാൽ രാമനേ ധന്യനാക്കാനാണു നിങ്ങൾ ഇവിടെ എഴുന്നരുളിയിരിക്കുന്നത്?

വസിഷ്ഠൻ—ഋഷിമാരേ, നിങ്ങൾ എന്തു പറയുന്നു? പറവാനുള്ളതെല്ലാം പറയുക.

ഒന്നാം താപസൻ—മഹാരാജാവേ, എന്റെ പുത്രൻ മരിച്ചുപോയിരിക്കുന്നു.

രാമൻ—മുനീശ്വര! ഞാൻ ആ പുത്രനെ ജീവിപ്പിക്കണമെന്നോ? ഭഗവൻ, എനിക്ക് സഞ്ജീവനിമന്ത്രം നിശ്ചയമില്ലല്ലോ.

വസി—മഹാരാജാവേ, ദക്ഷിണദേശത്ത് ശൈവലപതിയായ ശംബുകൻ എന്ന ശൂദ്രരാജാവ് ഇക്കാലത്ത് തപസ്സ്, വേദപാഠം, ധർമ്മകർമ്മാദികൾ മുതലായവ ചെയ്തുവരുന്നതായി കേൾക്കുന്നു. ശൂദ്രക്ക് ഈ മാതിരി കർമ്മങ്ങൾ ശാസ്ത്രത്തിൽ നിഷേധിച്ചിട്ടുണ്ട്. ഒരു ശൂദ്രൻ സ്വധർമ്മത്തേ ഉപേക്ഷിച്ചിട്ട് ഈ മാതിരി അത്യാചാരം ചെയ്തയാലത്രേ ബ്രാഹ്മണപുത്രൻ മരിക്കാനിടയായതു്.

രാമ—ഗുരുദേവ, അതിന്ന ഞാൻ എന്തുചെയ്യണം?

വസി—അവനെ വധിക്കേണ്ടതാണ്.

ലക്ഷ്മ—ശാസ്ത്രചച്ചയും പൂജാപാഠാദിപുണ്യകമ്മങ്ങളും ശൂദ്രക്ക് പാടില്ലെന്നു ശാസ്ത്രം നിഷേധിച്ചിട്ടുണ്ടോ?

വസി—ഉണ്ട്.

ലക്ഷ്മ—യജ്ഞവും നിഷിദ്ധമാണോ?

വസി—ശൂദ്രനെ സംബന്ധിച്ചിടത്തോളം അങ്ങനെ തന്നെ.

രാമൻ—ഭഗവൻ, അവിടുന്ന് എന്താണ് ആജ്ഞാപിക്കുന്നത്? ഞാൻ സേനാസഹിതം ദണ്ഡകാരണ്യത്തിലേക്ക് ഇതാ പുറപ്പെട്ടുകഴിഞ്ഞു.

ഋഷിഗണം—മഹാരാജാവ് ജയിക്കട്ടെ—അമംഗളങ്ങളെല്ലാം ദൂരീഭവിക്കട്ടെ.

(ഋഷിഗണങ്ങളോടുകൂടി വസിഷ്ഠൻ പോകുന്നു)

രാമ—ദക്ഷിണദേശത്ത്—അഹോ! അവിടെയാണല്ലോ പഞ്ചവടി. എന്റെ ജീവിതത്തിന്റെ പ്രാതഃകാലം അവിടെവെച്ചു തന്നെയാണല്ലോ കഴിഞ്ഞുകൂടിയത്. പ്രിയസോദര, ജീവിതത്തിന്റെ അന്തിമദശയിൽ ആ സ്ഥാനത്തെ ഒന്നുകൂടി കാണണമെന്ന് എനിക്ക് അഗ്രഹമുണ്ടായിരുന്നു. ആ അഗ്രഹം ഇപ്പോൾ പൂരിപ്പിക്കാം. ലക്ഷ്മണ, പഞ്ചവടിയെ നീ ഇപ്പോൾ ഓക്കുന്നുണ്ടോ.?

ലക്ഷ്മ—അഗ്ര്യ, പഞ്ചവടിയെപ്പററിയുള്ള സ്മരണ എന്നെ സംബന്ധിച്ചിടത്തോളം, സദാപി ജാഗ്രദവസ്ഥയിൽ തന്നെ ഇരിക്കും.

രാമ—അനുജ, ആ പഞ്ചവടി പുണ്യസ്മൃതിമയവും പവിത്രവുമാണ്. ഞാൻ ആ തീർത്ഥസ്ഥാനത്തിലേക്കുപോകുന്നു നീയും വരുന്നോ?

ലക്ഷ്മ—ഒരിക്കൽക്കൂടി ആ പ്രദേശങ്ങൾ കാണേണമെന്ന് എനിക്കും അഗ്രഹമുണ്ടായിരുന്നു.

രാമ—(അല്പം ആലോചിച്ചിട്ട്) ലക്ഷ്മണ, പ്രിയസോദര, എനിക്ക് നിന്നോടുള്ള ഹാർദ്ദികസ്നേഹത്തേയും കൃതജ്ഞതയേയും വേണ്ടപോലെ പ്രകാശിപ്പിക്കുന്നതിന് ഇതേവരെ അവസരം ലഭിച്ചിട്ടില്ല. നിൻെറ അനന്തവും അക്ഷയവും ആയ കീർത്തി ലോകത്തിൽ എന്നെന്നേയ്ക്കും നിലനില്ക്കും. നിൻെറ പവിത്രമായ പ്രീതിയും, ഉദാരവും മഹത്തരവുമായ ചരിത്രവും അനുപമമായ സ്വാർത്ഥപരിത്യാഗവും സകലരും കൊണ്ടാടും. അന്ന് ലങ്കായുദ്ധത്തിൽവെച്ച്, നീ മുറിവേററ് രക്തപ്രവാഹത്തിൽമുഴുകിക്കിടന്ന ആ കിടപ്പു കണ്ടപ്പോൾ, എൻെറ നേത്രങ്ങൾക്കു മുമ്പിൽ അന്ധകാരം വ്യാപിച്ചതായി എനിക്കുതോന്നി. നാം ദേഹംകൊണ്ട് രണ്ടെങ്കിലും, പ്രാണൻകൊണ്ട് ഒന്നാണെന്ന് അന്ന് എനിക്കു പ്രത്യക്ഷപ്പെട്ടു. പ്രാണനേക്കാൾപ്രിയതരനായസഹോദര, നാം സംസാരസാഗരത്തിൽ ഒരേ ജീവിതനൌകയിലേറി യാത്രചെയ്യുന്ന രണ്ടു സായാത്രികന്മാരാണെന്നും, നാം തമ്മിൽ ഒരു കാലത്തും പിരിഞ്ഞിരിക്കാൻ ഇടവരികയില്ലെന്നും ഞാൻ അനുഗ്രഹിച്ചു. ലക്ഷ്മണ, നമുക്കു പോകാം; അന്തഃപുരത്തിലേക്കുപോകാം.

(പോകുന്നു)

---

## ദൃശ്യം ൩

സ്ഥാനം—ഭരതൻെറ മാതുലഗൃഹം

സമയം—സായംകാലം.

(ഭരതനും മാണ്ഡവിയും)

മാണ്ഡവി—പഞ്ചവടിയിലോ? ഇപ്പോൾ അവിടെ എന്തിനപോയി?

ഭരതൻ—യുദ്ധം ചെയ്യാനായിട്ട്. അദ്ദേഹത്തിൻെറ ദൂതൻ വന്നിട്ടുണ്ട്. വളരെ അനുനയവിനയപൂർവ്വകം ഒരു കത്ത് അദ്ദേഹം കൊടുത്തയച്ചിരിക്കുന്നു. ഞാൻഉടനെ അയോദ്ധ്യക്ക് തിരിച്ചു ചെല്ലണമെന്ന് അതിൽ ആജ്ഞാപിച്ചിട്ടുണ്ട്. മാണ്ഡവി, ഈ അവസരത്തിൽ ഞാൻ എന്താണ് ചെയ്യേണ്ടത്?

മാണ്ഡവി—കത്തു ഞാനും വായിച്ചു നോക്കട്ടേ.

ഭരതൻ—ഇതാ നോക്കണം, അധികമൊന്നും എഴുതീട്ടില്ല. വാക്കുകൾ കുറവാണെങ്കിലും, അതിൽ രാമചന്ദ്രൻെറ ചരിത്രമഹത്വവും, കർത്തവ്യനിഷ്ഠയും ഹൃദയത്തിലെ ഗൂഢവ്യഥയും തെളിഞ്ഞുകാണാം. അഹോ! ഈ ചെറു കത്തിൽ, എത്രമാത്രം സംയമവും, എത്രമാത്രം ധൈര്യവും, എത്രമാത്രം ഉദാരതയും സ്ഫുരിക്കുന്നു. ഇതാ നോക്കൂ. ഇതിലേ ഓരോവരിയിലും ഓരോ അക്ഷരത്തിലും സീത അങ്കിതയായിരിക്കുന്നു.

മാണ്ഡവി—[വായിച്ചിട്ട്] എങ്കിലും അദ്ദേഹത്തിൻെറ നിഷ്ഠുരകർമ്മത്താലല്ലേ സീത സ്വഗൃഹം വിട്ട് വനത്തിൽ പോകേണ്ടിവന്നത്?

ഭരതൻ—അതേ അതു ശരിതന്നേ. ദേവി ഇന്നു് ഈ സമയത്തും എന്റെ നേത്രങ്ങൾക്കു മുമ്പിൽ നൃത്തം ചെയ്തുകൊണ്ടിരിക്കുന്നു. അന്നു്, ഉച്ചയ്ക്കു് സീതാദേവി കേവലം സാധാരണഭാവത്തിൽ—വിശേഷിച്ചു യാതൊന്നും സംഭവിച്ചിട്ടില്ലെന്നമട്ടിൽ—മിണ്ടാതെ പുഷ്പകവിമാനത്തിൽ കേറി വനത്തിലേക്കു തിരിച്ചു. ദേവിയുടെ കൂടെ മലിനമുഖനായി, തൂഷ്ണീഭാവം പൂണ്ടു്, ലക്ഷ്മണനും പുറപ്പെട്ടു. മാർഗ്ഗമദ്ധ്യത്തിൽ, കൂടിയിരുന്ന ജനങ്ങളുടെ കൌതുഹലപൂർണ്ണമായ ദൃഷ്ടികൾ ദേവിയിൽ പതിച്ചു. കഷ്ടം! ആ സമയത്തു്, ആ മലിനമായ ആകാശം ലജ്ജയാൽ പരാഭൂതയായിട്ടു് എന്തുകൊണ്ടു് അവിടന്നു് ആ ജനതതിയുടേയും, ആ പുഷ്പകവിമാനത്തിന്റേയും മേൽ പതിച്ചില്ല? പ്രിയേ, അപ്പോൾ മേഘഗർജ്ജനത്തിനു തുല്യം പ്രജകളിൽ നിന്നു് പൊങ്ങിയ ആ ധ്വനി നീ ഓർക്കുന്നില്ലേ? ഞങ്ങൾ ധന്യരായി; പ്രജകളുടെ അഭിമാനത്തേ സംരക്ഷിച്ച രാഘവൻ ധന്യനാണു്" എന്നു് എല്ലാവരും ഉപഹസിപ്പാനെന്നപോലെ അവിടെ ഉച്ചൈസ്തരം നിലവിളിച്ചുകൊണ്ടിരുന്നു. തത്സമയം ദേവിയുടെ മുഖമണ്ഡലത്തിൽ ദിവ്യമായ ഒരു പ്രകാശം കളിയാടി. സൌമ്യമായ ഗർവ്വത്തോടുകൂടി ആ സതീരത്നം തന്റെ മുഖത്തെ ഉയർത്തിപ്പിടിച്ചിരുന്നു. ആത്മത്യാഗത്തിൽ നിന്നു് ഉൽഭൂതമായ സുഖാതിശയത്താൽ അവരുടെ വക്ഷഃപ്രദേശം വികസിതമായി കാണപ്പെട്ടു.

മാണ്ഡവി—കഷ്ടം! ഇപ്രകാരമുള്ള സുസ്ഥിരവും അസീമവും ആയ പ്രേമം ലോകത്തിൽ അതിവിരളമാണു്. ശൈ

ശവം മുതല്ലോ ദേവിയുടെ ഹൃദയം അനന്തകല്യാണ ഗുണങ്ങൾക്ക വിളനിലമായിരുന്നു. ആര്യപുത്ര! ഇങ്ങനെ ഒരു അവിചാരപൂർവ്വമായ കഠിനകൈ ഇതുവരെ ആരും ഒരു സ്ത്രീയോടു പ്രവത്തിച്ചിട്ടില്ലെന്നാണ് എനിക്ക തോന്നുന്നതു്. ഹാ! അഭാഗിനി, സീതേ.

ഭരതൻ—രഘുപതി ഏതോ ഒരു പരിഭ്രമത്തിൽപെട്ടു് ഉഴലുകയാണു്. അദ്ദേഹം വസിഷ്ഠനെ, ഒരിക്കലും ഒരു കാര്യത്തിലും തെററാത്ത ഒരുവനായി ഗണിച്ചു ആരാധിക്കുന്നു. ആ ഭ്രമമാണു് ഈ ദാരുണമായ അത്യാചാരത്തിൻെറ നാരായവേരു്. പ്രിയേ, രാഘവൻെറ ഹൃദയം അത്യന്തം ഉദാരമാണെന്നു് എനിക്കു് നല്ലപോലെ അറിയാം. ഈ കത്തിൽ അദ്ദേഹത്തിൻെറ ഹൃദയവ്രണവും തീവ്രമായ പീഡയും വിശദമായിക്കാണാം. മാണ്ഡവി, ഇതു് അദ്ദേഹത്തിൻെറ ഹൃദയത്തിലെ രക്തംകൊണ്ടു എഴുതിയിരിക്കുന്നതാണെന്നുള്ളതിനു് സന്ദേഹമില്ല.

മാണ്ഡവി—ആര്യപുത്ര, അയോദ്ധ്യയ്ക്കു പോകണമെന്നാണോ അവിടുന്നു് വിചാരിക്കുന്നതു്?

ഭരതൻ—അതു ചോദിപ്പാനാണു് ഞാൻ വന്നതു്.

മാണ്ഡവി—ആര്യപുത്രൻ വേണമെങ്കിൽ പോവുക. ഞാൻ വരുന്നില്ല. ഞാൻ ഈ രാമൻെറ മഹത്ത്വവും ഈ രാമൻെറ കരുണയും, ഈ രാമൻെറ യന്ത്രണയും, ഒന്നും അറിയുകയൊ ആദരിക്കയോ ചെയ്യുന്നില്ല. പത്നീഘാതകനായ ഈ രാമനിൽ നിന്നു് അവയെല്ലാം നല്ലപോലെ കണ്ടറിഞ്ഞതിനു ശേഷമാണു് ഇങ്ങോട്ടു തിരിച്ചതു്. കഷ്ടം! അബലയായ സ്ത്രീ ജാതിയുടെ ദുൎഗ്ഗതിവിശേഷം—അഹോ—എത്ര കഠിനം.

ഭരതൻ—നീ വരുന്നില്ലെങ്കിൽ, ഞാനും ഇല്ല. ഈ വിഷയത്തിൽ ഞാൻ നിൻെറ അനുഗാമിയാണ്. രഘുപതിയോട്ട് അങ്ങനെ എഴുതി അയക്കാം.

(പോകുന്നു)

---

ദൃശ്യം ൪

സ്ഥാനം—പഞ്ചവടീവനം

സമയം—മൂന്നാംയാമം

(രാമനും ലക്ഷ്മണനും)

രാമൻ—ഇതു തന്നെയാണ് ആ സ്ഥാനം—അഭിരാമവും അക്ഷയവും ആയ സ്മൃതിയുടെ വിശ്രുതമായ മഠം—ആ പുണ്യധാമമായ പഞ്ചവടി. സദാപി മനോഹരഹാസ്യമയിയായിരിക്കുന്ന ആ ഗോദാവരിയും ഇതു തന്നെ. ആ നീലപവ്വതം, അതാ ധൂമവർണ്ണമായും മേഘതുല്യമായും കാണപ്പെടുന്നു. അതിൻെറ കീഴ്ഭാഗത്തുള്ള ശ്യാമളവർണ്ണമായ വനരാജിയുടെ ശോഭ നോക്കുക.

ലക്ഷ്മണൻ—ഈ സ്ഥാനത്തായിരുന്നു നമ്മുടെ ആശ്രമകുടീരം.

രാമൻ—വാസ്തവം തന്നേ. ആ നവകിസലയശോഭിതമായ പഞ്ചവടങ്ങളുടെ മദ്ധ്യത്തിലായിരുന്നു നമ്മുടെ കുടീരം. ഈ വനം സ്നിഗ്ദ്ധഫലനച്ഛായയാൽ ആവൃതമായിരുന്നു. അന്ന് പഞ്ചവടം നദീതീരത്തിലായിരുന്നു സ്ഥിതിചെയ്തിരുന്നതു്. ഇന്ന് നദി അവിടെ

നിന്നു് അല്പം പിൻവലിഞ്ഞു കാണുന്നു. സഹോദര, നമുക്ക് മുന്നോട്ടുപോവാം. (കുറെദൂരംനടന്നിട്ട്) ഇതാനോക്കു. നീ ഓക്കുന്നുണ്ടോ? ഈ ലതാകുഞ്ജത്തി നുള്ളിൽ വച്ചല്ലേ അന്നു് ആ കനകമൃഗത്തെ കണ്ടതു്? അതിനെ നിഗ്രഹിച്ചിട്ട്, ഞാൻ തിരിച്ചു വന്നപ്പോൾ ഈ വൃക്ഷങ്ങളുടെ അരികിൽ—അതേ—ഈ സ്ഥല ത്തുവച്ചു തന്നെ അല്ലേ നീ എന്നെക്കണ്ടതു്?

ലക്ഷ്മണൻ—അയ്യൊ! സത്യംതന്നെ. ഞാൻ എത്ര മൂഢൻ ആയിരുന്നു. അതുകൊണ്ടല്ലേ ദേവിയെ അന്നു് അസ ഹായിനിയായി വിട്ടുംവച്ചു വന്നതു്?

രാമൻ—നീ എന്തുചെയ്യു? എല്ലാം രാക്ഷസമായയായിരുന്നു. നീ അതിൽ അപരാധി ആയിരുന്നില്ല. വിധാതാ വിൻെറ ആജ്ഞയെ ആക്ക് അന്യഥാകരിക്കാൻ സാധിക്കും? (അല്പംകൂടി മുന്നോട്ടുനടന്നിട്ട്)—ഇതാ ണു് ആ നദീതടം. ഇതുതന്നെയാണു് പുണ്യമയിയായ ആ ഗോദാവരി, ഇതു തന്നെയാണു് ആ ഗോദാവരി യിലെ മനോഹരമായ ചെറു കല്ലോലങ്ങൾ; ഇതു തന്നെയാണു് മഞ്ജുളവും നീലവണ്ണവുമായ ഗോദാ വരീജലം. അയിമുഗ്ദ്ധേ, ചിരഹാസ്യമയി, സ്നിഗ് ദ്ധവും സ്വച്ഛവുംആയ മേഘശോഭയെ വെല്ലുന്നതിനു വല്ലരിയോടുകൂടിയസുന്ദരീ, ചഞ്ചലനീലനയനസന്നി ഭങ്ങളായ മത്സ്യരാജിയാൽ വിരാജിതയായ അയി ഗോ ദാവരീ, എന്നും നീ ഈ വിധത്തിൽ പ്രഹൃഷ്ടചിത്ത യായി, തുള്ളിക്കളിച്ചുകൊണ്ടു് പ്രവഹിച്ചാലും. ഹേ! ക്രീഡാമയി! എന്നും ഇതേമാതിരി മധുരസ്വര ത്തിൽ പാടിക്കൊണ്ടിരുന്നാലും. നിൻെറ ഈ സുഖദ

മായ ഗാനത്തെ ഒരിക്കലും നിൎത്തിക്കളയരുതേ; നിന്റെ സുഖജീവിതം കണ്ടിട്ടെങ്കിലും, ഞാൻ സുഖിയായിത്തീരട്ടെ. ഹേ! കല്യാണിനി, ഒരിക്കൽ നിന്റെ കല്ലോലങ്ങളിൽ എന്റെ സുഖഗീതം ലീനമായിരുന്നു. ഹാ! നമ്മൾ രണ്ടുപേരുടേയും സുഖസ്വപ്നം ഒന്നിച്ചുചേൎന്ന് ഇവിടെത്തന്നെ ലയിച്ചിരുന്നു. ഇന്നു് എന്റെ ആ സുഖസ്വപ്നം അവസാനിച്ചിരിക്കുന്നു. എന്നാൽ നിന്റെ സുഖസ്വപ്നം ഒരിക്കലും നശിക്കാതിരിക്കാൻ ഈശ്വരൻ കടാക്ഷിക്കട്ടെ. ഹേ! നീലഗിരി, ആകാശചുംബിയും നിത്യമനോഭിരാമനും ആയ പൎവ്വതേശ്വര, നീ കാലത്തിനു സമാനം ഇളക്കമില്ലാതെ, നിൎമ്മലവും ദൃഢവുമായ ഭാവത്തിൽ, ഘടനാസ്രോതസ്സിന്റെ സമീപത്തു ശിരസ്സിനെ ഉയൎത്തിക്കൊണ്ടു നില്ക്കുന്നു. ഇതേ മാതിരി തന്നേ, നീ എന്നും സ്ഥിരഭാവം പൂണ്ടു് നിന്നാലും. നിന്നെ കാണുമ്പോൾ എന്റെ ഹൃദയത്തിനു സാന്ത്വനയുണ്ടാകുന്നു. നീ ഈ ചരാചരാത്മകമായ വിശ്വത്തിൽ-ജീവകോടികളുടെ ഉത്ഥാനധ്വംസങ്ങൾക്കുപരി—സത്യമായോ മിഥ്യയായോ ഉള്ള സകല സുഖദുഃഖാദികളേയും തൃണവൽഗണിച്ചു്, ഒരേ ഒരു ഭാവത്തിൽ നിലകൊള്ളുന്നു. അനിയ, ലക്ഷ്മണ, വരൂ; നമുക്ക മുന്നോട്ടു നടക്കാം. (നിന്നിട്ടു്) ഇതുതന്നെയാണു് ആ ശില. ലക്ഷ്മണ, മേഘഹീനമായ ഉഷഃകാലത്തിൽ ആകാശത്തിൽ നിന്നിറങ്ങി വരുന്ന ഉഷസ്സെന്നപോലെ സീത നിത്യവും വന്നിരിക്കാറുള്ള ശീതളവും രമണീയവുമായ ശില ഇതുതന്നെ. ഈ ശിലയിൽ എഴുന്നേററുനിന്നു് സീത, ധൂമ്രവൎണ്ണമായ

നീലാചലത്തിൻെറ സീമയിൽ പതിക്കുന്ന സൂൎയ്യോച്ഛ്വാസത്തിൻെറഗരിമാവിനെ —സുവൎണ്ണകിരണങ്ങളുടെ ക്രീഡയെ—നോക്കിരസിക്കാറുണ്ടായിരുന്നു. നടക്കൂ—നമുക്കു മുന്നോട്ടുപോകാം. (നടന്നിട്ടു്) അനിയ, ദൂരത്തു് വനത്തിനുള്ളിൽ ആരോ പാടിക്കൊണ്ടിരിക്കുന്നതു നീ കേൾക്കുന്നില്ലേ? അതു് ഏതോ രമണിയുടെ സുമധുസ്വരംപോലിരിക്കുന്നു. (അണിയറയിൽ പാട്ടു കേട്ടിട്ടു്) എത്ര ഗംഭീരവും മൎമ്മസ്പൃക്കുമായ ഗാനം. സൂൎയ്യൻ അസ്തമിക്കാറായി. ഇനി നമുക്കു് കൂടാരത്തിലേക്കു പോകാം.

(പോകുന്നു)

---

## ദൃശ്യം ൭

സ്ഥാനം—ശംബുകാശ്രമം.

സമയം—പ്രാതഃകാലം.

(വൃക്ഷതലത്തിൽ ശൂദ്രനും പത്നിയും ഇരിക്കുന്നു. ദൂരത്തായി രാമലക്ഷ്മണന്മാരും മൂന്നു ശിപായികളും നില്ക്കുന്നു.)

ഈ വടവൃക്ഷതലത്തിൽ, ഗംഭീരസ്വരത്തിൽ സാമഗാനം ചെയ്തുകൊണ്ടിരുന്ന സൌമ്യമൂൎത്തിയും ഗൌരവൎണ്ണനും ദിവ്യരൂപനുംആയ പുരുഷൻആര്? തലമുടി എല്ലാം നരച്ചും, നെററിത്തടം ഉയൎന്നു വിസ്താരമായും, താടി വളരെ നീണ്ടും ഇരിക്കുന്നു. ഈ പുരുഷൻെറ പാദങ്ങൾക്കു സമീപത്തു് വിസ്മയത്തോടും ഭക്തിയോടും കൂടി സ്വാൎദ്ദീനഗാഥ

യെ കേട്ടുകൊണ്ടിരിക്കുന്ന മുഗ്ദ്ധയും ശ്യാമയും ആയ തരു ണിയും ആരു്? അറിയ നടക്കു (നടന്നിട്ടു്) ഇവിടെനില്ക്കു. ഹാ! എന്തൊരുസുന്ദരദൃശ്യം! അഹോ! ഈ ഋഷിയുടെ പവിത്രമൂർത്തി! ആ തപസ്വിനി നിശ്ചലവും നിർമ്മലവും ഗംഭീരവുമായ വിശ്വാസത്തോടുകൂടി മുഗ്ദ്ധദൃഷ്ടിയാൽ തപ സ്വിയെത്തന്നേ നോക്കിക്കൊണ്ടിരിക്കുന്നതു നോക്കു.

ശൂദ്രകൻ—(രാമൻെറ നേക്കു നോക്കീട്ടു്) ആരു്? വഴി യാത്രക്കാരോ?

ലക്ഷ്മണൻ—അതേ, ഞങ്ങൾ വഴിയാത്രക്കാർ തന്നേ.

ശൂദ്രകൻ—നിങ്ങൾക്കു ക്ഷീണമുണ്ടോ?

ലക്ഷ്മണൻ—ഋഷിവര, ഞങ്ങൾക്കു നന്നേ ക്ഷീണമുണ്ടു്.

ശൂദ്രകൻ—ആ നദീതീരത്തിലാണു് എൻെറ ആശ്രമം. പ്രിയേ, ഈ രണ്ടു അതിഥികളേയും ആശ്രമത്തിൻെറ ഉള്ളിലേക്കു കൊണ്ടു പോകു. ഞാനും ഒരു നിമിഷ ത്തിനുള്ളിൽ വരാം.

രാമൻ—ഋഷിവര, ഭാഗ്യവാന്മാരായ ഞങ്ങൾ ഇപ്പോൾ ആരുടെ അതിഥികളാണു്?

ശൂദ്രകൻ—ഞാൻ ഋഷിയല്ല, ശൂദ്രകരാജാവാണു്. ഈ രമ ണീരത്നം എൻെറ ഭാര്യയാകുന്നു.

രാമൻ—നിങ്ങൾ ശൂദ്രകനോ?

ശൂദ്രകൻ—അതേ.

രാമൻ—ശൂദ്രരാജ, നിങ്ങൾ തപസ്സു ചെയ്തുകൊണ്ടിരിക്കു ന്നോ? ക്ഷമിച്ചാലും. രാജാവേ, ഈ സമയത്തു് നിങ്ങ ളുടെ ആതിഥ്യം സ്വീകരിക്കുന്നതിനു ഞങ്ങൾക്കു നിവൃ ത്തിയില്ല.

ശൂദ്രകൻ—എന്തുകൊണ്ട്?

രാമൻ—ശൂദ്രരാജ, ഞാൻ എന്തു പറയേണ്ടു? ഞാൻ അയോദ്ധ്യാധിപതിയാണ്. നിങ്ങൾ എന്റെ പേരു കേട്ടിരിക്കുമല്ലോ?

ശൂദ്രകൻ—ഉണ്ട്.

രാമൻ—ഞാൻ രാമചന്ദ്രനാണ്. നിങ്ങളെ അന്വേഷിച്ചു തന്നെയാണ് ഈ ദണ്ഡകാരണ്യത്തിലേക്കു വന്നത്.

ശൂദ്രകൻ—മഹാരാജാവേ, ഞാൻ ധന്യനായി. അങ്ങ് നടന്നാലും. വിധിപൂർവ്വം ഞാൻ നിങ്ങളെ സൽക്കരിക്കാം! മഹാരാജാവേ, അതിധീരതാമേ, എന്റെ ആശ്രമത്തിലേക്കു നടന്നാലും.

രാമൻ—ശൂദ്രരാജാവേ, ഞാൻ ഇന്ന് നിങ്ങൾക്കു പ്രിയം ചെയ്യുന്നായി മിത്രഭാവത്തിൽ വന്നതല്ല.

ശൂദ്രകൻ—എന്തുകൊണ്ട്? ഞാൻ മഹാരാജാവിന് എന്തു അപരാധം ചെയ്തുവെന്ന് അറിഞ്ഞാൽ കൊള്ളാം.

രാമൻ—നിങ്ങൾ ദുർമ്മോഹത്താലും മദത്താലും ശാസ്ത്രത്തെ ധിക്കരിച്ചു. അതാണ് നിങ്ങളുടെ അപരാധം.

ശൂദ്രകൻ—ശാസ്ത്രത്തെ ധിക്കരിച്ചോ? രാജ്യഭോഗം കൈവെടിഞ്ഞു് ഇത്രകാലമായി ശാസ്ത്രചർച്ചയും അദ്ധ്യയനവും ചെയ്തു വരുന്ന ഞാൻ എങ്ങനെ ശാസ്ത്രത്തെ ധിക്കരിക്കും?

രാമൻ—ശാസ്ത്രചർച്ചക്കും അദ്ധ്യയനത്തിനും ശൂദ്രന് അധികാരമില്ലെന്നു നിങ്ങൾ അറിഞ്ഞിട്ടില്ലേ?

ശൂദ്രകൻ—ബ്രാഹ്മണരാജ്ഞയ്ക്കു വിധേയനായ രാജാവിന്റെ രാജ്യത്തു ശൂദ്രനു ശാസ്ത്രചർച്ചയ്ക്കു് അധികാരമില്ലെന്നു

ഞാൻ സമ്മതിക്കുന്നു. എന്നാൽ രാമചന്ദ്ര, ഇതു ഉചിതമാണോ? നവവിധാനം അവിടുന്നു് എന്റെ അടുക്കൽനിന്നു പഠിക്കണമെന്നോ? എന്നാൽപറയാം. ഹേ പുരുഷശ്രേഷ്ഠ, ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദിഭേദം, മഹാരാജാവേ, ആരു നിർമ്മിച്ചതാണു്? മനുഷ്യപശുഭേദം ആരുടെ സൃഷ്ടി? ഈ രണ്ടു മാതിരി ഭേദങ്ങളിൽ ഏതാണു് ആദ്യമുണ്ടായതു്? ഈ ദ്വിവിധ ഭേദകർത്താക്കളിൽ വെച്ചു് ആരാണു ശ്രേഷ്ഠൻ? ബ്രഹ്മാവോ ബ്രഹ്മസൃഷ്ടിയായ മനുഷ്യനോ? അവിടുന്നു തന്നെ പറയുക. ദേവതകളെ ബ്രാഹ്മണർ സൃഷ്ടിച്ചോ? അതോ ബ്രാഹ്മണരെ അനാദിയായ ഈശ്വരൻ സൃഷ്ടിച്ചോ? അവിടുന്നു് ജാതിഭേദം നിർമ്മിക്കണമെന്നു വിചാരിക്കുന്നപക്ഷം, ഈശ്വരനീതിക്കനുരൂപമായി നിർമ്മിച്ചാലും. സിംഹം വിചാരിച്ചാൽ കാളയാവാനോ, കാള വിചാരിച്ചാൽ സിംഹമാവാനോ സാധിക്കയില്ല. സാരമേയം എത്ര ബുദ്ധിമാനായിരുന്നാലും അതു സാരമേയം തന്നെ ആയിരിക്കും. എന്നാൽ മനുഷ്യൻ ഉന്മത്തനായാലും അവനിൽ നിന്നു് മനുഷ്യത്വം പോകുന്നില്ല. ശൂദ്രനിലും ബ്രാഹ്മണനു സമാനം വിദ്യയും, ബുദ്ധിയും, ന്യായനിഷ്ഠയും ധർമ്മബുദ്ധിയും ഉണ്ടാകാവുന്നതാണു്. അതുപോലെതന്നെ ബ്രാഹ്മണൻ ശൂദ്രനേക്കാളും അധമനുംനിന്ദ്യനുംആയിത്തീരുന്നതും സംഭാവ്യം തന്നെ. പക്ഷേ ജീവിതകാലം മുഴുവനും ശൂദ്രൻ ശൂദ്രനായും, ബ്രാഹ്മണൻ ബ്രാഹ്മണനായും ഇരിക്കുമെന്നോ? ഈ ജാതിക്രമം വംശപാരമ്പര്യമനുസരിച്ചു നടക്കണമെന്നോ? മഹാത്മാവായ രാമചന്ദ്ര, ഈ നിയമം സ്വാഭാവികമാണോ? മഹാരാ

ജാവേ, ഈ മാതിരി നിയമത്തെ വെച്ചുകൊണ്ടിരിക്കുന്നതു വിധാതാവിന്റെ നിയമത്തെ ഉല്ലംഘിക്കുകയാകുന്നു. രഘുവര, പ്രകൃതിനിയമത്തെ, തുച്ഛമായി ധരിച്ചു്, അഗ്രാഹ്യമാക്കി, ബ്രാഹ്മണർ സ്വാത്ഥലാഭേച്ഛയാൽ കെട്ടിച്ചമച്ചിട്ടുള്ള നിയമങ്ങൾ ഒരിക്കൽ ചീട്ടുകൊണ്ടുണ്ടാക്കിയ ഗൃഹംപോലെ തകന്നുപോകതന്നെ ചെയ്യും.

രാമൻ—ശൂദ്രരാജ, നിങ്ങൾ പറയുന്നതു സത്യമായിരിക്കട്ടെ, അസത്യമായിരിക്കട്ടെ; പാലനീയമായ രാജനിയമത്തെ ഉല്ലംഘിച്ചതിനാൽ നിങ്ങൾ ദണ്ഡയോഗ്യനാണു്.

ശൂദ്രകൻ—മഹാരാജാവേ, ഞാൻ ദണ്ഡയോഗ്യനാണെങ്കിൽ—രാജനിയമത്തെ ലംഘിച്ചിട്ടുണ്ടെങ്കിൽ—അങ്ങു് എന്നെ ഇപ്പോൾ തന്നെ ശിക്ഷിച്ചാലും. അങ്ങു് ഭാരതസമ്രാട്ടാണു്; ഞാൻ വെറും ഒരു രാജാവുമാത്രം. എന്നാൽ അയോദ്ധ്യാധിപ, ഞാൻ അപരാധിയാണോ എന്നു് അങ്ങു് അല്പം ആലോചിച്ചുനോക്കിയാലും. ഞാൻ കൊലയോ കവർച്ചയോ ചെയ്തിട്ടില്ല, രാജദ്രോഹം പ്രവത്തിച്ചിട്ടില്ല, വ്യഭിചാരം ചെയ്തിട്ടില്ല. ഞാൻ കലുഷമായ സംസാരചിന്തകളിൽ നിന്നു് ജർജ്ജരമായ അന്തഃകരണങ്ങളെ വിനിവത്തിച്ചു പരബ്രഹ്മത്തിൽ ഉറപ്പിച്ചു. എന്റെ ചിത്തത്തെ ആ അനാദിയും, ആ ഗംഭീരനും, ആ അസീമവൈഭവശാലിയും, ആ നിത്യനും ആയ ഭഗവാന്റെ ദിവ്യചരണങ്ങളിൽ സമർപ്പിച്ചു. ഇതാണു് എന്റെ അപരാധം. ആ ഭഗവാൻ തന്നെ എന്റേയും അവിടുത്തേയും സകല ബ്രഹ്മാണ്ഡത്തിന്റേയും ഭഗ

വാൻ. അദ്ദേഹത്തിനെ ഉപാസിക്കുന്നതിനു് എല്ലാക്കും അധികാരമില്ലേ? ജീവിതത്തിൻെറ നിസ്സാരതയെ ബ്രാഹ്മണബുദ്ധിക്കു മാത്രമേ ഗ്രഹിക്കാൻ കഴികയുള്ളു എന്നു വരുമോ എന്താ! ശൂദ്രനു മനസ്സിഷ്ടം എന്നൊന്നു് ഇല്ലെന്നുണ്ടോ? ശൂദ്രനു സേവകവൃത്തി മാത്രമേ ഈശ്വരൻ ഉദ്ദേശിച്ചിട്ടുള്ളുവെങ്കിൽ, അദ്ദേഹം അവനു കൈകാലുകൾ മാത്രം നല്കിയാൽ പോരായിരുന്നോ? ജ്ഞാനകർമ്മേന്ദ്രിയങ്ങൾ എല്ലാം എന്തിനു നല്കി?

രാമൻ—ശൂദ്രരാജ, ഈ യുക്തികൾ ഒക്കെ വ്യർത്ഥമാണു്. നിങ്ങൾ രാജനിയമത്തെ ലംഘിച്ചിരിക്കുന്നു. അതിൻെറ ശിക്ഷ അനുഭവിച്ചേ മതിയാവൂ. അതിനു വിധിവിഹിതമായ ദണ്ഡം പ്രാണദണ്ഡമാണു്. ഒന്നുകിൽ ആത്മസമർപ്പണം ചെയ്യുക, അല്ലെങ്കിൽ യുദ്ധത്തിനു് ഒരുമ്പെടുക. വേഗം വാളോ വില്ലോ എടുത്തുകൊണ്ടു വരിക. അഥവാ സൈന്യസമേതം യുദ്ധംചെയ്യണമെന്നു് ആഗ്രഹമുണ്ടെങ്കിൽ ഇന്നു സന്ധ്യയ്ക്കു് യുദ്ധഭൂമിയിൽ വരണം. അതാ ദൂരത്തു കാണുന്ന സാന്ദ്രവൃക്ഷച്ഛായയിലാണു് എൻെറ സൈന്യ ശിബിരം.

ശൂദ്രൻ—രാമചന്ദ്ര, യുദ്ധമോ? ഞാൻ ഹിംസാപരമായ യുദ്ധത്തെ എന്നേ കൈവിട്ടിരിക്കുന്നു. ഇതാ ഞാൻ നിരായുധനായി അവിടുത്തെ മുന്നിൽ നില്ക്കുന്നു. പ്രാണശിക്ഷ നല്കിയാലും.

ലക്ഷ്മണൻ—മഹാരാജാവേ, ക്ഷമിച്ചാലും; പുരുഷോത്തമ, ഈ വൃദ്ധർ ഋഷീശ്വരനാണു്.

രാമൻ—ലക്ഷ്മണ, വസിഷ്ഠാജ്ഞ അലംഘ്യമാണ്.

(വാള ഊന്നു.)

ശൂദ്രകപത്നി—നിഷ്ഠുര, കഠിന, കാപുരുഷ, നിങ്ങളാണോ രാവണനെ യുദ്ധത്തിൽ ജയിച്ച മഹാവീരൻ? നിങ്ങളാണോ ധർമ്മാത്മാ? രാമ, നിങ്ങൾക്കു ധിക്കാരം! നിരായുധനായ തപസ്വിയുടെ ശരീരത്തിൽ ആയുധം പ്രയോഗിക്കാൻ ലജ്ജയില്ലാത്ത നിങ്ങൾക്കു ധിക്കാരം! വീരവരനാണെങ്കിൽ, ശൂദ്രരാജപത്നിയായ എന്നെ ഹനിക്കുക. പത്നിയുടെ മുമ്പിൽവെച്ച് വൃദ്ധതാപസൻെറ ശിരഃശ്ഛേദം ചെയ്യുന്നതിന് നിങ്ങളുടെ ദക്ഷിണഹസ്തം എങ്ങനെ പൊങ്ങുന്നു? ഈ ശാന്തവും സൌമ്യവും സ്ഥിരവും പവിത്രവുമായ മുഖത്തെ ഒന്നു നോക്കു. എന്നിട്ടും ഈ ശരീരത്തിൽ നിശിതാസ്ത്രം പ്രയോഗിക്കാൻ നിങ്ങളുടെ കൈയ്യ് ഉയരുന്ന പക്ഷം നിങ്ങൾ മനുഷ്യനല്ല. നിങ്ങളുടെ മനുഷ്യശരീരത്തിൽ രാക്ഷസഹൃദയമാണിരിക്കുന്നത്.

രാമൻ—അതേ, ഞാൻ നിർമ്മമനും നിഷ്ഠുരനും ആണ്—എനിക്കു ഹൃദയമില്ല. രാജാവിൻെറ ന്യായവിചാരം ദയാവിഹീനമാകുന്നു. രാജാവിനു് ഒരു സുഖാനുഭവത്തിനും അവകാശമില്ല. നീരസകർത്തവ്യപാലനം ഒന്നേ രാജാവിനുള്ളു. രാജാവിനു സ്നേഹം മിഥ്യാസ്വപ്നസദൃശമാണ്.

ശൂദ്രകപത്നി—മഹാരാജാവേ, രാജാവിൻെറന്യായവിചാരം ദയാശൂന്യവും ക്ഷമാഹീനവും ആണെന്നോ? ഇതു് ആരു പറയുന്നു? ഈ വിശ്വം മുഴുവനും ക്ഷമയ്ക്കു അധീനമല്ലേ? പ്രഭോ, കേവലം പുണ്യത്തിൻെറ

പ്രാബല്യത്താൽ ആരു മുക്തി അടയുന്നു? ക്ഷമയാൽ ആർദ്രമാവാത്ത ന്യായവിചാരം പീഡാപരപര്യായമാകുന്നു. അങ്ങ് സമ്രാട്ടാണ്—ക്ഷത്രിയകുലശ്രേഷ്ഠനാണ്. എന്റെ പതിയോടും ക്ഷമാപൂർവ്വം വർത്തിച്ചാലും. ഈ സ്ത്രീയുടെ വാക്കിനെ അവിടുന്ന് തള്ളിക്കളയരുത്.

(പാദത്തിൽ വീഴുന്നു)

രാമൻ—വീരപത്നി, എഴുന്നേല്ക്കു. നിങ്ങളുടെ ഈ അനുഗ്രഹം സാധിച്ചുതരുന്നതിന് ഞാൻ സമർത്ഥനല്ല.

ശൂദ്രകപത്നി—ഇത്ര കേണുവീണു പ്രാർത്ഥിച്ചിട്ടും ഈ കഠിനകൈ വിടുകയില്ലെന്നോ? കഷ്ടം! കഷ്ടം! പ്രാണഹത്യ ചെയ്തിട്ടുള്ളവർപോലും രാജാക്കന്മാരുടെ ക്ഷമയ്ക്കു പാത്രമാകാറുണ്ട്. എന്റെ സ്വാമി ക്ഷമയ്ക്ക് അർഹനാവാത്ത വിധത്തിൽ അത്ര വലിയ പാതകിയോ? മഹാരാജാവേ, ഇതിനെ ഞാൻ എങ്ങനെ ഗ്രഹിക്കേണ്ടു?

ശൂദ്രക—റാണി, ഭവതി പോവുക. ഭവതി വീരപത്നിയല്ലേ? കാതരഭാവം പൂണ്ട് ഈ മാതിരി അനുരോധവും ഈ മാതിരി പ്രാർത്ഥനയും ചെയ്യുന്നതു് ഭവതിക്ക് ഉചിതമാണോ? ഈ ജീവനിൽ ഇത്ര മമതയ്ക്കു വക എന്തിരിക്കുന്നു? ഇത്രകാലമായി, പ്രിയശിഷ്യയെന്നോണം എന്നെ ഉപചരിച്ച് എന്റെ ഉപദേശം വാങ്ങിയ ഭവതി പഠിച്ചതു് ഇതാണോ? പോവുക! ഇതുനമ്മുടെ അന്ത്യസമാഗമമാണ്; അടുത്ത ജന്മത്തിൽ വീണ്ടും നമുക്ക തമ്മിൽ കാണാം.

ശൂദ്രകപത്നി—ഇല്ല; ഒരിക്കലും ഞാൻ അനുവദിക്കയില്ല. രാമചന്ദ്ര, എൻെറ മുമ്പിൽ വെച്ച് അങ്ങേയ്ക്കു സ്വാമിയേ നിഗ്രഹിക്കാൻ സാധിക്കുമെന്നു വിചാരിക്കേണ്ട. ആദ്യമായി ആ വാൾ എൻെറ ഹൃദയത്തിൽ കുത്തിയിറക്കീട്ട്, പിന്നീട് എൻെറ പ്രാണനാഥൻെറ പ്രാണനെ വേണമെങ്കിൽ ഹരിച്ചുകൊള്ളുക.

രാമ—ഈ ശൂദ്രസ്ത്രീയേ ഇവിടെനിന്നും പിടിച്ചുമാററുക.

ശൂദ്രകപത്നി—കൊച്ചുമിടുക്ക, എൻെറ ശരീരത്തിൽ ആരെങ്കിലും തൊടുകയോ? അതുവേണ്ട, എന്നാൽ ആവട്ടേ. എൻെറ പ്രാണനാഥന് പ്രാണദണ്ഡം നല്കുക. ഞാൻ ഈ കണ്ണുകൾകൊണ്ടുതന്നെ കാണട്ടേ. എൻെറ മുമ്പിൽ വെച്ചുതന്നേ, നിസ്തബ്ധമായ അന്ധകാരത്തിൽ സംഗീതം അവസാനിക്കട്ടേ; പ്രകാശം അസ്തമിക്കട്ടേ.

രാമ—ശൂദ്രക, തയ്യാറാവുക.

ശൂദ്രകൻ—മഹാരാജാവേ, ഞാൻ എപ്പോഴേ തയാറായിരിക്കുന്നു.

(രാമൻ ശൂദ്രകൻെറ ശിരശ്ഛേദം ചെയ്യുന്നു അല്പം ദൂരത്തു മാറിനിന്ന് ശൂദ്രകപത്നി അതിനെ നോക്കിക്കൊണ്ടിരിക്കുന്നു)

ശൂദ്രകപത്നി—ഇതു നന്നായി; ഇതു വളരെ നന്നായി. പ്രഭോ! പോയാലും. പ്രാണേശ്വര, അങ്ങ് ജയിച്ച സ്വർഗ്ഗധാമത്തിലേയ്ക്കു പോയാലും. ഹേ! രാവണവിജയിയായ വീര ക്ഷത്രിയ, നീ സദാ നാരകീയയന്ത്രണം അനുഭവിക്കുക. നിൻെറ അനുതപ്തമസ്തകത്തിന്മേൽ വിധാതാവിൻെറ അനുകമ്പ കണികപോലും ഒരിക്കലും

പതിക്കാതിരിക്കട്ടെ. നീ അയശസ്സിൻേറയും, അശാന്തിയുടേയും, അസുഖത്തിൻേറയും അനന്തമായ അന്ധകാരത്തിൽ അയോദ്ധ്യയ്ക്കു തിരിച്ചുപോവുക. നിൻേറ ഗൃഹം നിനക്കു സർപ്പത്തിൻേറ ബിലമെന്നോണം സദാ ഉദ്വേഗകാരണമായ് ഭവിക്കട്ടെ; കോമളമായ പുഷ്പശയ്യ നിനക്ക് ശാന്തിസുഷുപ്തിവിഹീനമായ കണ്ടകശയ്യയായിത്തീരട്ടെ. മഹാരാജാവേ, ഇന്ന് നീ ഇവിടെ ജ്വലിപ്പിച്ച തീയിൽ നീ തന്നേ പതിച്ച് സദാ പൊരിയാൻ ഇടവരട്ടെ.

(കർട്ടൻ വീഴുന്നു)

---

# നാലാം അങ്കം

## ദൃശ്യം ൧

സ്ഥാനം—അന്തഃപുരം.

സമയം—അർദ്ധരാത്രി.

(രാമനും കൌസല്യയും.)

കൌസല്യ—മകനേ, ആശ്വസിക്കു, ആശ്വസിക്കു. നിൻേറ ഈ ഘർമ്മനിശ്വാസിതങ്ങളും, ദീനവും ശുഷ്കവും ആയ നേത്രങ്ങളും, ഛിന്നിച്ചിതറിക്കിടക്കുന്ന കേശങ്ങളും ശുഷ്കവദനവും, ശീർണ്ണവും ദുർബ്ബലവുമായ ശരീരവും കണ്ടിട്ട് എൻേറ മാറിടം പിളരുന്നു. പ്രാണാധിക

പുത്ര, നിൻെറ ഈ ദശകാണുമ്പോൾ ദുഃസ്സഹമായ വ്യഥയുണ്ടാവുന്നു. മകനേ, രാമ, നീ എന്തിനു് ഇങ്ങനെ പൊടിയണിഞ്ഞു് നിലത്തു കിടക്കുന്നു? ഈ മാതിരി വേഷം നിനക്കു ചേരുമോ? നീ മഹാരാജാവല്ലേ?

രാമൻ—അതേ, ശരിതന്നെ. വാസ്തവത്തിൽ ഞാൻ മഹാരാജാവാണു്.

കൌസല്യ—ഇങ്ങനെ ആയാൽ ആളുകൾ എന്തുപറയും? പത്നീശോകത്താൽ നീ ഇത്ര അധീരനായാൽ നിൻെറ അനുജന്മാർ എന്തുചെയ്യും? അല്പം ധൈൎയ്യമവലംബിക്കൂ.

രാമൻ—എന്തു ചെയ്യുമെന്നോ? ഇഷ്ടമുള്ളതു ചെയ്തുകൊള്ളട്ടെ. എന്നാൽ എൻെറ അനുജന്മാൎക്കു, രാമൻ ചെയ്തതുപോലുള്ള കൎമ്മങ്ങൾ ചെയ്യാൻ ഇടവരാതിരിക്കട്ടെ എന്നു് ഞാൻ ത്രിവിധകരണങ്ങളാലും ആശീർവദിക്കുന്നു. ജനങ്ങൾ എന്തുപറയുമെന്നോ? അവൎക്കു ഇഷ്ടമുള്ളതു് പറഞ്ഞുകൊള്ളട്ടേ. സന്ധ്യാകാലത്തു് പ്രജകൾ ഓൎക്കാതെയോ നേരംപോക്കായി പോലുമോ എൻെറ നാമം ഉച്ചരിക്കാതിരിക്കട്ടേ. ഈശ്വരനോടു് ഈ ഒരു പ്രാൎത്ഥനയേ ഞാൻ ചെയ്യുന്നുള്ളൂ.

കൌസല്യ—രാമ, നീ എന്തിനു് പശ്ചാത്താപാഗ്നിയിൽ വീണു് ഇങ്ങനെ പൊരിയുന്നു? വിധാതാവിൻെറ നിശ്ചയം പോലെ എല്ലാം നടന്നു.

രാമൻ—വിധാതാവിൻെറ നിശ്ചയമോ?

കൌസല്യ—അതേ, മകനെ, എഴുന്നേല്ക്കു. നിത്യവും രാത്രിയിൽഉറക്കമിളച്ചാൽ ശരീരം എത്രനാൾ നിലനില്ക്കും?

രാമൻ—അമ്മേ, ഞാൻ ഇത്രനാളും ജീവിച്ചിരുന്നതാണ് എനിക്ക് ആശ്ചര്യം. ഈ ശരീരം എന്നു വിട്ടുപോകുമോ അന്നുമുതല്ക്കാണ് എൻെറ സാക്ഷാൽ ജീവിതം ആരംഭിക്കുന്നതു്. എൻെറ പ്രിയജനനി, എൻെറ ഈ ഹൃദയത്തിൽ എന്തെല്ലാം യന്ത്രണകൾ—എന്തെല്ലാം ചിന്തകൾ—കലങ്ങി മറിഞ്ഞുകൊണ്ടിരിക്കുന്നുവെന്ന് അമ്മയ്ക്കു് അറിഞ്ഞുകൂടാ. അത്യന്തം ദുസ്സഹമായിരിക്കുന്നു. ഹൃദയം പൊട്ടിയുന്നു. അഹോ! ആ സതീരത്നത്തിൻെറ ഹൃദയത്തിൽ എന്നോടു് അഗാധമായ വിശ്വാസവും അനന്തമായ പ്രേമവും ഉണ്ടായിരുന്നിട്ടും ഞാൻ അവളോടു് എന്തൊരു കഠിനക്രൈയാണു് പ്രവൎത്തിച്ചതു്? ഞാൻ അവൾക്കു നിൎവാസനദണ്ഡം വിധിച്ച കാലത്തു് ആ അത്യാചാരത്തിൻെറയും അനീതിയുടേയും കാഠിന്യത്തെ അറിഞ്ഞില്ല. എൻെറ ഈ കൈകൾ അഗാധമായ ആ പ്രേമത്തെ അവമാനിക്കയാണു ചെയ്തതെന്നുള്ള കഥയും ഞാൻ അപ്പോൾ ഓൎത്തില്ല. അനുജനായ ഭരതനും സഹോദരിയായ ശാന്തയും കാല്ക്കൽ വീണു് ഇരന്നു; എന്നിട്ടും അതു് എൻെറ ബുദ്ധിയിൽ എത്തിയില്ല. അമ്മയും മുട്ടുകുത്തി എന്നോടു കരുണാഭിക്ഷ അൎത്ഥിച്ചു. എന്നിട്ടു ഞാൻ വകവച്ചോ? ഞാൻ പരസ്പര വിപരീതമായ കൎത്തവ്യങ്ങളുടെ ഇടയിൽപ്പെട്ടു വലഞ്ഞുകൊണ്ടിരിക്കവേ, പ്രാണേശ്വരിയായ ജാനകി പുഞ്ചിരി തൂകിക്കൊണ്ടു് എൻെറ സമീപത്തു വന്നു് എൻെറ രണ്ടു കൈകളേയും പിടിച്ചിട്ടു്, "പ്രാണനാഥ, എഴുന്നേല്ക്കു, ഞാൻ വനത്തിൽ പോകുന്നു. അങ്ങു് സുഖമായിരു

ന്നാലും. ഈ ദാസിക്കു വേണ്ടി അങ്ങു് ഒട്ടും ദുഃഖിച്ചിട്ടാവശ്യമില്ല" എന്നു പറഞ്ഞു. എന്നിട്ടും എൻെറ ബുദ്ധി ശരിക്കു നിന്നില്ല. അമ്മേ, ഈ ദാരുണമായ ചിന്താഭാരവും മദനാവ്യഥയും പേറിക്കൊണ്ടിരുന്നിട്ടും ജീവിതം അവസാനിക്കാത്തതു് ആരുടെ ശാപത്താലാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. അഹോ! പ്രാണൻ പോകുന്നില്ലല്ലോ.

കൌസല്യ—മകനേ, ഒരു ഉപായവും ഇല്ല. നീ എന്തു ചെയ്യും?

രാമൻ—സ്നേഹമയിയായ ജനനി, പോയി ഉറങ്ങിയാലും. ഈ സംഭ്രമമൊക്കെ എന്തിനു്? ഞാൻ താനേ തലയിൽ വലിച്ചു വച്ച മഹാപാപത്തിൻെറ ഫലം ഞാൻ തന്നെ അനുഭവിക്കട്ടേ. അമ്മയ്ക്കു് എന്തു ചെയ്വാൻ കഴിയും?

കൌസല്യ—മകനേ രാമ, വരൂ. വല്ലവിധത്തിലും ഉറങ്ങാൻ നോക്കു.

രാമൻ—അമ്മേ, ഉറക്കം വരുമെന്നുണ്ടെങ്കിൽ ഞാൻ ഉറങ്ങാതിരിക്കുമോ? ഉറങ്ങിയാൽ കൊള്ളാമെന്നു് എനിക്കും മോഹമുണ്ടു്. അതിനു ശ്രമിക്കാതെയും ഇരിക്കുന്നില്ല. എന്നാൽ എന്തു ചെയ്യാം? നിദ്ര വരുന്നതേ ഇല്ല. അല്പം ഒന്നു മയങ്ങിയെന്നു വന്നാൽ, സ്ഥിരവും ശുഷ്കവുമായ ഹാസ്യത്തിൻെറ ഒരു മങ്ങിയ രേഖ മുഖത്തിൽ ധരിച്ചുകൊണ്ടും, സീതയുടെ കമനീയമൂത്തി, പാഷാണപ്രതിമപോലെ നിശ്ശബ്ദഭർത്സനം ചെയ്യുന്നോ എന്നു തോന്നുമാറും മുന്നിൽവന്നു നില്ക്കുന്നതു കാണാം.

വിധാതാവിൻെറ ഇച്ഛയും വിധാനവും ഇതായി രിക്കാം. ഞാൻ എന്തു ചെയ്യുണ്ടു? അമ്മ പോയി ഉറങ്ങുക. എൻെറ ദേഹം തളരുന്നു; വീഴാൻ പോകുന്നു. ഞാൻ ചെന്നു കിടന്നു ഉറങ്ങാമോ എന്നു നോക്കാം.

(ശയ്യയിൽ ചെന്നു് കണ്ണടച്ചു കിടക്കുന്നു.)

കൌസല്യ—എൻെറ പ്രിയപുത്രൻ ഉറങ്ങി; ഉറങ്ങിക്കൊള്ളട്ടെ. നിദ്രയുടെ ശൈത്യത്താൽ അവൻെറ ശുഷ്ക നേത്രങ്ങൾക്കു ശാന്തിയുണ്ടാവട്ടെ. ഞാൻ പോകുന്നു. രാത്രിയുടെ അന്തിമയാമമായി ഇനി പൂജയ്ക്കുള്ള സാമഗ്രികൾ ഒരുക്കി വെയ്ക്കാം—മകനേ, രാമ, നീ അനുഭവിക്കുന്ന ദുഃഖങ്ങൾ എന്നിലേക്കു പകത്താൻ സാധിച്ചെങ്കിൽ എത്ര നന്നായിരുന്നു!

(പോകുന്നു)

രാമൻ—(കണ്ണു തുറന്നിട്ടു്) ഇല്ല; തപിച്ചിരിക്കുന്ന കണ്ണുകളിൽ ഉറക്കം വരുന്നതേ ഇല്ല. മരുഭൂമിയിൽ ജലകണവാഹിയായ ശീതവായുവിൻെറ പ്രചാരത്തിനു് അവകാശമെവിടെ? ആലസ്യത്താലും നിദ്രാവേഗത്താലും നേത്രങ്ങൾ തുടിക്കുന്നു; ശരീരം ശിഥിലമാകുന്നു. ഞാൻ ഉറങ്ങാൻ കിടക്കുന്നു. എന്നാൽ ഹൃദയത്തിനുള്ളിൽ പെട്ടെന്നു് അഗ്നി ജ്വലിച്ചു തുടങ്ങുന്നു; ആയിരം വൃശ്ചികങ്ങൾ ഒരുമിച്ചു കടിച്ചാൽ ഇത്ര വേദനയുണ്ടാവുകയില്ല. മമ്മസ്ഥാനങ്ങളിൽ തീക്ഷ്ണശല്യങ്ങൾ തറയ്ക്കുമ്പോലെ തോന്നുന്നു. എങ്ങനെ ഉറങ്ങും? ഹൃദയത്തിൽ സീതയുടെ മൂത്തി ഉദിച്ചു പൊങ്ങുന്നു.

ആ മൂൎത്തി അതികഠിനമായി എന്നെ ഭത്സിക്കും പോലെ തോന്നുന്നു. നിരാശയാലും പശ്ചാത്താപത്താലും ഹൃദയാന്തർഭാഗം നിസ്സീമമായ വിഷാദധൂമികയാൽ വ്യാപ്തമായിരിക്കുന്നു. ന്യായം ക്ഷമയേക്കാൾ ഉൽകൃഷ്ടമാണോ? ശാന്തിയേക്കാൾ ചിന്ത ശ്രേഷ്ഠമാണോ? മുക്തിയെക്കാൾ യുക്തി ശ്രേഷ്ഠമോ?— അഹോ! തൎക്കത്തിന്റെ കുചക്രത്തിൽ പതിച്ചു് ഞാൻ സീതയെ പരിത്യജിച്ചു. ഭ്രമം! ഭ്രമം! കേവലം ഭ്രമം തന്നെ. അതിനുവേണ്ടി ഞാൻ ആ ഭയങ്കരയുദ്ധത്തിൽ ഏൎപ്പെട്ടു? അതിനുവേണ്ടി ആ കഠിനചിന്താഭാരമെല്ലാം വഹിച്ചു? അതിനുവേണ്ടി ആ സാഹസകൎമ്മങ്ങളെല്ലാം ചെയ്തു? ആ പരമസാദ്ധ്വിയെയല്ലേ ഞാൻ അന്യായാസേന ഇത്ര വേഗത്തിൽ, ഉണങ്ങിയ പുഷ്പമാല്യം എന്നപോലെ ദൂരത്തു വലിച്ചെറിഞ്ഞു കളഞ്ഞതു്? എനിക്കു ഇനി അവളുടെ പുനർല്ലാഭമുണ്ടാകുമോ? മൂഢമായ ആശ. ഉണൎന്നിരിക്കവേ പകലത്തെ രണ്ടു യാമങ്ങളെ ഉപേക്ഷിച്ചിട്ടു സുഷുപ്തിയുടെ അന്ധകാരത്തിൽ അവയെ വീണ്ടും അന്വേഷിച്ചാൽ എവിടെക്കിട്ടുന്നു? "നിനക്കു് പൂൎമ്മെത്ത കണ്ടകശയ്യയായിത്തീരട്ടെ", എന്നു ശൂദ്രരാജ്ഞി പറഞ്ഞ ആ തിക്തവചനം ഞാൻ ഇപ്പോൾ ഓൎക്കുന്നു. കഷ്ടം! കഷ്ടം! സാധുവും, സംയമിയും, നിസ്പൃഹനും, വിരോധശൂന്യനും, ധൎമ്മനിഷ്ഠനും, ഋഷിയും ആയ ആ ശൂദ്രരാജൻ എന്തു് അപരാധം ചെയ്തിട്ടാണു് ഞാൻ അദ്ദേഹത്തിനെ ഹനിച്ചതു്? അദ്ദേഹത്തിന്റെ ധൎമ്മത്തിനും പുണ്യത്തിനും പുരസ്കാരമായി ഞാൻ അദ്ദേഹത്തിനു പ്രാണദണ്ഡം

നല്കി. ഇന്നു ഞാൻ സന്ദേഹത്താൽ ഹതനാകയാൽ, എന്റെ ധർമ്മാധർമ്മബോധവും, സത്യമിഥ്യാവിവേചനശക്തിയും ന്യായാന്യായവിചാരവും, ചൂർണ്ണീഭവിച്ചിരിക്കുന്നു. വീണ്ടും മയക്കം ബാധിക്കയാൽ നേത്രങ്ങൾ അടഞ്ഞുപോകുന്നു. അല്പം ഉറങ്ങാമോ എന്നു നോക്കട്ടേ.

(വീണ്ടും ശയ്യയിൽ കിടക്കുന്നു)

---

ദൃശ്യം ൨

സ്ഥാനം—രാജസഭ

സമയം—പ്രാതഃകാലം

(രാമനും വസിഷ്ഠനും)

വസിഷ്ഠൻ—രാക്ഷസന്മാരെല്ലാം ഒടുങ്ങി. രാജ്യസീമകൾ നാലുപാടും വർദ്ധിച്ചു. സമുദ്രംമുതൽ ഹിമാലയംവരെ വടക്കും, തെക്കും, കിഴക്കും, പടിഞ്ഞാറും ഉള്ള ജനങ്ങൾ ഗംഭീരസ്വരത്തിൽ പത്തുദിക്കുകളും മുഴങ്ങുമാറു 'ജയ ജയ രാഘവ' എന്നു ഘോഷിക്കുന്നു. വൈഖാനസന്മാരുടെ തപസ്സുകൾ നിർവ്വിഘ്നം നടന്നുവരുന്നു. ശാസ്ത്രജ്ഞന്മാരായ ബ്രാഹ്മണർ ശാസ്ത്രചർച്ചകൾ ചെയ്യുന്നു. ക്ഷത്രിയർ രാജ്യകാര്യങ്ങൾ യഥാവിധി നിർവഹിക്കുന്നു. വൈശ്യർ ദസ്യുഭയം കൂടാതെ കൃഷിവാണിജ്യാദികളിൽ ഏർപ്പെടുന്നു. ശൂദ്രർ ബ്രാഹ്മണാദി ദ്വിജന്മാരെ സേവിക്കുന്നു. സർവജനങ്ങളും

സന്തുഷ്ടരായും നിരാപദരായും കാലയാപനം ചെയ്യുന്നു. കൊടുങ്കാററു ശമിച്ചു; ക്ഷുബ്ധമായിരുന്ന സമുദ്രം ശാന്തമായി. ഇതുതന്നെയാണ് ഉചിതസമയം; രഘുവീര, അശ്വമേധത്തിന് ഇതുതന്നെയാണ് ഉചിതസമയം.

രാമൻ—ഗുരുദേവൻെറ ആജ്ഞയെ ഞാൻ ശിരസാ വഹിക്കുന്നു.

വസിഷ്ഠൻ—അങ്ങനെ ആണെങ്കിൽ യജ്ഞത്തിനു വേണ്ട സാമഗ്രികളെല്ലാം സജ്ജമാക്കുക. സ്വർഗ്ഗീയദേവതകളെല്ലാം സന്തുഷ്ടരാവട്ടെ. നിൻെറ ഭരണകാലത്ത് പൃഥ്വി ധനധാന്യസമൃദ്ധമായ് ഭവിക്കട്ടെ, എന്ന് ഞാൻ ആശീർവദിക്കുന്നു. പ്രജകളെല്ലാം പ്രസന്നരായിരിക്കട്ടെ; സർവാമംഗളങ്ങളും രോഗശോകങ്ങളും നാട്ടിൽനിന്ന് അകലട്ടെ; ദുർഭിക്ഷവും അനാവൃഷ്ടിയും രാജ്യത്തിലൊരിടത്തും ഒരിക്കലും ഉണ്ടാവാതിരിക്കട്ടെ.

രാമൻ—പ്രഭോ! അവിടുത്തെ ആജ്ഞപോലെ.

വസിഷ്ഠൻ—എന്നാൽ തിഥിലഗ്നാദികൾ നോക്കി മുഹൂർത്തം നിർണ്ണയിക്കാം. പക്ഷേ, രാമചന്ദ്ര, ഒരു കാര്യംകൂടി പറയാനുണ്ട്. ഈ യാഗത്തിൽ നിൻെറ സഹധർമ്മിണി ആയിരിക്കുന്നതു് ആരു്? സഹധർമ്മിണിയോടുകൂടാതെ യജ്ഞം നിർവ്വഹിക്കാൻ പാടില്ലെന്നാണ് ശാസ്ത്രവിധി. ഈ പുണ്യത്തിൻെറ അംശഭാഗിനി ആരു്?

രാമൻ—മഹർഷേ, ഞാൻ പത്നീവിഹീനനാണല്ലോ.

വസിഷ്ഠൻ—അതുകൊണ്ടെന്തു്? സപത്നീകനാവണം.

രാമൻ—അങ്ങനെയാണെങ്കിൽ യജ്ഞാനുഷ്ഠാനം അസംഭാവ്യമാണ്; എനിക്കു പത്നിയില്ല.

വസിഷ്ഠൻ—എന്തു്? യജ്ഞം വേണ്ടെന്നു വെയ്ക്കുകയോ?

രാമൻ—അതേ, വേറെ വല്ല ഉപായവുമുണ്ടോ?

വസിഷ്ഠൻ—രാഘവ, യജ്ഞം മുടക്കിയാൽ ദേവഗണം കോപിക്കും.

രാമൻ—കോപിക്കട്ടെ. അല്ലാതെ എന്തു നിവൃത്തി? ഭഗവൻ, ഞാൻ ഒരു ഉപായവും കാണുന്നില്ല.

വസിഷ്ഠൻ—രാജ്യത്തിൽ അനാവൃഷ്ടിയും ദുർഭിക്ഷവും ഉണ്ടാകും.

രാമൻ—അതിനു ഞാൻ എന്തു ചെയ്യും?

വസിഷ്ഠൻ—അകാലമരണം, മഹാമാരി മുതലായവ സംഭവിക്കും.

രാമൻ—ഗുരുദേവ, ഞാൻ എന്തു ചെയ്യട്ടെ? എനിക്കു സഹധർമ്മിണി ഇല്ലല്ലോ.

വസിഷ്ഠൻ—മഹാരാജാവേ, രാജാക്കന്മാക്കു പുനർവിവാഹം ശാസ്ത്രവിഹിതമാണു്.

രാമൻ—എന്തു്? പുനർവ്വിവാഹമോ? മഹർഷേ, ആ ഒരു കാര്യം മാത്രം സംഭാവ്യമല്ല.

വസിഷ്ഠൻ—രാമചന്ദ്ര, എന്തുകൊണ്ടു്?

രാമൻ—എന്തുകൊണ്ടെന്നോ? ഞാൻ തന്നെ പറയണോ? മഹർഷേ, എന്റെ നാവിൽനിന്നു് ഉത്തരം പുറപ്പെടുന്നില്ല. ആരോ വന്നു ഗളമർദ്ദനം ചെയ്യുന്നതുപോലെ തോന്നുന്നു; അശ്രുക്കളാൽ കണ്ഠാവരോധം സംഭവിക്കുന്നു; നേത്രങ്ങൾക്കു മുമ്പിൽ അന്ധകാരം വ്യാപിക്കുന്നു. ഭഗവൻ, ഈ ദാസനോടു് 'എന്തുകൊണ്ടു്?' എന്നു ചോദിച്ചു് പൂർവ്വകഥകൾ ഓർമ്മിപ്പിക്കാതിരി

ക്കണേ. അ പേരു ഉച്ചരിക്കുമ്പോൾ, എൻെറ ഈ പാാപജിഹ്വ, ഉണങ്ങി വരണ്ട ഇലപോലെ പൊടിഞ്ഞുപോകുന്നു. ഭഗവൻ, മതി. ഇനി ഇപ്പോൾ അ പഴയ വ്രണത്തെ എന്തിനു കുത്തിപ്പൊക്കുന്നു? ഋഷിവര, ക്ഷമിക്കുക. സഹനശക്തിക്ക് ഒരു സീമയില്ലേ?

വസിഷ്ഠൻ—വത്സ, അധീരനാവാതിരിക്കു. സ്ഥൈര്യമവലംബിക്കു.

രാമൻ—ഭഗവൻ, സ്ഥൈര്യമവലംബിക്കയോ? ഈ പത്തുപന്ത്രണ്ടു കൊല്ലങ്ങൾക്കിടയിൽ എന്നും, ദിനരാത്രിഭേദം കൂടാതെ ഹൃദയത്തിൽ എന്തൊരു നാരകീയാഗ്നിയാണു് ജ്വലിച്ചുകൊണ്ടിരിക്കുന്നതെന്നു് അവിടുത്തേക്കു് അറിഞ്ഞുകൂടെ. എൻെറ ഈ ശീർണ്ണശരീരം നോക്കുക. പ്രഭാതം മുതൽ സന്ധ്യവരെയും സന്ധ്യമുതൽ പ്രഭാതം വരെയും എൻെറ ഹൃദയം ഉമിത്തീപോലെ നീറുകയാൽ ഈ ദുർദ്ദശ വന്നുകൂടി. നിദ്ര എന്നുള്ള ഒന്നിനെ ഞാൻ അറിയുന്നേ ഇല്ല. രാത്രികാലത്തു ഞാൻ തനിച്ചു്, ഉന്മത്തനെന്നപോലെ രാജമന്ദിരത്തിനുള്ളിലും, പുറത്തും, താഴെയും മുകളിലും, അവിടെയും ഇവിടെയും ചുററി നടക്കുന്നു. പൂർവാകാശത്തിൽ, രഞ്ജിതമേഘോപരി, അരുണൻെറ പ്രഥമകിരണങ്ങളുടെ രേഖ കാണും വരയ്ക്കു് ഞാൻ ഇങ്ങനെ കഴിച്ചുകൂട്ടുന്നു. പന്ത്രണ്ടു കൊല്ലമായി എനിക്കു ശാന്തിയേ ഉണ്ടായിട്ടില്ല. ഭഗവൻ, അധീരനാവരുതെന്നു് അവിടുന്നു പറയുന്നു. പ്രഭോ, അവിടുത്തേക്കു് ഈ തീവ്രയന്ത്രണയെ ഊഹിച്ചറിവാൻ സാധിക്കയില്ലേ? അവിടുന്നു് പ്രഭുവിനു തുല്യം ഉച്ഛ്വാസനത്തിൽ

ഇതുനൻമകൊണ്ടു് ഈ ഭൃത്യനു് ആജ്ഞ നല്കുന്നു. എന്നാൽ ആ ആജ്ഞയുടെ പാലനം എത്ര കഠിനവും ദുഷ്കരവും ആണെന്നു ആലോചിക്കുന്നതേ ഇല്ല.

വസിഷ്ഠൻ—ഈ യജ്ഞം നിർവഹിക്കുന്നതിനു യാതൊരു മാർഗ്ഗവും ഇല്ലെന്നാണോ ഞാൻ ഇതിൽനിന്നു് മനസ്സിലാക്കേണ്ടതു്?

രാമൻ—അതേ, രണ്ടാംവിവാഹം നടത്താതെ യജ്ഞം നിർവ്വഹിക്കാൻ സാധിക്കയില്ലെങ്കിൽ അങ്ങനെ തന്നേ.

വസിഷ്ഠൻ—വസിഷ്ഠന്റെ ആജ്ഞയെ നീ അവഹേളിക്കുന്നു എന്നു ഞാൻ ഇതിൽനിന്നു് മനസ്സിലാക്കട്ടെയോ?

രാമൻ—അങ്ങനെ ധരിക്കുന്ന പക്ഷം നിവൃത്തി ഇല്ല. മഹർഷേ, അവിടുത്തേയ്ക്കു് വേറെ വല്ലതും നിർവഹിക്കേണ്ടതായിട്ടുണ്ടെങ്കിൽ ആജ്ഞാപിച്ചാലും. അവിടുത്തെ ആജ്ഞയ്ക്കു വിപരീതമായി ഞാൻ ഇതേവരെ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ? എന്റെ ഹൃദയപിണ്ഡം പറിച്ചെടുക്കണമെന്നു് അവിടുന്നു് ഇച്ഛിക്കുന്ന പക്ഷം, ഒരു കത്തി കൊണ്ടുവന്നാലും. അവിടുത്തേ ആജ്ഞാനുസാരം എന്റെ ഗൃഹലക്ഷ്മിയായ സീതയെ ഞാൻ ആട്ടിപ്പുറത്താക്കിയില്ലേ? അതുകൊണ്ടും മതിയായില്ലെങ്കിൽ, ഇതാ എന്റെ ഹൃദയം പറിച്ചെടുത്തുകൊള്ളണം. രാമനു മറ്റൊന്നും സഹിക്കാവുന്നതല്ല. എന്റെ ഈ ശരീരത്തെ ദഹിപ്പിച്ചുകൊള്ളുക. സ്വർഗ്ഗദ്വാരം എനിക്കായി ബന്ധിച്ചുകളയുക. എന്റെ ഈ കർമ്മത്തിന്റെ പരിണാമം ഇതൊ

ക്കെയാണെങ്കിലും, എനിക്കു് ഈ മാതിരി ശിക്ഷ
യാണു് നിശ്ചയിച്ചിരിക്കുന്നതെങ്കിലും, ഞാൻ പുനൎവ്വി
വാഹം ചെയ്യുകയില്ലെന്നുള്ള കാൎയ്യം തീൎച്ചയാണു്. നൂറു
ഋഷിമാരെ അവഹേളിക്കേണ്ടതായി വന്നാലും, ജാന
കിയുടെ പുണ്യസ്മൃതിയെ ഞാൻ പരിരക്ഷിക്കതന്നെ
ചെയ്യും.

വസിഷ്ഠൻ—രാമ, നീ ഇന്നു് തീരെ അസ്ഥിരനായിത്തീൎന്നി
രിക്കുന്നു. നിന്റെ മസ്തിഷ്കത്തിനു ചൂടു് പിടിച്ചു
പോയി. അതുകൊണ്ടാണു് നിന്റെ ഉത്തപ്തമായ
ജിഹ്വാഗ്രത്തിൽ നിന്നു ഈ മാതിരി ചുടുവാക്കുകൾ
പുറപ്പെടുന്നതു്. രഘുവര, എനിക്കു് എല്ലാം മനസ്സി
ലായി. പ്രജാരഞ്ജനാൎത്ഥം നീ പ്രാണാധികപ്രേയസി
യായ ആ സീതയെ പരിത്യജിച്ചു. ഇന്നു് പ്രജകളുടെ
മംഗളത്തിനുവേണ്ടി അവളുടെ സ്മൃതിയെ ത്യജിക്കു
ന്നതിനു നിനക്കു സാധിക്കയില്ലെന്നു വരുമോ? രഘു
വര, ഈ ദുഃഖത്തെ എല്ലാം കൈവെടിഞ്ഞിട്ടു്
യാഗത്തെ പൂൎത്തിയാക്കുക. പ്രജാക്ഷേമത്തിനുവേണ്ടി
അശ്വമേധം നിൎവ്വഹിക്കുക.

രാമൻ—ഗുരുദേവ, യജ്ഞം തുടങ്ങുന്നതിൽ എനിക്കു വിരോ
ധമില്ല. എന്നാൽ ഞാൻ ഒരിക്കലും സീതയുടെ പവി
ത്രസ്മൃതിയെ തിരസ്കരിക്കയില്ല. വേണമെങ്കിൽ,
സീതയുടെ സ്വൎണ്ണവിഗ്രഹം ഉണ്ടാക്കിച്ചു്, അതിനെ
ക്കൊണ്ടു് സഹധൎമ്മിണിയുടെ ജോലി സാധിക്കാം.

(കർട്ടൻ വീഴുന്നു.)

## ദൃശ്യം ൩

സ്ഥാനം—ദണ്ഡകാരണ്യം

സമയം—സന്ധ്യാകാലം

(സീതയും വാസന്തിയും ലവകുശന്മാരും) (...

സീത—കുശ, ഞാൻ പറഞ്ഞുതരാം. എന്നാൽ വേറൊരു ദിവസമാകട്ടെ. നിങ്ങൾ രാജപുത്രന്മാരാണെന്നു് തല്ക്കാലം മനസ്സിൽ വെച്ചുകൊണ്ടാൽ മതി. ഞാൻ ഭർത്താവിനാൽ പരിത്യക്തയായ രാജപുത്രിയും രാജവധുവും, രാജപത്നിയും ആണു്.

കുശ—അമ്മ രാജപത്നിയും ഞങ്ങൾ രാജകുമാരന്മാരും ആണെങ്കിൽ, നാം ഈ വിധത്തിൽ വനത്തിൽ അകപ്പെടാൻ കാൎയ്യമെന്തു്?

ലവ—അമ്മേ, എനിക്കും അറിവാൻ വളരെ കൌതുകമുണ്ടു്.

സീത—മകനേ, ഞാൻ വെറും അഭാഗിനിയാണെന്നു മാത്രം തല്ക്കാലം അറിഞ്ഞിരുന്നാൽ മതിയാവും.

കുശ—അമ്മ രാജ്ഞിയായിരുന്നിട്ടും വനവാസം ചെയ്യുന്നതെന്തിന്നു്?

ലവൻ—കൌതുഹലംകൊണ്ടു ചോദിക്കുന്നതാണു്. പറയുന്നതിൽ എന്താണു് ദൂഷ്യം?

വാസന്തി—ഇതിൽ കൂടുതൽ വിവരം വഴിയേ അറിയാം. കുശ, നീ പോവുക. ലവ, നീയും പോവുക. അല്പകാലത്തിന്നുള്ളിൽ എല്ലാം മനസ്സിലാവും.

(കുശലവന്മാർ പോകുന്നു)

സീത—സോദരി, ഇതു തീരെ ദുസ്സഹമായിരിക്കുന്നു. വാസന്തി, കുട്ടികളോടു് എന്റെ യഥാൎത്ഥസ്ഥിതിയെ അറിയിക്കുന്നതിനു് എനിക്കു ലജ്ജ തോന്നുന്നു.

വാസന്തി—സോദരി, ധൈൎയ്യമവലംബിക്കു. ഇന്നും ലോകത്തിൽ ധൎമ്മം നശിച്ചിട്ടില്ല; ഇന്നും പൃഥ്വി പാപം കൊണ്ടു നിറഞ്ഞുകഴിഞ്ഞിട്ടില്ല. പന്ത്രണ്ടു വൎഷം കഴിഞ്ഞിട്ടും രഘുവരൻ പുനൎവ്വിവാഹം ചെയ്തില്ലല്ലോ. അക്കഥ സഖി കേട്ടില്ലേ? ഒരു സ്ത്രീക്കു് ഇതിൽപരം സന്തോഷകരമായ ഒരു വാൎത്ത മറെറന്തുള്ളു? പതിയുടെ വിയോഗവും, നിരാശയും മററു നാനാതരം ദുഃഖങ്ങളും തുച്ഛമായ് ഗണിച്ചിട്ടു്, പൎവ്വതത്തെപ്പോലെ സ്ഥിരതയോടും ധൈൎയ്യത്തോടും, സങ്കോചസന്ദേഹാദികളൊന്നും കൂടാതെയും വൎത്തിക്കുന്നവളാണു ധന്യ. സഹോദരി, നീ അത്യന്തം ഭാഗ്യശാലിനി ആണു്. എന്തുകൊണ്ടെന്നാൽ നിനക്കു പതിയുടെ സ്നേഹവിയോഗം ഇതേവരെ ഉണ്ടായിട്ടില്ലല്ലോ.

സീത—സോദരി പറഞ്ഞതു വാസ്തവമാണു്. ഞാൻ ബുദ്ധിഹീനയായതുകൊണ്ടാണു് ഈ സൌഭാഗ്യത്തെ വിസ്മരിച്ചുകളഞ്ഞതു്. എന്നാൽ വാസന്തി, കുശലവന്മാരുടെ അവസ്ഥയെപ്പററി അല്പം ആലോചിച്ചുനോക്കുക. രാജമന്ദിരത്തിൽ സമ്പദ്ഭിഭവങ്ങൾക്കു മദ്ധ്യേ, രാജസമായ വേഷം ധരിച്ചുകൊണ്ടു നടക്കേണ്ട കുമാരന്മാർ അല്ലേ ഇന്നു ദീനബാലകരേപ്പോലെ വല്ക്കലം ധരിച്ചു് ഈ നിൎജ്ജനവനകുടീരത്തിൽ പാൎക്കുന്നതു്? അവരുടെ ഭാവിയെപ്പററിയുള്ള ചിന്ത എന്റെ ഹൃദയത്തിനു കണ്ടകമായിത്തീൎന്നിരിക്കുന്നു. സോദരീ,

വാസന്തീ, അവരുടെ ഈ ദുർദശ കണ്ടുകൊണ്ടിരിക്കാൻ എനിക്കു സാധിക്കയില്ല. ഞാൻ ഈ ബാലകന്മാരുടെ മാതാവായിരുന്നില്ലെങ്കിൽ—എന്റെ ഗർഭത്തിൽനിന്നു് ഈ കുശലവന്മാർ ജനിക്കാതിരുന്നെങ്കിൽ—എനിക്കു് ഇങ്ങനെ ഒരു ദുഃഖം ഉണ്ടാകുമായിരുന്നില്ല. നേരേ മറിച്ചു്, പതിയുടെ ഈ മാതിരിയുള്ള പ്രേമത്തിന്റെ ഗൌരവം ഓർത്തു ഗർവിക്കയും, ഞാൻ ഭാഗ്യശാലിനികളിൽ വെച്ചു് ഭാഗ്യശാലിനിയാണെന്നു് അഭിമാനിക്കയും ചെയ്യുമായിരുന്നു. ഇന്നു് പ്രസന്നമുഖിയായി അത്യന്തം മനസ്സുഖത്തോടുകൂടി—എനിക്കു മരിക്കുന്നതിനും സാധിക്കുമായിരുന്നു.

(വാല്മീകി പ്രവേശിക്കുന്നു)

സീത—ഭഗവൻ, ഞാൻ അവിടുത്തെ ചരണങ്ങളിൽ നമസ്കരിക്കുന്നു.

വാസന്തി—എന്റെ പ്രണാമത്തേക്കൂടി അവിടുന്നു കൈക്കൊണ്ടാലും.

വാല്മീകി—മകളേ സീതേ, കല്യാണിനീ വാസന്തി, നിങ്ങൾക്കു് ആയുസ്സും സുഖവും നാൾക്കുനാൾ വർദ്ധിക്കട്ടെ.

വാസന്തി—ഋഷീശ്വര, ഈ വേഷത്തിൽ അവിടുന്നു് ഇന്നു് എങ്ങോട്ടുപോകുന്നു? പുറത്തു പുലിത്തോലും, കൈയിൽ കമണ്ഡലുവും, കക്ഷത്തിൽ ദണ്ഡുമായി എങ്ങോട്ടോ തിരിച്ചിരിക്കുന്നതുപോലെ തോന്നുന്നല്ലോ. ആശ്രമത്തിനുള്ളിൽ ഈ വേഷത്തിൽ ഇതിനുമുമ്പു് ഭഗവാനേ, ഞാൻ കണ്ടിട്ടേ ഇല്ല.

വാല്മീകി—ഞാൻ ഇന്ന് ഒരു കാര്യം പറയാനായിട്ടാണു വന്നത്.

വാസന്തി—ഋഷിവര, എന്താണു സംഗതി?

വാല്മീകി—വിശേഷിച്ച് വലിയ കാര്യമൊന്നുമില്ല. എങ്കിലും കേട്ടാൽ നിങ്ങൾ ആശ്ചര്യപരതന്ത്രരായേക്കും.

വാസന്തി—എന്തുകൊണ്ട്?

വാല്മീകി—എന്നാൽ കേട്ടുകൊള്ളുക. ഞാൻ രണ്ടു ദിവസത്തേക്കു പരദേശയാത്ര നിശ്ചയിച്ചിരിക്കുന്നു.

വാസന്തി—അത് എനിക്കു നേരത്തെ മനസ്സിലായി.

സീത—ഭഗവൻ, പരദേശത്തേക്കോ? എങ്ങോട്ട്—ഏതു ദേശത്തേക്ക്?

വാല്മീകി—മറുപടി കേൾക്കുമ്പോൾ നിനക്ക് ആശ്ചര്യമുണ്ടാവും. വളരെ ദൂരത്തേക്കൊന്നുമല്ല. അയോദ്ധ്യവരെ പോകുന്നതേ ഉള്ളു.

സീതയും<br>വാസന്തിയും— } അയോദ്ധ്യവരെക്കോ?

വാല്മീകി—നിങ്ങൾക്ക് ആശ്ചര്യം തോന്നുമെന്നു ഞാൻ പറഞ്ഞില്ലേ? പറയാതിരിക്കയായിരുന്നു നന്ന്.

സീത—അയോദ്ധ്യക്ക് എന്തിനു പോകുന്നു?

വാല്മീകി—'എന്തിനു'' എന്തിനു് എന്നുതന്നെ പിന്നെയും. ഓർക്കുന്നില്ല. വാർദ്ധക്യമായതുകൊണ്ടു് ഓർമ്മക്കേടു പലപ്പോഴും പററാറുണ്ടു്. അയോദ്ധ്യയിൽ നിന്ന്—അതേ അതേ—ക്ഷണം വന്നിട്ടുണ്ടു്.

സീത—ആരുടെ ക്ഷണം?

വാല്മീകി— ബ്രാഹ്മണഭോജനത്തിനുള്ള നിമന്ത്രണം. എൻെറ ഭക്തനായ രാമചന്ദ്രൻ അശ്വമേധം ആരംഭിച്ചിരിക്കുന്നു.

വാസന്തി—(ആലോചിച്ചിട്ട്) ഹാ! അഭാഗിനീ. സീതേ!

വാല്മീകി—എന്തുകൊണ്ടു്? സീത എങ്ങനെ അഭാഗിനിയായി?

വാസന്തി—മഹഷേ, അശ്വമേധമായാൽ സഹധമ്മിണി അടുത്തു വേണ്ടേ? അതിന് ആരു്? യജ്ഞത്തിനു പത്നിയുടെ ആവശ്യമുണ്ടെന്നു് അവിടുന്നുതന്നേ ആയിരം പ്രാവശ്യം പറഞ്ഞിട്ടില്ലേ?

വാല്മീകി—(സ്വഗതം) ഞാൻ വലിയ മൂർഖൻതന്നെ. ഞാൻ ഇക്കായ്യം നേരത്തെ ആലോചിച്ചില്ല. ഇവരുടെ മുമ്പിൽവെച്ചു് യജ്ഞത്തിൻെറ കഥ എന്തിനു പറഞ്ഞു? (പ്രകടം) മകളെ, നിങ്ങൾക്കു യജ്ഞത്തിൻെറ രീതി മനസ്സിലായിട്ടുണ്ടെന്നു് എനിക്കു നിശ്ചയമില്ലായിരുന്നു. രാമചന്ദ്രൻ അശ്വമേധം തുടങ്ങാൻ പോകുന്നുവെന്നു മാത്രമേ ഞാൻ കേട്ടിട്ടുള്ളു. അദ്ദേഹത്തിൻെറ സഹധമ്മിണി ആരെന്നു് എനിക്കു് അറിഞ്ഞുകൂടാ. ഈ സംഗതി അറിയുന്നതിലേക്കും, കുശലവന്മാരുടെ ജനനത്തെപ്പററി രാമനോടു പറയുന്നതിലേക്കും വേണ്ടി മാത്രമാണു് ഞാൻ അയോദ്ധ്യയിലേക്കു തിരിച്ചതു്. വിഹിതവും ഉചിതവുമായിട്ടുള്ള കായ്യമേ ഞാൻ ചെയ്കയുള്ളൂ. കുശലവന്മാക്കു രാജ്യാധികാരം കിട്ടാനുള്ള വഴി ഞാൻ ഉണ്ടാക്കും. രാമൻ പുനർവിവാഹം ചെയ്യുമെന്നു് അറിഞ്ഞുകൊണ്ടു് ഞാൻ ഇവിടെ

എങ്ങനെ അടങ്ങിയിരിക്കും? മകളേ, ധൈര്യമവലംബിക്ക. ഇതുവരെ യജ്ഞം ആരംഭിച്ചിട്ടില്ല.

സീത—ഭഗവൻ, എഴുന്നരുളിയാലും; എൻെറ പുത്രന്മാരുടെ നന്മയ്ക്കു് ഉചിതമെന്നു തോന്നുന്നതു അവിടുന്നു് ചെയ്യുന്നതിൽ വിരോധമില്ല. എന്നാൽ രഘുവരനോടു് എൻെറ വത്തമാനമെന്നും അറിവിക്കരുതേ എന്നൊരു പ്രാത്ഥനയുണ്ടു്. എൻെറ പേരുപോലും അദ്ദേഹത്തിൻെറ മുമ്പിൽവെച്ചു ഉച്ചരിക്കരുതേ!

വാല്മീകി—ഇല്ല, മകളേ, ഞാൻ നിന്നെപ്പററി രാമൻെറ മുമ്പിൽവെച്ചു് യാതൊരു ചർച്ചയും ചെയ്യുമെന്നു നീ ഭയപ്പെടേണ്ട. എന്നാൽ രാമൻ സീതയെ മറന്നു കാണുമെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കു രഘുപതിയേ നല്ലപോലറിയാം. ഞാൻ രാമായണം രചിച്ചതു വെറുതേയല്ല. അവിടെച്ചെല്ലുമ്പോൾ വിധമൊക്കെ മാറിക്കണ്ടാൽ—രാമൻ സീതയേ മറന്നുവെന്നു കണ്ടാൽ—ഞാൻ രാമായണത്തേ തുണ്ടുതുണ്ടായിക്കീറി വെള്ളത്തിൽ ഇട്ടുകളയും; ഞാൻ പറയുന്നതു് സത്യമാണു്. സീതേ, വാസന്തീ, നിങ്ങൾ ഇവിടെ കുശലപൂർവ്വം പാക്കുക; ഞാൻ വേഗത്തിൽ തിരിച്ചുവരാം.

വാസന്തി—ഋഷീശ്വര, ലവകുശന്മാരെ കൂട്ടിക്കൊണ്ടു പോകുന്നുണ്ടോ?

സീത—എൻെറ ജീവിതത്തിൻെറ ഏകാവലംബമായ—എൻെറ നേത്രങ്ങളുടെ പ്രകാശമായ—ബാലകന്മാർ കൂടി പോകുന്നോ? കൊള്ളാം, പോകട്ടേ. ഋഷീശ്വര, അവരെക്കൂട്ടിക്കൊണ്ടു പൊയ്ക്കൊള്ളണം. ഈ ഹൃദയം

70758



വളരെയൊക്കെ സഹിച്ചുകഴിഞ്ഞു. ഇതുംകൂടി സഹിക്കാം. എൻെറ ഹൃദയം പൊടിഞ്ഞുപോയാലും കുട്ടികൾക്കു നന്മവരട്ടേ.

വാല്മീകി—വേണ്ട! കുട്ടികൾ ഇപ്പോൾ ഇവിടെത്തന്നെ ഇരിക്കട്ടേ. തിരിച്ചു വന്നു് ഞാൻ മാതാവിനോടുകൂടിത്തന്നെ കുട്ടികളെക്കൊണ്ടു പൊയ്ക്കൊള്ളാം. എന്നാൽ ഞാൻ പോകുന്നു. നിങ്ങൾക്കു കുശലം.

സീത<br>വാസന്തി } പിതാവേ, ഞങ്ങൾ പ്രണമിക്കുന്നു.

(വാല്മീകി രണ്ടുപേൎക്കും ആശീൎവ്വാദം നല്കീട്ടു് പോകുന്നു)

സീത—(സഗൽഗദം) വാസന്തീ! വാസന്തീ!

വാസന്തീ—സഹോദരി, അഭാഗിനീ സീതേ!

(സീതയെ മാറോടണച്ചുപിടിച്ചുകൊണ്ടു പോകുന്നു)

---

## ദൃശ്യം ൪

സ്ഥാനം—വനാന്തരം

സമയം—പ്രാതഃകാലം

(ലവനും കുശനും)

ലവൻ—ചേട്ടാ, ഞാൻ ഒരു വലിയ വെള്ളക്കുതിരയെ പിടിച്ചുകെട്ടി.

കുശൻ—എവിടെ?

ലവൻ—ആ താലവൃക്ഷത്തിൻെറ ചുവട്ടിൽ ഒരു ലതകൊണ്ടു ബന്ധിച്ചിരിക്കുന്നതു് കാണുന്നില്ലേ?

കുശൻ—ഇതു് ആരുടെ കുതിര?

ലവൻ—എനിക്കു് അറിയാമോ? ആരുടെയോ കുതിര.

കുശ—വരൂ, അതിൻെറ അടുക്കൽ പോയി നോക്കാം. (അടുത്തു ചെന്നിട്ടു്) ഇതു് പോർക്കുതിര അല്ല. ഏതോ ഭടൻെറ വകയായിരിക്കണം.

ലവ—ആയിരിക്കാം.

കുശ—അതു തീർച്ചയാണു്. ഒരു സൈന്യത്തിൻെറ കോലാഹലം ഞാൻ കേട്ടെന്നു തോന്നുന്നു. സമുദ്രം ഇളകിമറിയുന്നതുപോലുള്ള ഒരു ഗംഭീരശബ്ദം ഞാൻ കേട്ടു. ഇന്നലേ നട്ടുച്ചയ്ക്കു് ആകാശം മൂടുമാറു് ഒരു പൊടിപടലം പൊങ്ങുന്നതും ഞാൻ കണ്ടു. ഈ വഴിക്കു് ഒരിക്കലും സൈന്യം കടന്നുപോകാറില്ലല്ലോ. ഇന്നു് എന്തിനു വന്നു?

ലവ—എനിക്കറിയാമോ?

കുശ—വഴക്കം വയ്യാവേലിയുമൊക്കെ എന്തിനു്? യുദ്ധം കൊണ്ടു് ഒരു പ്രയോജനവും ഇല്ല. ഏതോ ഒരു രാജാവു് ദിഗ്വിജയത്തിനായി ഈ വഴിക്കു വന്നതായിരിക്കണം. ലവ, കുതിരയെ വിട്ടുകളയൂ.

ലവ—എന്തിനു വിടുന്നു?

കുശ—അനിയ, ഈ കുതിര അന്യൻെറ വകയാണു്. നമുക്കു് ഈ കുതിരയിൽ യാതൊരു അവകാശവുമില്ല.

ലവ—അന്യൻേറതായിക്കൊള്ളട്ടേ. അവരെന്തിനു് ഈ ആശ്രമത്തിനുള്ളിൽ കുതിരയേ വിട്ടുംവച്ചു പോയി?

കുശ—ഞാൻ പറയുന്നതു നീ കേൾക്കയില്ലേ? ഈ കുതിര നിമിത്തം വലിയ ശണ്ഠ ഉണ്ടായേക്കാൻ ഇടയുണ്ടു്.

നീ എന്റെ വാക്ക വകവെയ്ക്കയില്ലെന്നു ഞാൻ കണ്ടു തുടങ്ങിട്ടു കുറേക്കാലമായി. ഞാൻപോയി അമ്മയെ വിളിച്ചുകൊണ്ടുവരാം.

(പോകുന്നു.)

ലവൻ—(അടുത്തുചെന്നിട്ടു്) എത്ര ലക്ഷണമൊത്ത കുതിര! സർവ്വ ലക്ഷണങ്ങളും തികഞ്ഞു കാണുന്നു. വളരെ ശാന്തനും സൌമ്യനും സുശിക്ഷിതനും ആയിരുന്നിട്ടും വേഗംകൊണ്ടു ഈ മൃഗം അത്യന്തം വ്യഗ്രമായിക്കാണപ്പെടുന്നു. ഇതിന്റെ ഉടമസ്ഥൻ, വരുന്നെന്നു തോന്നുന്നല്ലോ.

(ഒരു ഭടൻ പ്രവേശിക്കുന്നു.)

സൈനികൻ—നീ കുതിരയെ പിടിച്ചു നിർത്തിയോ?

ലവൻ—അതേ, നിർത്തി.

സൈനികൻ—ഇതു രാജാവിന്റെ കുതിരയാണു്; അഴിച്ചുവിടു.

ലവൻ—ഏതു രാജാവിന്റെ?

സൈനികൻ—അയോദ്ധ്യാപതിയുടെ.

ലവൻ—(ആശ്ചര്യപൂർവ്വം) രാമചന്ദ്രന്റെയോ?

സൈനികൻ—അതേ.

ലവൻ—വളരെ നന്നു്!

സൈനികൻ—എന്താണു നന്നായതു്? കുതിരയെ അഴിച്ചുവിടു.

ലവൻ—എന്തിനു്? രാമചന്ദ്രന്റെ കുതിര ഈ ആശ്രമത്തിൽ വന്നതെന്തിനു്?

സൈനികൻ—വന്നതെന്തിനെന്നോ? രാമചന്ദ്രൻ അയോദ്ധ്യയിൽ അശ്വമേധം ആരംഭിച്ചതു നീ അറിഞ്ഞില്ലേ?

ലവൻ—ഇല്ല. അശ്വമേധത്തെപ്പററി ഞാനൊന്നും അറിഞ്ഞില്ല. അതു കേട്ടാൽ അത്ര വലിയ കാൎയ്യമോ? കേട്ടാൽ തന്നെ ഞങ്ങൾക്കെന്താ?

സൈനികൻ—കുതിരയെ പിടിച്ചു നിൎത്തുന്നതു ദ്രോഹമാണ്.

ലവൻ—അങ്ങനെയോ? എന്നെ ദ്രോഹിയായി വിചാരിച്ചുകൊള്ളണം.

സൈനികൻ—നീ ആര്? പിച്ചനോ? വിദ്രോഹിയോ?

ലവൻ—അതേ.

സൈനികൻ—(ചിരിച്ചുകൊണ്ടു്)നീ രാമചന്ദ്രനോടു യുദ്ധം ചെയ്വാൻ പോകയാണോ?

ലവൻ—അതേ—അതിനെന്താ?

സൈനികൻ—നിൻെറ സേന എവിടെ?

ലവൻ—സേനയുടെ ആവശ്യമുണ്ടോ?

സൈനികൻ—രാമചന്ദ്രൻെറ സംഖ്യയില്ലാത്ത ഭടന്മാരോടു തനിച്ചു യുദ്ധം ചെയ്യാനാണോ ഭാവം?

ലവൻ—അതേ, തനിച്ചു യുദ്ധം ചെയ്യും. അതിൽ നിങ്ങൾക്കു ഇത്ര ആശ്ചൎയ്യത്തിനു വകയെന്തു്?

സൈനികൻ—ഹേ! ബാലക, യുദ്ധം എന്നു പറയുന്നതു എന്താണെന്നു് നിനക്കു അറിയാമോ?

ലവൻ—അറിയാമോ ഇല്ലയോ എന്നു നോക്കിക്കൊള്ളണം.

സൈനികൻ—(വിസ്മയപൂൎവം) നീ താപസകുമാരനല്ലേ?

ലവൻ—അല്ല, ഞാൻ ക്ഷത്രിയ കുമാരനാണു്.

സൈനികൻ—ക്ഷത്രിയനോ? ശരി. എന്നാലും വെറും ബാലനാണല്ലോ.

ലവൻ—അല്ല, ഞാൻ ബാലനല്ല.

സൈനികൻ—(ചിരിച്ചുകൊണ്ടു്) പിന്നെ ആരു്? യുവാവോ? വാസ്തവം പറയൂ? യുദ്ധം ചെയ്യാതെ രാജാവിൻെറ കുതിരയെ വിടുകയില്ലേ?

ലവൻ—ഒരിക്കലും ഇല്ല.

സൈനികൻ—ശരി, എന്നാൽ യുദ്ധം ചെയ്യൂ.

ലവൻ—ആരോടു്?

സൈനികൻ—ഇതാ, ഞാൻ മുമ്പിൽ നില്ക്കുന്നതു കണ്ടില്ലേ? എന്നോടു തന്നെ യുദ്ധം ചെയ്യൂ.

ലവൻ—നിങ്ങളോടൊ? നിങ്ങൾ രാമചന്ദ്രനാണോ?

സൈനികൻ—അല്ല, അദ്ദേഹം എൻെറ സ്വാമിയാണു്.

ലവൻ—രാജപുത്രനുമല്ലേ?

സൈനികൻ—അല്ല—രാജപുത്രനുമല്ല.

ലവൻ—ഞാൻ രാജകുമാരനാണു്. രാജാവിനോടോ രാജകുമാരനോടോ അല്ലാതെ മററാരോടും ഞാൻ യുദ്ധം ചെയ്യുന്നില്ല. പോയി നിങ്ങളുടെ സ്വാമിയായ രാമചന്ദ്രനെ വിളിച്ചു കൊണ്ടുവരിക.

സൈനികൻ—ഉദ്ധത ബാലക, രാമചന്ദ്രനോടു നീ യുദ്ധം ചെയ്യുമോ? മൂഢ! മുലകുടി മാറാത്ത നീ രാവണവിജയിയായ രാമചന്ദ്രനോടു യുദ്ധം ചെയ്യുമോ? നിൻെറ സാഹസത്തിനു് ഒട്ടും കുറവില്ലല്ലോ.

ലവൻ—രാമചന്ദ്രൻ രാവണനെ ജയിച്ചതു പരമാത്ഥമോ? സ്ത്രീഹത്യചെയ്തു് അദ്ദേഹം തൻെറ അത്ഭുതപരാക്രമം

വെളിപ്പെടുത്തിയ കഥ ഞാനും കേട്ടിട്ടുണ്ട്. മരത്തിൻെറ മൂട്ടിൽ മറഞ്ഞിരുന്നുകൊണ്ടു ബാലി എന്ന വാനരനേ ഹനിച്ചതും അദ്ദേഹത്തിൻെറ അത്ഭുത വീരത ആയിരിക്കാം. രാമൻ വീരനാണെന്നുള്ളതിനു സംശയമില്ല—ഹീനന്മാരായ വാനരന്മാരുടെ സഹായത്തെ അവലംബിച്ചു രാവണനെ നിഗ്രഹിച്ച രാമൻ പരമാൎത്ഥത്തിൽ വലിയ വീരൻ തന്നേ. ഇങ്ങനെ ഒക്കെ ആണെങ്കിലും രാമൻ രാജപുത്രനും യുദ്ധം ചെയ്യാൻ വിരുതനാണെന്നു അഹങ്കാരമുള്ളവനും ആകയാൽ, നിങ്ങൾ‌പോയി അദ്ദേഹത്തിനെ വിളിച്ചുകൊണ്ടു വരൂ. അദ്ദേഹം എത്രമാത്രം വീരനാണെന്നു ഒന്നു നോക്കാമല്ലോ.

സൈനികൻ—രാമചന്ദ്രൻ യജ്ഞദീക്ഷിതനായി അയോദ്ധ്യയിൽ ഇരിക്കയാണ്. ഇവിടെ അദ്ദേഹത്തിൻെറ സേനാപതിയേ വന്നിട്ടുള്ളു.

ലവൻ—സേനാപതിയുടെ പേരു് എന്തു്?

സൈനികൻ—അദ്ദേഹത്തിൻെറ പേരു് ശത്രുഘ്നനെന്നാണു്.

ലവൻ—(ഹൎഷപൂൎവ്വം) ശത്രുഘ്നനോ? ഇതു വെറും നേരംപോക്കുതന്നെ.

സൈനികൻ—നേരംപോക്കോ?

ലവൻ—ആശ്ചൎയ്യം! ഈ സേനാപതി ഒരിക്കലെങ്കിലും യുദ്ധം ചെയ്തിട്ടുണ്ടോ? ഞാൻ കേട്ടിട്ടില്ല. ഇരിക്കട്ടേ അദ്ദേഹത്തിനെ വിളിച്ചുകൊണ്ടുവരൂ. ഒന്നുമില്ലെങ്കിലും രാജപുത്രനാണല്ലോ. രാമൻ വരില്ലേ?

സൈനികൻ—രാമചന്ദ്രൻ വന്നിട്ടു കാൎയ്യമെന്തു്?

ലവൻ—അദ്ദേഹത്തിൻെറ പേരുകേട്ടിട്ടുണ്ടു്. ഒരു പ്രാവശ്യംകണ്ടാൽ കൊള്ളാം എന്നു ഒരു മോഹം തോന്നി. അത്രേ ഉള്ളൂ.

സൈനികൻ—ഈ കുതിരയേ വിടില്ലേ? എന്നാൽ ഞാൻ സേനാപതിയേ വിളിച്ചു കൊണ്ടുവരാം.

ലവൻ—അല്ലാതെ പിന്നെ കാററിനോടു യുദ്ധം ചെയ്യണോ? രാജപുത്രനായ ലവൻ വെറും ശിപായിയോടു യുദ്ധം ചെയ്കയില്ല.

സൈനികൻ—ഇതു് ഒരു നല്ല നേരംപോക്കിനുള്ള വഴി തന്നേ.

ലവൻ—നോക്കട്ടേ; അയോദ്ധ്യയിലെ വീരന്മാർ എങ്ങനെ യുദ്ധം ചെയ്യുന്നുവെന്നു നോക്കട്ടേ. യുദ്ധത്തിൻെറ പേരു കേൾക്കുമ്പോൾ തന്നെ എൻെറ അംഗപ്രത്യംഗങ്ങൾ തോറും ചുടുരക്തം തിളച്ചു പൊങ്ങുന്നു. ഞാൻ ഇന്നു് രണഭൂമിയിൽ മത്തനെന്നപോലെ ക്രീഡിക്കുന്നുണ്ടു്. എൻെറ രണ്ടുഭുജങ്ങളും തുടിക്കുന്നു. സമരസാഗരത്തിലെ കല്ലോലജാലങ്ങളിൽ ആദ്യമായിട്ടാണല്ലോ ഞാൻ നീന്താൻ പോവുന്നതു്. എൻെറ അസ്ത്രവിദ്യ ഒന്നു പരീക്ഷിച്ചുനോക്കികളയാം.

(സീത പ്രവേശിക്കുന്നു)

സീതേ—ലവ!

ലവൻ—എന്താണമ്മേ!

സീത—നീ കുതിരയേ എന്തിനുപിടിച്ചു നിൎത്തിയിരിക്കുന്നു?

ലവൻ—അമ്മേ, ഈ കുതിര ആശ്രമവനത്തിനുള്ളിൽ കടന്നുവന്നതു കൊണ്ടു തന്നേ.

സീത—കുതിരയേ പിടിച്ചു വെച്ചിട്ട് നീ എന്തുചെയ്യാൻ പോകുന്നു?

ലവൻ—അതിൻെറ പുറത്തുകേറി സവാരി ചെയ്യും.

സീത—ആരെങ്കിലും കുതിരയെ അന്വേഷിച്ചു വന്നാലോ?

ലവൻ—ഒരു ശിപായി വന്നിരുന്നു. യുദ്ധം ചെയ്യാതെ ഞാൻ കുതിരയെ വിട്ടു കൊടുക്കയില്ലെന്നു പറഞ്ഞയച്ചു.

(സംഭ്രമത്തോടുകൂടി കുശനും മുനിബാലകന്മാരും പ്രവേശിക്കുന്നു)

കുശ—അമ്മേ, അമ്മേ ഒരു വലിയ സൈന്യം വന്ന് നമ്മുടെ ഈ ആശ്രമത്തെ നാലുപാടും വളഞ്ഞിരിക്കുന്നു. ഈ കുതിരയെ പിടിച്ചു കെട്ടിയതു കൊണ്ടുണ്ടായ അനത്ഥമാണ് ഇതെല്ലാം.

ലവ—ചേട്ട, നിങ്ങൾ നിശ്ചിന്തനായി അവിടെ ഇരിക്കണം. ഞാൻ യുദ്ധം ചെയ്തുകൊള്ളാം. എനിക്കു ഒരു പേടിയുമില്ല.

കുശ—ഒട്ടുവളരെ ഭടന്മാർ വരുന്നുണ്ട്. നീ തനിച്ചു എന്തു ചെയ്യാൻ പോകുന്നു? ആ മുഴക്കം നീ കേൾക്കുന്നില്ലേ? ലവ, ആ കുതിരയെ വിട്ടുകളയണമെന്ന് ഞാൻ ഇപ്പോഴും പറയുന്നു.

സീത—മകനേ, കുതിരയേ വിട്ടുകളയൂ.

ലവ—അമ്മേ, ഞാൻവിടില്ല. ഞാൻ ശപഥം ചെയ്തുപോയി. ജീവിച്ചാലും ശരി, മരിച്ചാലും ശരി, ഞാൻ കുതിരയേ വിടില്ല. ഒരു ക്ഷത്രിയ ബാലകൻെറ പ്രതിജ്ഞ മിഥ്യയാവുകയോ?—ഞാൻ സത്യലംഘനം ചെയ്യണമെന്ന് അമ്മ പറയുമോ? (കുശനോടു) ചേട്ടൻ, പൊയ്ക്കോളൂ; യുദ്ധം തുടങ്ങട്ടെ. (സീതയോട്) അമ്മയും ഇവിടെ നിന്നു പോവുക. ഭടന്മാർ എത്രയെങ്കിലും

ഉണ്ടായിക്കൊള്ളട്ടേ. ഞാൻ ക്ഷത്രിയവീരനാണു്. സേനാപതിയോടു നേക്കുന്നതിനു ഞാൻ മതിയാവും.

സീത—ലവ, ഒരു കുതിരയ്ക്കുവേണ്ടി നീ യുദ്ധം ചെയ്യാൻ പോകുന്നോ?

ലവൻ—അതേ, യുദ്ധം ചെയ്യാൻതന്നെ പോകുന്നു.

സീത—ഈ വലിയ അക്ഷൌഹിണിയോടോ?

ലവൻ—അതേ, അക്ഷൌഹിണിയോടു തന്നെ.

സീത—തനിച്ചോ?

ലവൻ—അതേ, തനിച്ചു്.

കുശൻ—ഇതു നിൻെറ മൂഢത്വം തന്നെയാണു്.

സീത—(സ്വഗതം) ഇതുതന്നെയാണു് ആ രഘുവരൻെറ തേജസ്സ്. ഈ ദൃഢപ്രതിജ്ഞതയും—ഈ ദപ്പും—ഈ സാഹസവും ഒക്കെ രാമചന്ദ്രനുള്ളതു തന്നേ. ഗവ്വത്താൽ നാസിക വിടരുന്ന ആ രീതിയും, ശൂരത പ്രകടിപ്പിക്കുന്ന ആ ഭാവവും, വിസ്താരമേറിയ മാറിടം വികസിക്കുന്ന ആ മട്ടും, ദൃഢവും നിശ്ചലവും ആയ ആ സ്വാവലംബനശക്തിയും—എല്ലാം അതുപോലെ തന്നെ ഇരിക്കുന്നു. രാഘവൻെറ സാക്ഷാൽ പ്രതിബിംബം ഈ ബാലകൻ തന്നേ. (പ്രകടം) മകനേ, നീയാണു ക്ഷത്രിയവീരൻ; നീയാണു രാജപുത്രൻ; പോ, മകനേ, നീ യുദ്ധം ചെയ്യുക. ഞാൻ ക്ഷത്രിയസ്ത്രീയാണു്. അതുകൊണ്ടു് നിൻെറ രണോത്സാഹത്തിനു ബാധകമായി നില്ക്കുന്നില്ല. ഞാൻ എൻെറ ചരണധൂളിയെ നിൻെറ മസ്തകത്തിൽ ചേത്തിട്ടു

നിന്നെ അശീർവ്വദിക്കുന്നു. ഞാൻ സാധ്വിയാണെങ്കിൽ—പതിപ്രാണയാണെങ്കിൽ--നീ എന്റെ അശീർവ്വാദത്താൽ മൂന്നു ലോകങ്ങളിലേയും വീരന്മാരെ ജയിക്കും.

(പോകുന്നു)

---

ദൃശ്യം ൭

സ്ഥാനം—വനത്തിന്റെ വേറൊരു ഭാഗം

സമയം—മദ്ധ്യാഹ്നം

(സമരവേഷത്തിൽ ലവനും ശത്രുഘ്നനും നില്ക്കുന്നു. ശത്രുഘ്നന്റെ സമീപത്തു് അനേകം സൈനികന്മാരും നില്ക്കുന്നു)

ശത്രുഘ്നൻ—ബാലക, ഉദ്ധതനായ ബാലക, ആയുധംവയ്ക്കു. യുദ്ധം എന്നതു് വെറും കുട്ടിക്കളിയല്ലെന്നു നിനക്കു് ഇതേവരെ മനസ്സിലായിട്ടില്ലായിരിക്കാം.

ലവൻ—യുദ്ധം എന്നതു കളിയല്ലേ? സേനാപതി, ഞാൻ യുദ്ധത്തെ ഒരു കളിയായിട്ടാണു് ഗണിച്ചിരിക്കുന്നതു്.

ശത്രുഘ്നൻ—ആയുധമേററാൽ ശരീരത്തിൽ മുറിവുണ്ടാകുമെന്നു നിനക്കറിയാമോ? വാൾമുനകൊണ്ടു് ശിരസ്സററു വീഴുന്നതു് നീ വല്ലപ്പോഴും കണ്ടിട്ടുണ്ടോ?

ലവൻ—ഹേ വീര, വാസ്തവം പറഞ്ഞാൽ എന്റെ ഉടലിൽ നിന്നു് ശിരസ്സു വേർപെടുന്നതു ഞാൻ കണ്ടിട്ടില്ല. ശരീരത്തിൽ മുറിവേല്ക്കുന്നതിനും എനിക്കിട വന്നിട്ടില്ല.

ശത്രുഘ്നൻ—കുട്ടീ, യുദ്ധത്തിൽനിന്നു പിൻവാങ്ങുക. നിന്റെ കോമളശരീരം ആയുധമേല്ക്കാൻ യോഗ്യമല്ല. നീ വെറും ബാലൻ—മടിയിലിരുത്തിത്താലോലിക്കാൻ യോഗ്യൻ; ഹൃദയത്തോടുചേർത്തു ഓമനിക്കത്തക്ക ശിശു. ഈ കോമളശരീരത്തിലോ ശസ്ത്രപാതം? ശിവശിവ! നിന്റെ മുഖം ചുംബിക്കാൻ തോന്നുന്നു. ഉണ്ണീ, മഹാരാജാവിന്റെ കുതിരയെത്തന്നിട്ടു് വേഗം ചെന്നു് അമ്മയുടെ മടിയിൽ കേറിക്കളിക്കുക.

ലവൻ—യുദ്ധം ചെയ്യാതെ ഞാൻ കുതിരയേ തരില്ല. മനസ്സിലായോ? ശത്രുഘ്ന, നിങ്ങൾ ഉണർന്നിരിക്കയല്ലെന്നുണ്ടോ? അതോ ബധിരനാണോ? എന്നാൽ കേട്ടുകൊള്ളുക. (ഉച്ചസ്വരത്തിൽ) യുദ്ധം ചെയ്യാതെ കുതിരയെ വിട്ടുതരില്ലെന്നു ഞാൻ ശപഥം ചെയ്തുകഴിഞ്ഞു. ഇപ്പോൾ കേട്ടോ?

ശത്രുഘ്നൻ—(ചിരിച്ചുകൊണ്ടു്) അങ്ങനെ ആണെങ്കിൽ, നിവൃത്തി ഇല്ല. ആകട്ടേ, വാൾ ഊരുക.

(വാൾ ഊരി രണ്ടുപേരും യുദ്ധം ചെയ്യുന്നു. ശത്രുഘ്നൻ ആത്മരക്ഷ ചെയ്യുന്നതേയുള്ളു)

ശത്രുഘ്നൻ—ബാലക, നീ ധന്യൻ ആണു്. നിന്റെ ശസ്ത്രശിക്ഷയും കൌശലവും പ്രശംസാവഹമായിരിക്കുന്നു. ലവ, നില്ക്കട്ടേ.

ലവൻ—(നിന്നിട്ടു്) നിങ്ങൾ പരാജയം സമ്മതിച്ചോ?

ശത്രുഘ്നൻ—നല്ല കാര്യമായി! ഓഹോ, ഞാൻ തോററുവെന്നു സമ്മതിക്കുന്നു. വീര, യുദ്ധം നിർത്തീട്ടു കുതിരയെ തിരിച്ചുതരു.

ലവൻ—ഇല്ല, നിങ്ങൾ ചിരിക്കുന്നു. ശക്തിയുണ്ടെങ്കിൽ കുതിരയെ കൊണ്ടു പൊയ്ക്കൊള്ളുക. യുദ്ധത്തിൽ എന്നെ തോല്പിക്കാതെ നിങ്ങൾക്കു കുതിരയെ കിട്ടുകയില്ല. വന്നാലും—യുദ്ധത്തിന്നായി വന്നണഞ്ഞാലും.

ശത്രുഘ്നൻ—എന്നാൽ അങ്ങനെ ആവട്ടെ. നീ ബാലകനെങ്കിലും സിംഹപരാക്രമിയാണ്. നീ വിധിപൂർവ്വകം ശസ്ത്രാഭ്യാസം ചെയ്തിട്ടുമുണ്ട്. അതുകൊണ്ട് നിന്നോടു ബലം പരീക്ഷിക്കുന്നതിൽ ലജ്ജയ്ക്കു ലേശംപോലും അവകാശമില്ല. അതുകൊണ്ടു ആയുധം ധരിക്കുക.

ലവൻ—നിങ്ങൾ വീരൻ തന്നെ.

(വീണ്ടും യുദ്ധം ചെയ്യുന്നു. ശത്രുഘ്നൻ മുറിവേററു മൂർച്ഛിതനായി നിലത്തു പതിക്കുന്നു. അപ്പോൾ ഏതാനും സൈനികന്മാർ വന്നു ലവനെ ആക്രമിക്കുന്നു. ലവൻ അവരെ തോല്പിച്ചു് ഓടിക്കുന്നു)

(ഏതാനും സൈനികന്മാർ പ്രവേശിക്കുന്നു)

ഒന്നാംസൈനികൻ—ഇതെന്തു്? സേനാപതിയുടെ ശിരസ്സിൽ മുറിവേററിരിക്കുന്നല്ലോ.

ശത്രുഘ്നൻ—വെറും മുറിവോ? സാധാരണ മുറിവല്ല. വളരെ ആഴമുള്ള മുറിവാണ്.

രണ്ടാം സൈനികൻ—അദ്ദേഹത്തിനെ ശിബിരത്തിലേക്കു കൊണ്ടുപോവാം. ഇതെന്തു്? ഒരു വലിയ കോലാഹലം കേൾക്കുന്നു.

(അനേകം സൈനികന്മാർ അതിശീഘ്രം പ്രവേശിക്കുന്നു)

മൂന്നാംസൈനികൻ—സ്വാമിൻ, സർവ്വനാശം സംഭവിച്ചു. ശത്രുഘ്നൻ മരിച്ചു എന്നു കേട്ടു് ഭടന്മാർ എല്ലാം ഭയ

വിഹ്വലമായി അയോദ്ധ്യയിലേക്കു ഓടിക്കൊണ്ടിരിക്കുന്നു. വീരകുലാഗ്രണിയായ ലവൻ തനിച്ചു് കാർത്തികേയനെന്നപോലെ അവരെ പിന്തുടൎന്നുകൊണ്ടും ഇരിക്കുന്നു.

വേറൊരുസൈനികൻ—ലവൻ ധന്യനാണു്, മഹാധന്യൻ.

ശത്രുഘ്നൻ—നമ്മുടെ സൈന്യം ഭയപ്പെട്ടു് അയോദ്ധ്യയിലേക്കു ഓടുന്ന കോലാഹലമാണോ ഇക്കേൾക്കുന്നതു്? എന്തു്? അയോദ്ധ്യയിലെ വീരന്മാരെല്ലാം ഇത്ര ഭീരുക്കളായോ? ഒരു ചെറുബാലൻ സിംഹത്തെപ്പോലെ തനിച്ചു് നിന്നു് രാമരാജാവിന്റെ ക്ഷത്രിയസേനയെ എല്ലാം ആട്ടിൻപററമെന്നപോലെ, ഓടിച്ചുകളഞ്ഞിരിക്കുന്നു! ധിക്കാരം! ധിക്കാരം!!

ഒന്നാംസൈനികൻ—സൈനിക, സേനാപതിയേ കൂടാരത്തിലേക്കു കൊണ്ടുപോകുക! വലിയ മുറിവു പററീട്ടുണ്ടു്.

(ശത്രുഘ്നനെ എടുത്തുകൊണ്ടു സൈനികന്മാർ പോകുന്നു.)

രണ്ടാംസൈനികൻ—(നടന്നുകൊണ്ടു്) ഈ ബാലകന്റെ ശസ്ത്രശിക്ഷ അത്യത്ഭുതം! ഈ ക്ഷത്രിയതാപസൻ വീരാഗ്രണി തന്നേയാണു്.

(ലവൻ പ്രവേശിക്കുന്നു)

ലവൻ—എല്ലാവരും ഓടിക്കഴിഞ്ഞു. സൈന്യത്തിന്റെ പൊടിപോലും കാണ്മാനില്ല. ഇതാണോ യുദ്ധം? ഇതു വെറും ഒരു വിനോദം; അല്ലാതെന്തു്? വെറും കുട്ടിക്കളി. ഇനി ആശ്രമത്തിലേക്കു പോകാം. പകൽ അവസാനിക്കാറായി.

(പോകുന്നു)

---

## ദൃശ്യം ൩

സ്ഥാനം—രാജമന്ദിരം

സമയം—അർദ്ധരാത്രി

(രാമൻ തനിച്ച്)

രാമൻ—ചന്ദ്രൻ അസ്തമിച്ചു കഴിഞ്ഞു. ആകാശമണ്ഡലത്തിൽ അതിദൂരത്തു് സപ്തർഷിമണ്ഡലം പതുക്കെപ്പതുക്കെ കീഴ്പ്പോട്ടിറങ്ങിപ്പോകുന്നു. നിർമ്മലവും നിസ്തബ്ധവുമായ വ്യോമത്തിന്റെ നീലഹൃദയത്തിൽ ലക്ഷോപലക്ഷം നക്ഷത്രങ്ങൾ സ്ഫുരിച്ചുകൊണ്ടിരിക്കുന്നു. അതിഗംഭീരമായ വിയദന്ധകാരത്തിൽ സ്ഥാപിതമായ ഈ അനന്തപ്രകാശസാമ്രാജ്യം മൃത്യുവിനെ ജയിക്കുന്ന പ്രേമം എന്നപോലെ വിളങ്ങുന്നു. സംസാരമൊട്ടുക്കു് നിശ്ശബ്ദത വ്യാപിച്ചിരിക്കുന്നു. അതിദൂരത്തായി സരയൂപ്രവാഹത്തിന്റെ നിരന്തരകളരവം മാത്രം അനന്തവിലാപമെന്നപോലെ കേൾപ്പാനുണ്ടു്. ഈ വിശാലനിശ്ശബ്ദതയിൽ അസ്ഫുടകാരുണ്യത്തിനു സമാനം അതിന്റെ പ്രതിധ്വനി ശ്രുതിപഥത്തിൽ പതിയുന്നു. രാജവീഥിയിൽ ഒരു മനുഷ്യനേയും കാണ്മാനില്ല. വാതിലുകളൊക്കെ ബന്ധിച്ചു നിശ്ശബ്ദമായിരിക്കുന്ന ഭവനങ്ങൾ ചിത്രത്തിൽ എഴുതപ്പെട്ടതുപോലെ തോന്നിക്കുന്നു. പുരവാസികളെല്ലാം സുഖനിദ്രയിൽ ലയിച്ചുകഴിഞ്ഞു. അവരുടെ രാജാവിന്റെ ദൃഷ്ടിയിൽ മാത്രം നിദ്ര വരുന്നതേ ഇല്ല. ആലസ്യം നിമിത്തമുണ്ടാകുന്ന മയക്കത്താൽ കണ്ണു താനേ അട

ഞ്ഞുപോകുന്നു. സീതേ! സീതേ! സീതേ! വരൂ. ജാഗ്രൽ സ്വപ്നങ്ങളുടെ ഈ മദ്ധ്യകക്ഷ്യയിൽ നീ ഇറങ്ങി വന്നാലും. പ്രേമം കൊണ്ടല്ലെങ്കിലും ദയകൊണ്ടു്— അനുകമ്പകൊണ്ടു് എന്റെ സമീപത്തു വന്നാലും. ഹാ സീതേ! നീ ഇപ്പോൾ ജീവിച്ചിരിക്കുന്നോ അതോ മരിച്ചുപോയോ? സീതേ, വരൂ, വരൂ; (ഉച്ച സ്വരത്തിൽ) സീതേ! സീതേ! സീതേ!

(സ്വപ്നാവസ്ഥയിൽ ഛായാരൂപിണിയായ സീതയുടെ പ്രവേശം.

രാമൻ—അതേ മൂർത്തിതന്നേ. അതേ നിഷ്ഠുരണമായ പാഷാണപ്രതിമതന്നേ. അതെ അഭൌമവും നിർജ്ജീവവും ആയ പ്രതിമ! ഹാ! അസീമമായ ഖേദത്തെ സ്ഫുരിപ്പിക്കുന്ന ശുഷ്കഹാസത്തിന്റെ ഒരു രേഖ അധരങ്ങളിൽ കാണുന്നു. നേത്രങ്ങളിൽ നിഷ്പ്രഭവും നിഷ്പന്ദവും സുദൂര ശൂന്യത്തിൽ സ്ഥാപിതവും രാഗ വിരാഗാനന്ദാദിഭാവപരിഹിതവും ആയ അതേനോട്ടം ഇപ്പോഴും കാണപ്പെടുന്നു. (മുട്ടുകുത്തിയിട്ടു്) സീതേ, പ്രാണേശ്വരി, പ്രിയേ, ഇന്നു എന്നോടു കൃപതോന്നീട്ടു വന്നതാണെങ്കിൽ വാ തുറന്നു് ഒരു വാക്കു് എന്നോടു സംസാരിച്ചാലും. ഞാൻ എന്നും അളവററ തീവ്രപശ്ചാത്താപാഗ്നിയിൽപ്പെട്ടു് വെന്തു നീറിക്കൊണ്ടിരിക്കുന്നു. എന്റെ അപരാധത്തെ ക്ഷമിച്ചാലും. ഒരു വാക്കു്—ഒന്നേ ഒരു വാക്കെങ്കിലും എന്നോടു സംസാരിക്കണേ! പതിനേഴു വഷമായി ഈ ഘോരമായ അന്തരാഗ്നിയിൽ ഞാൻ നീറിക്കൊണ്ടിരിക്കുന്നു. ദേവീ, പ്രിയേ, പ്രാണേശ്വരി, നീ അവിടെ ഏതു

ദിഗന്തസീമയിലേക്ക് നോക്കിക്കൊണ്ടു നില്ക്കുന്നു? പാഷാണപ്രതിമേ, ഇങ്ങോട്ടൊന്നു നോക്കു; ഈ ദുർബലവും കംകാളമാത്രാവശിഷ്ടവും ആയ ശീർണ്ണശരീരത്തെ നോക്കു. മുഖംകൊണ്ടു് ഒരു വാക്കെങ്കിലും ഉച്ചരിക്കുക! 'ഞാൻ ക്ഷമിച്ചിരിക്കുന്നു.' എന്നു ഒരു പ്രാവശ്യം പറഞ്ഞാൽ മതി.

(സീതയുടെ ഛായമറയുന്നു)

നീ എങ്ങോട്ടുപോകുന്നു? അയ്യോ പൊയ്ക്കളയരുതേ, ഇത്രകാലമായി ഈ ഹൃദയത്തിൽ രാവണൻെറ ചിത 'ധകധക' എന്നു് കത്തിക്കാളിക്കൊണ്ടിരിക്കുന്നു. പറയൂ! പറയൂ—സീതേ—പൊയ്ക്കളയരുതേ.

(സീത നിശ്ശേഷം മറയുന്നു.)

സ്വപ്നം ശിഥിലമായി. ഹാ! എന്തൊരു ജ്വലനം! തലയ്ക്കു് എത്ര കഠിനമായ വേദന! രക്തനാളികളിൽക്കൂടി അഗ്നി പ്രവഹിക്കുന്നു. ഇതെന്തു്? പെട്ടെന്നു ഒരു തണുത്ത കാററു വീശിത്തുടങ്ങിയിരിക്കുന്നു. ആകാശത്തിൽ അതിദൂരംവരെ കാർമേഘപടലം വ്യാപിച്ചുകാണുന്നു. മിന്നൽ ഇടയ്ക്കിടക്കു് തിളങ്ങിക്കൊണ്ടിരിക്കുന്നു. കൂരിരുളാകുന്ന മൂടുപടത്താൽ സൃഷ്ടിജാലം എല്ലാം മൂടപ്പെട്ടതുപോലെ തോന്നുന്നു. ലോകമൊട്ടുക്കു്— നാലുദിക്കിലും—മരണകല്ലോലം പൊങ്ങിവരുന്നു.

ഭയങ്കരമായ അർദ്ധരാത്രി! നന്നായി, ഹേ പ്രിയസഹചരീ, ഭയങ്കര പ്രളയകർത്രിയായ രാത്രീ, ഹേ ഭീമരൂപണിയായ മിത്രമേ, എൻെറ ഹൃദയം എപ്രകാരം അനന്തമായ അന്ധകാരത്താലും ഭയാനകമായ ഹാഹാകാരത്താലും

വ്യാപ്തമായിരിക്കുന്നോ അപ്രകാരം തന്നെയാണു് നിൻെറ ഹൃദയത്തിൻെറ അവസ്ഥയും. നമുക്കു തമ്മിൽ നല്ല ചേർച്ചയുണ്ടു്. ഇന്നു ഞാനും നിന്നോടുകൂടി നിരാശയുടെ ഈ ഘോരാന്ധകാരത്തിൽ കൊടുങ്കാററിൻെറ ഭയങ്കരതരംഗങ്ങളിലേക്കു കുതിച്ചു ചാടുന്നുണ്ടു്.

എന്തൊരു കാളരാത്രി! പത്തുദിക്കുകളേയും മുക്കുമാറു ഘോരമായ മാരിപെയ്തുതുടങ്ങിയിരിക്കുന്നു. കൂടെക്കൂടെ മേഘങ്ങൾക്കിടയിൽകൂടി പ്രളയകാലത്തിലെ പ്രകാശം എന്നപോലെ, മിന്നൽ തിളങ്ങിക്കൊണ്ടിരിക്കുന്നു. ഈ വിദ്യുൽകടകം മൃത്യുവിൻെറ വികടമായ ആർത്തനാദം എന്നപോലെ ഹുങ്കാരധ്വനി പുറപ്പെടുവിച്ചുകൊണ്ടു് ഒരു മൈതാനത്തിൽ നിന്നു മറെറാന്നിലേക്കു പാഞ്ഞുപോകുന്നു. ഹേ, ഭൈരവിയായ രാത്രീ, നീ ഹുങ്കാരപൂർവം പ്രളയകാലത്തിലേ ഭയാനകമായ താളം ഒപ്പിച്ചു നൃത്തം ചെയ്താലും; നൃത്തം ചെയ്താലും!

---

## അഞ്ചാം അങ്കം

### ദൃശ്യം ൧

സ്ഥാനം—വാല്മീകിയുടെ ആശ്രമം.

സമയം—അപരാഹ്നം.

(സീതയും വസന്തിയും ലവകുശന്മാരും)

സീത—മകനേ, ലവ, നീ ഇന്നു് ഒരു വലിയ തെററാണു് ചെയ്തതു്. ഈ സേന രാഘവൻെറതാണെന്നു് നീ

എന്താണു് എന്നോടു പറയാഞ്ഞതു്? രാമചന്ദ്രന്റെ സേനാപതി ശത്രുഘ്നനാണെന്നും എന്തുകൊണ്ടു പറഞ്ഞില്ല?

വാസന്തി—രാമചന്ദ്രൻ നിന്റെ പിതാവും ശത്രുഘ്നൻ ചിററപ്പനും ആണു്.

ലവൻ—രാമചന്ദ്രൻ ഞങ്ങളുടെ പിതാവോ? അമ്മേ ഇതു വരെ ഈ വിവരം ഞങ്ങളോടു പറഞ്ഞില്ലല്ലോ.

സീത—ഞാൻ സർവ്വനാശകാരിണിയായ രാക്ഷസിയാണു്. ഞാൻ നിമിത്തം ഗൃഹത്തിൽ സദാ അമംഗളമേ വരാറുള്ളു. ഹാ കഷ്ടം! എന്നെപ്പോലെ ഭാഗ്യഹീനയായ ഒരു സ്ത്രീ വേറെ എവിടെങ്കിലും ഉണ്ടോ?

കുശൻ—രാമചന്ദ്രൻ--അയോദ്ധ്യാധിപതിയായരാമചന്ദ്രൻ-ആണോ ഞങ്ങളുടെ പിതാവു്? അദ്ദേഹം പരിത്യജിച്ചുകളഞ്ഞ ഭാഗ്യഹീനയായ സീത അമ്മയാണോ?

സീത—അതേ, കുശ, ഞാൻ ഭാഗ്യഹീനയും, സർവ്വനാശകാരിണിയും, പാപിഷ്ഠയും സ്വഗൃഹത്തിൽനിന്നു പുറത്താക്കപ്പെട്ട രാജപത്നിയും ആണു്. രാഘവൻ തന്നെയാണു് ഈ ദുർഭാഗ്യവതിയുടെ സ്വാമി. അഹോ! ഈ സമയത്തു്—ഈ വാർത്ത പറയുന്ന സമയത്തു്—എന്റെ ശിരസ്സിൽ ഇടിത്തീ വീഴുന്നില്ലല്ലോ! മകനേ, കുശ, ഈ വാർത്ത കേട്ടിട്ടു് നിനക്കു് നിന്റെ അമ്മയുടെ പേരിൽ വെറുപ്പു തോന്നുന്നുണ്ടോ? ഞാൻ രഘുകുലത്തിൽ അമംഗളവും, കളങ്കകാളിമയും, വിഗ്രഹവിച്ഛേദവും, അശാന്തിയും വരുത്തിവെച്ചു. ഞാൻ നിമിത്തം ബാലിവധരൂപമായപാപകർമ്മം രാമചന്ദ്രൻ

ചെയ്യേണ്ടിവന്നു; ഞാൻ നിമിത്തം ലങ്കായുദ്ധം ഉണ്ടായി. ഞാൻ നിമിത്തം തന്നെ ശത്രുഘ്നൻ ഇതാ ഇപ്പോൾ മുറിവേല്ക്കാൻ ഇടവന്നിരിക്കുന്നു. ഞാൻ ഇക്ഷ്വാകുവംശത്തിന്ന് ഒരു ബാധതന്നെ. ദുർഭിക്ഷത, മരണം, ഹാഹാകാരം, സർവ്വനാശം എന്നു വേണ്ട എല്ലാ അനൎത്ഥങ്ങളുടേയും വേരു ഞാനാണു്. അയോദ്ധ്യയ്ക്കു ഞാൻ ഒരു ധൂമകേതുവായിത്തീൎന്നു. ഞാൻ പാപമാണു്. അഭിശാപമാണു്. മകനേ, നീ എന്നെ വെറുക്കുന്നോ? കുശ, പറയൂ. നീ എന്നെ വെറുക്കുന്നോ? ഞാൻ വീട്ടിന്നു വെളിക്കാക്കപ്പെട്ടവളാണു്; ദേവതുല്യനായ എന്റെ സ്വാമി, ജീൎണ്ണവസ്ത്രം എന്നപോലെ എന്നെ ദൂരെ എറിഞ്ഞുകളഞ്ഞു. ഇതെല്ലാം ഞാൻ ഇന്നു് അവനതശിരസ്കയായിട്ടു് നിന്നോടു സമ്മതിച്ചു പറയുന്നു. മകനേ, കുശ, പറയൂ. നീ എന്നെ വെറുക്കുന്നില്ലേ? ലവ, പറയൂ. എന്താണു്? എന്നിട്ടും ഒന്നും മിണ്ടാത്തതു്? അരുതു് അരുതു്! നിങ്ങൾ എന്നെ വെറുക്കരുതു്. നിങ്ങളാണു് എന്റെ ഹൃദയത്തിന്റെ ധനം; എന്റെ ജീവിതസൎവ്വസ്വം—എന്റെ നേത്രങ്ങളുടെ ജ്യോതിസ്സു്. ഞാൻ പാപിഷ്ഠയാണു്, അഭാഗിനിയാണു്; എന്നാലും നിങ്ങളുടെ അമ്മ തന്നെ. എത്ര ദീനയും ഹീനയും ആയിരുന്നാലും ഈ ദുർഭഗ അവളുടെ ഹൃദയത്തിലെ രക്തം—മുലപ്പാൽ—നല്കിയാണു് നിങ്ങളെ ഇത്ര മാത്രം വലുതാക്കിവിട്ടതു്. അയ്യോ, നിങ്ങൾ എന്നെ വെറുക്കുന്നുവെന്നു മാത്രം പറയരുതേ? എന്റെ ഹൃദയം പിളൎന്നുപോകും. എന്താണു് നിങ്ങൾ ഒന്നും മിണ്ടാത്തതു്? കുശ! ലവ!

കുശൻ—ഹാ! അഭാഗിനിയും ദുഃഖിതയും ആയ മാതാ!

(പോകുന്നു)

സീത—വാസന്തീ, വാസന്തീ, വരാൻഉള്ളതെല്ലാം ആയി. എന്റെ ദുഃഖത്തിന്റെ പരമസീമ ഇതാണു്. ഇതിലധികം ദുഃഖം എന്താണു് ഉണ്ടാവാനുള്ളതു്? സ്വന്തപുത്രൻ ഘൃണാദൃഷ്ടിയോടുകൂടി അടുക്കൽനിന്നു് പൊയ്ക്കളയുന്നതിനേ കവിഞ്ഞു് പ്രാണാന്തകമായ ദുഃഖം മറെറന്തുള്ളു? വാസന്തീ, എന്റെ നെഞ്ചിൽ ആരോ ഒരു വലിയ ശില കെട്ടിവെച്ചിരിക്കുന്നതുപോലെ തോന്നുന്നു. നേത്രങ്ങൾക്കു മുമ്പിൽ അന്ധകാരം വ്യാപിക്കുന്നു. സോദരി, എന്നെ താങ്ങിക്കൊൾക. (മൂർച്ഛിക്കുന്നു)

വാസന്തി—ലവ!

ലവൻ—അമ്മേ, അമ്മേ.

വാസന്തി—ലവ, വേഗം വെള്ളം കൊണ്ടുവരു. നിന്റെ അമ്മ മൂർച്ഛിച്ചിരിക്കുന്നു.

(ലവൻ പോയി ജലംകൊണ്ടുവന്നു് സീതയുടെ മുഖത്തു തളിക്കുന്നു)

വാസന്തി—സഹോദരി സീതേ, അഹോ! ഞാൻ എന്തു സാന്ത്വനം നല്കേണ്ടു? എന്തു പറഞ്ഞു് എന്റെ സഹോദരിയെ സമാശ്വസിപ്പിക്കേണ്ടു?

ലവൻ—അമ്മേ, എഴുന്നേററാലും, എഴുന്നേററാലും. അമ്മയുടെ പ്രിയപുത്രനായ ലവനാണു വിളിക്കുന്നതു്. എനിക്കു് അമ്മയോടു ലേശം അനാദരമില്ലല്ലോ; പിന്നെ എന്നോടു് ഒന്നും മിണ്ടാത്തതെന്തു്? അമ്മേ മുഖമൊക്കെ

അമ്മയുടെ സ്ഥാനം എൻെറ ഹൃദയത്തിലായിരുന്നു; ഇന്നു മുതല്ക്ക് എൻെറ ശിരസ്സിലായിരിക്കും. പ്രിയ ജനനി, നിങ്ങൾ എൻെറ ആരാധ്യ ദേവതയായിരിക്കുന്നു. എനിക്ക് ആ ചരണധൂളി നല്കി എന്നെ ആശീർവദിച്ചാലും.

(കർട്ടൻ വീഴുന്നു.)

---

## ദൃശ്യം ൨

സ്ഥാനം—രാജസഭ.

സമയം—പ്രാതഃകാലം.

(രാമനും ലക്ഷ്മണനും ഭരതനും അഷ്ടാവക്രാദിമുനികളും)

അഷ്ടാവക്രൻ—മഹാരാജാവേ, യജ്ഞോപകരണങ്ങൾ എല്ലാം സജ്ജമായിരിക്കുന്നു. നിമന്ത്രണം അനുസരിച്ച് അനേകം രാജാക്കന്മാർ മഹാരാജാവിനെ ദർശിക്കാനായി വന്നിട്ടുണ്ട്.

രാമൻ—മുനിവര, ഞാൻ ധന്യനായിരിക്കുന്നു.

അഷ്ടാവക്രൻ—സാഗരപര്യന്തം ഭൂമിയിലെ സർവ്വജനങ്ങളും രാമചന്ദ്രൻെറ ഗുണഗണങ്ങളെ ഗംഭീരസ്വരത്തിൽ വാഴ്ത്തുന്നു. 'അയോധ്യാധിപതി ജയിക്കട്ടേ, രാമചന്ദ്രൻ ജയിക്കട്ടേ' എന്നിങ്ങനെ എല്ലാവരുടെ മുഖങ്ങളിൽനിന്നും ധന്യവാദം പുറപ്പെട്ടുകൊണ്ടിരിക്കുന്നു.

രാമൻ—കുതിര എവിടെ?

ലക്ഷ്മണൻ—മഹാരാജാവേ, യജ്ഞാശ്വം ദണ്ഡകാരണ്യത്തിലാണ്.

രാമൻ—ആരെങ്കിലും യുദ്ധം ചെയ്തോ?

അഷ്ടാവക്രൻ—അയോദ്ധ്യാധിപതിക്ക് ഈ സംസാരത്തിൽ ഏതു ശത്രുവാണുള്ളത്? ദക്ഷിണദിക്കിലുള്ള സകല രാജാക്കന്മാരും നമ്രശിരസ്കരായി രാഘവൻെറ ഏകച്ഛത്രാധിപത്യം സ്വീകരിച്ചു കഴിഞ്ഞതല്ലോ?

(ദ്വാരപാലകൻ പ്രവേശിക്കുന്നു)

ദ്വാരപാലകൻ—മഹാരാജാവിനെ ആശീർവദിക്കാനായി വാല്മീകി മഹർഷി വന്നിരിക്കുന്നു.

രാമൻ—എവിടെ?—അതിശീഘ്രം ചെന്ന് സമ്മാനപുരസ്സരം കൂട്ടിക്കൊണ്ടുവരൂ. ഞാൻ അദ്ദേഹത്തിനെ പ്രതീക്ഷിച്ചു കൊണ്ടിരിക്കയായിരുന്നു എന്നു പറയുക. അല്ലെങ്കിൽ വേണ്ട, ഞാൻ തന്നെ ചെന്നു കൂട്ടിക്കൊണ്ടു വരാം.

ലക്ഷ്മണൻ—വേണ്ട, വേണ്ട, ഞാൻ അദ്ദേഹത്തിനെ എതിരേററുകൊണ്ടുവരാം. ആദ്യമായി അല്പം വിശ്രമം നല്കി അതിഥിസൽകാരത്താൽ സന്തുഷ്ടനാക്കിയതിൻെറ ശേഷം ഇങ്ങോട്ടുകൊണ്ടുവരുന്നതാണ് ഉചിതം. മഹാരാജാവേ! ഞാൻ തന്നെ പോവാം.

രാമൻ—ലക്ഷ്മണ, ശരിതന്നെ. അതിഥി സൽക്കാരത്തിൻെറ കാര്യം എനിക്കു വിട്ടുപോയി. വേഗമാവട്ടെ. അതിവേഗം പോവുക.

(ലക്ഷ്മണൻ പോകുന്നു)

ഭരതൻ—വാല്മീകിമഹർഷിക്ക് നിമന്ത്രണപത്രം അയച്ചു കാണുമെന്നു തോന്നുന്നില്ല. ഞാൻ ഓക്കുന്നില്ല. അതു

ഒരു വലിയ പ്രമാദമായിപ്പോയി. നിമന്ത്രണംകൂടാതെ ഇത്ര ദൂരത്തുനിന്ന് ഇങ്ങോട്ടു വരാൻ ഹേതുവെന്തു്?

രാമൻ—(സ്വഗതം) അദ്ദേഹത്തിന്റെ ആശ്രമത്തിൽ ആണല്ലോ, ഞാൻ നിഷ്ക്കരുണം ഗൃഹത്തിൽ നിന്നു തള്ളിക്കളഞ്ഞ സീത അഭയം പ്രാപിച്ചതു്. ആ ആശ്രമത്തിൽ, ആ കോമളമായ ലത പററിപ്പിടിച്ചിരുന്നു് ഇപ്പോൾ തീരെ ഉണങ്ങിപ്പോയിരിക്കണം. ഹാ! അഭാഗിനി സീതേ! ഈ ഋഷീശ്വരൻ സീതയുടെ സ്മൃതിയാൽ പരിപൂർണ്ണനാണു്. അദ്ദേഹം എന്നാൽ സർവ്വഥാ പൂജനീയനാകുന്നു.

(ലക്ഷ്മണനോടുകൂടി വാല്മീകി പ്രവേശിക്കുന്നു.)

രാമൻ—ഭഗവൻ, രാമൻ ഭഗവച്ചരണങ്ങളിൽ പ്രണമിക്കുന്നു.

വാല്മീകി —മഹാരാജാവേ, ദീർഘായുഷ്മാനായ് ഭവിച്ചാലും. ഞാൻ സകല ബ്രാഹ്മണരേയും നമസ്കരിക്കുന്നു.

(സകല ബ്രാഹ്മണരും വാല്മീകിയെ നമസ്കരിക്കുന്നു.)

വാല്മീകി—(വസിഷ്ഠനോടു്) നിങ്ങളല്ലേ വസിഷ്ഠമഹർഷി?

വസിഷ്ഠൻ—അതേ ഞാൻതന്നേ.

രാമൻ—അവിടുന്നു് ഇത്ര ദൂരം നടന്നു് വളരെ ക്ലേശിച്ചുകാണണം.

വാല്മീകി—മഹാരാജാവേ, നടക്കാതെ നിവൃത്തി ഉണ്ടോ? വെറും തപോബലത്താൽ ദൂരസ്ഥവസ്തു സമീപത്തു വരികയില്ലല്ലോ?

രാമൻ—മഹാഭാഗ, ഇന്നു് അവിടന്നു് എഴുന്നള്ളിയതിനാൽ ഞാൻ കൃതാർത്ഥനായി.

വാല്മീകി—രാജാ രാമചന്ദ്രൻ അശ്വമേധം തുടങ്ങാൻ പോകുന്നുവെന്നു കേട്ടു. ഇതേവരെ രാജാവിനെ ദശ്ശിക്കാൻ എനിക്കു ഭാഗ്യമുണ്ടായില്ല. അതുകൊണ്ടാണു് നിമന്ത്രണം ഒന്നും ഇല്ലെങ്കിലും ഈ ശുഭാവസരത്തിൽ ഇങ്ങോട്ടു വരാമെന്നു നിശ്ചയിച്ചതു്.

രാമൻ—ഭഗവൻ, നിമന്ത്രണപത്രം അയക്കുന്ന ഭാരം ഗുരുദേവനെ ആണു് ഏല്പിച്ചിരുന്നതു്. അവിടുന്നു ക്ഷമിക്കണം.

വാല്മീകി—എനിക്കു നിമന്ത്രണപത്രത്തിന്റെ ആവശ്യമൊന്നും ഇല്ല. ഭിക്ഷാത്ഥന ബ്രാഹ്മണവൃത്തിയാണല്ലോ? ഞാനും ബ്രാഹ്മണനാണു്. ഭിക്ഷകൊണ്ടു തന്നേ ഉദരത്തെ പാലിച്ചു വരുകയും ചെയ്യുന്നു. നിമന്ത്രണം ഉണ്ടായാൽ നന്നു്. ഇല്ലെങ്കിൽ ക്ഷണിക്കാതെ തന്നെ വന്നുചേരും—കൊള്ളാം. അശ്വമേധം വളരെ ശ്രേഷ്ഠമായ ഒരു യജ്ഞമാണു്. അതിലേക്കു ശ്രമം ചെയ്തു തുടങ്ങിയതു് വളരെ ഉചിതമായി. കുലഗുരു വസിഷ്ഠൻ ഉപസ്ഥിതനായിരിക്കുമ്പോൾ ഇങ്ങനെ ഒരു ഉത്തമ യജ്ഞം ആരംഭിക്കാതിരിക്കാൻ തരമില്ലല്ലോ. എന്നാൽ, മഹാരാജാവേ, സഹധമ്മിണി ആരാണു്? ഏതു ഭാഗ്യശാലിനി ആ പൂജ്യപദത്തെ അലംകരിക്കുന്നു?

രാമൻ—സീതയുടെ സ്വണ്ണപ്രതിമവെച്ചു കൊണ്ടു് ഈ യജ്ഞം നിവ്വഹിക്കാമെന്നു ഉറച്ചിരിക്കയാണു്.

വാല്മീകി—ആരു്? എന്താണു് പറഞ്ഞതു്? ഞാൻ തീരെ വൃദ്ധനായിപ്പോയി. കാതു നല്ലപോലെ കേൾക്കയില്ല. ആരാണു്?

രാമൻ—സീതയുടെ സ്വർണ്ണപ്രതിമ.

വാല്മീകി—പരമാർത്ഥമോ?

വാല്മീകി—രാമ, നീ ധന്യനാണ്. വത്സ, ഞാനും ഈ വാർത്ത കേൾക്കയാൽ ധന്യനായി.

രാമൻ—ഞാൻ ധന്യനോ? ഭഗവൻ, രക്ഷിച്ചാലും, രക്ഷിച്ചാലും. ഈ വ്യംഗ്യഭാഷണം നിർത്തേണമേ. ഋഷീശ്വര, അങ്ങയുടെ ഈ ഗൂഢതിരസ്കാരം എന്റെ ഹൃദയത്തെ അത്യന്തം പീഡിപ്പിക്കുന്നു. മഹർഷേ, പത്നീദ്രോഹിയും അത്യാചാരിയും ആയ ഞാൻ ധന്യനായാൽ പിന്നെ ലോകത്തിൽ ആരാണ് പാപിയായിട്ടുള്ളതു്? എന്നെ ധന്യനെന്നു വിളിച്ച് ധിക്കരിക്കരുതേ!

(ദ്വാരപാലകൻ പ്രവേശിക്കുന്നു)

ദ്വാരപാലകൻ—മഹാരാജാവേ, ദണ്ഡകാരണ്യത്തിൽ രാജസൈന്യം ഓടിക്കളഞ്ഞതായി ദൂതൻ വന്നു പറയുന്നു.

രാമൻ—(ഞെട്ടിയിട്ട്) ശീഘ്രം അവനെ വിളിച്ചുകൊണ്ടു വരൂ. അവൻ കൊണ്ടുവന്നിരിക്കുന്ന വർത്തമാനം കേൾക്കാൻ ഞാൻ തയ്യാറായിരിക്കുന്നു.

(ദ്വാരപാലകൻ പോകുന്നു)

രാമൻ—ലക്ഷ്മണ, ഞാൻ ഇന്ന് ഈ ദൂതന്റെ മുഖത്തുനിന്ന് എന്തോ ഒരു അത്ഭുതവാർത്ത കേൾക്കാൻ പോകയാണെന്നു തോന്നുന്നു.

(ദ്വാരപാലകനോടുകൂടി ദൂതൻ പ്രവേശിച്ചിട്ട്, ദ്വാരപാലകൻ പോകുന്നു.)

രാമൻ—ദൂത, എന്തുവാർത്തയുംകൊണ്ടാണു വന്നിരിക്കുന്നതു്?

ദൂതൻ—മഹാരാജാവേ!

(മിണ്ടാതെ നില്ക്കുന്നു)

രാമൻ—പറയൂ—എന്താണ് ഇടയ്ക്കു നിൎത്തിക്കളഞ്ഞതു്?

ദൂതൻ—മഹാരാജാവേ—

രാമൻ—ഇത്രമാത്രമേയുള്ളോ വൎത്തമാനം? അതോ വേറെ വല്ലതും പറയാനുണ്ടോ? എന്താണ് മിണ്ടാതെ നില്ക്കുന്നതു്? വല്ലതും പറയാനുണ്ടോ ഇല്ലയോ?

ദൂതൻ—മഹാരാജാവേ, അഭയം അരുളിയാലും.

രാമൻ—പറയാനുള്ളതു നിൎഭയം തുറന്നു പറഞ്ഞുകൊള്ളുക. എന്നിട്ടും മിണ്ടാൻ ഭാവമില്ലേ? എന്നാൽ ഞാൻചോദിക്കാം. ദണ്ഡകവനത്തിൽ വെച്ചു് കുതിര വല്ലടിക്കിലേക്കും ഓടിപ്പൊയ്ക്കളഞ്ഞോ? ഇനിയും മിണ്ടാതെ മൂങ്ങയെപ്പോലെ നില്ക്കുന്നതെന്തു്? എന്താണ് വിശേഷം? പറയൂ. മിഴിച്ചുനോക്കിക്കൊണ്ടു നില്ക്കാതെ കാൎയ്യം പറയൂ.

ദൂതൻ—മഹാരാജാവേ, കുതിരയെ ഒരു ബാലകൻ പിടിച്ചുകെട്ടി.

രാമൻ—അതിൽപിന്നീടു്?

ദൂതൻ—കുതിരയേ വിടുവിച്ചുകൊണ്ടുവരാനായി മഹാരാജാവിൻെറ അനുജനായ ശത്രുഘ്നൻ പോയി.

രാമൻ—ശത്രുഘ്നൻ പോയോ? എന്നിട്ടു്?

ദൂതൻ—ശത്രുഘ്നൻ മുറിവേററു ബന്ധിതനായി.

സഭാവാസികൾ—ഭ്രാന്തുപിടിച്ചോ? ഭ്രാന്തുപിടിച്ചോ? വെറുംനേരം പോക്കു പറയുന്നോ?

രാമ—ഒരു അത്ഭുതസമാചാരം കേൾക്കാൻ പോകയാണെന്നു ഞാൻ നേരത്തെ പറഞ്ഞില്ലേ? (ദൂതനോടു) നീ

ദിവാസ്വപ്നം കാണുകയാണോ? പോകൂ, നിനക്കു ഭ്രാന്തു പിടിപെട്ടു കാണണം. ഒരു വെറും ബാലനാൽ ശത്രുഘ്നൻ പരാജിതനാവുകയോ?

വാല്മീകി—(ദൂതനോട്) ഈ ബാലകന്റെ പേരു് എന്താണു്?

ദൂതൻ—ലവൻ എന്നു്.

വാല്മീകി—ലവനോ? ദണ്ഡകവനത്തിനടുത്തുവെച്ചാണോ ഈ സംഭവം?

ദൂതൻ—അതേ.

വാല്മീകി—ബാലനു പത്തുപതിനേഴു വയസ്സു പ്രായം കാണുമോ?

ദൂതൻ—അതേ, അത്ര പ്രായമേ തോന്നുകയുള്ളൂ.

വാല്മീകി—(രാമനോട്) മഹാരാജാവേ, ഈ ദൂതൻ പറഞ്ഞതു മുഴുവനും പരമാർത്ഥമായിരിക്കാനാണു് ഇടയുള്ളതു്. ഈ ലവനെ ഞാൻ അറിയും.

രാമൻ—മഹർഷേ, ഈ ദൂതൻ പറയുന്നതു സത്യമാണെന്നോ? മുലകുടി മാറാത്ത ഒരു പയ്യൻ ശത്രുഘ്നനെ ജയിച്ചു കാൺമെന്നു മഹർഷി വിശ്വസിക്കുന്നോ? നല്ല നേരം പോക്കുതന്നെ.

വാല്മീകി—മഹാരാജാവേ, നേരംപോക്കൊന്നുമല്ല. ലവൻ ഒരു സാധാരണ ബാലകനല്ല.

രാമൻ—അവൻ ഏതു കാലത്തിൽ ജനിച്ചവനാണു്?

വാല്മീകി — രാമചന്ദ്രനെപ്പോലെ തന്നെ പ്രസിദ്ധവും ശ്രേഷ്ഠവും ആയ കുലത്തിൽ ജനിച്ചവൻ തന്നെ.

രാമൻ—സൂര്യവംശത്തിനു സമാനമായ കുലത്തിലോ? ഋഷീശ്വര, ആ ബാലൻെറ പിതാവാരെന്നു കേൾക്കട്ടെ.

വാല്മീകി—അവൻെറ പിതാവ് അയോധ്യാധിപതിയായ രാമചന്ദ്രനാണ്.

രാമൻ—ഭഗവൻ, ഈ ലവൻ സീതയുടെ പുത്രനാണെന്നാണോ പറയുന്നത്?

വാല്മീകി—അതേ, ഞാൻ പറയുന്നതു മുഴുവനും പരമാൎത്ഥമാണ്. ലവനും കുശനും അങ്ങയുടെ പുത്രന്മാരാണെന്നുള്ളതിന്ന് ഈശ്വരൻ സാക്ഷിയുണ്ട്. ആ രണ്ടു പേരും ജാനകിയുടെ ഗർഭത്തിൽ നിന്ന് എൻെറ ആശ്രമത്തിൽ വെച്ചാണ് ജനിച്ചത്.

രാമൻ—ആ കുമാരന്മാർ ഇപ്പോൾ എവിടെ പാൎക്കുന്നു?

വാല്മീകി—രാജൻ, അവർ മാതാവിനോടുകൂടി ആശ്രമത്തിൽ പാൎക്കുന്നു. ഞാൻ ഇത്രദൂരം വന്നതു് കുശലവന്മാൎക്ക് അവകാശമുള്ള രാജ്യാധികാരം വാങ്ങിക്കൊടുക്കാൻ വേണ്ടി മാത്രമാണ്. മഹാരാജാവ് ആജ്ഞാപിക്കുന്നപക്ഷം ഞാൻ അവരെ മാതാവിനോടു കൂടി ഇവിടെ കൊണ്ടുവന്ന് ഏല്പ്പിക്കാം.

രാമൻ—മഹൎഷേ, വേണ്ട വേണ്ട, ഈ വിശ്വത്തിൽ എല്ലാവൎക്കും തങ്ങളുടെ ജായാപുത്രാദികളിൽ സ്വാതന്ത്ര്യമുണ്ട്; അധികാരമുണ്ട്. രാജാവിനു മാത്രം അവരിൽ സ്വാതന്ത്ര്യവുമില്ല; അധികാരവുമില്ല.

വാല്മീകി—ഇതു് ആരു പറഞ്ഞുതന്നു?

വസിഷ്ഠൻ—മുനേ, ഇതു ശാസ്ത്രവിധിയാണ്. രാജാവിൻെറ പത്നി അവൻെറ രാജ്യവും, സന്താനങ്ങൾ

പ്രജകളുമാണു്. പ്രജാരഞ്ജനമാണു് രാജാവിന്റെ ഏകകർത്തവ്യം. അതാണു് അവന്റെ ജീവിതസാരാംശം. രാജജീവിതം വെറും വിനോദമല്ല. അതു് ഒരു കഠോരസാധനയാണു്. രാജാവിന്റെ ജീവിതം പുഷ്പശയ്യയല്ലെന്നു സനാതനധർമ്മം ഘോഷിക്കുന്നു.

വാല്മീകി—വസിഷ്ഠരേ, നിങ്ങൾ പറയുന്നതിന്റെ അർത്ഥമെന്തു്? ഞാൻ വൃദ്ധനും മുഖ്യനുമായ ഒരു ഋഷിയാണു്; ഒരുകാലത്തു ജീവഹത്യാദി പാപകർമ്മങ്ങൾ ചെയ്തിട്ടുള്ളവനുമാകുന്നു. എന്നാലും ഇങ്ങനെ ഒരു കഠോരവ്യവസ്ഥ—നിർമ്മമവും നിഷ്ഠുരവും ആയ ഒരു രാജനീതി—ഞാൻ എങ്ങും കേട്ടിട്ടില്ലെന്നു് അന്തര്യാമിക്കറിയാം. ദയ, സ്നേഹം, അനുരാഗം, ഭക്തി മുതലായ പവിത്രഭാവങ്ങൾ വിശ്വത്തിനൊട്ടുക്കുള്ള സമ്പത്താണു്. രാജാവിനുമാത്രം അവയ്ക്കു് അവകാശമില്ലെന്നോ? രാജാവിനുമാത്രം ഇവയൊന്നും ഉണ്ടായിക്കൂടെന്നോ? കഷ്ടം! കഷ്ടം! ഋഷീശ്വര, നിങ്ങൾ ഗൃഹസ്ഥനായിരുന്നുകൊണ്ടു് ഈ വിധം പറയുന്നല്ലോ! ഈ വാക്കുകൾ നിങ്ങൾക്കു തീരെ യോജിക്കുന്നില്ല. രാജാവിനു വിവാഹംകഴിക്കാം; എന്നാൽ പത്നിയിലും പുത്രന്മാരിലും അയാൾക്കു സ്വത്വം പാടില്ല; സ്നേഹം പാടില്ല; അല്ലേ? അങ്ങനെയാണെങ്കിൽ രാജാവിനു വിവാഹം ശാസ്ത്രനിഷിദ്ധമാകുന്നു എന്നു് വിധിക്കാഞ്ഞതു് എന്തുകൊണ്ടു്? ഇങ്ങനെ ഒരു നിയമം ഉണ്ടായിരുന്നെങ്കിൽ, അതു് ഇതിനേക്കാൾ എത്ര നന്നായിരിക്കുമായിരുന്നു; ഇത്രത്തോളം നിഷ്ഠുരവുമായിരിക്കയുമില്ല.

വസിഷ്ഠൻ—(രാമനോട്) അങ്ങനെയാണെങ്കിൽ, രാമചന്ദ്ര, നീ കുശലവന്മാരെ പുത്രരായി സ്വീകരിച്ചുകൊള്ളുക. നിനക്കു വേറെ പുത്രന്മാരില്ലല്ലോ. അവർ രണ്ടുപേരും നിന്റെ പുത്രന്മാർ തന്നെയെന്ന് വാല്മീകി മഹർഷി പറയുന്നു. അതിനാൽ നിർഭയം അവരെ കൈക്കൊണ്ടാലും.

വാല്മീകി—സീതയേയോ?

വസിഷ്ഠൻ—ഋഷിവര്യ, അതു നീതിവിരുദ്ധമാണ്; ധർമ്മതാനുസാരമല്ല.

വാല്മീകി—വസിഷ്ഠരേ, എന്തുകൊണ്ട്? ജനനം മുതല്ക്കേ വനവാസിയായ ഒരു മൂർഖനായതുകൊണ്ട് ചോദിച്ചുകൊള്ളുന്നു. മഹാത്മൻ, എനിക്കു ധർമ്മത്തേപ്പററിയും മററും അധികമൊന്നും അറിഞ്ഞുകൂടാ.

വസിഷ്ഠൻ—ഏതു കാരണത്താൽ സീതയെ പരിത്യജിച്ചോ അ കാരണം ഇപ്പോഴും നശിച്ചിട്ടില്ല.

വാല്മീകി—ഓഹോ മനസ്സിലായി; ഇപ്പോൾ മനസ്സിലായി. ഭഗവൻ, ക്ഷമിച്ചാലും. ഈ സഭയേയും ഈ കണ്ണുങ്ങളേയും ഈ വായുമണ്ഡലത്തേയും അ നിന്ദാവചനത്താൽ കലുഷമാക്കാതിരിക്കണേ! അ നിന്ദാവാക്യം തീവ്രമായ അപമാനത്തിനു സമാനം—അതികഠിനമായ അത്യാചാരത്തിനു സമാനം—വിഷലിപ്തമായ കഠാരിയ്ക്കു സമാനം—അ സുകോമളമായ ഹൃദയത്തിൽ അത്യന്തതീക്ഷ്ണമായ മുറിവേല്പിച്ചു കഴിഞ്ഞു. അതിനു ഹരി തന്നെ സാക്ഷി. അ കളങ്കവും, അ അപവാദവും ഘോരമായ അന്യായമല്ലാതെ മറെറാന്നുമല്ല.

രാമചന്ദ്ര, നീ സാക്ഷാൽ ധൎമ്മാവതാരമാണെന്നു് എനിക്കു നല്ലപോലെ അറിയാം. എന്നാൽ ഏതു കുതൎക്കത്തിന്റെ ചക്രത്തിൽ പെട്ടു് നീ സാധ്വിയായ പത്നിയോടു് ഈ വിധം പെരുമാറിയെന്നു മനസ്സിലാകുന്നില്ല.

വസിഷ്ഠൻ—മഹാമതേ, രാമൻ കൎത്തവ്യപാലനാൎത്ഥം—രാജധൎമ്മത്തിന്റെ പരിരക്ഷണാൎത്ഥം—ഇതൊക്കെ ചെയ്തതാണു്. പ്രേമമോ വലിയതു്? കൎത്തവ്യമോ വലിയതു്?

വാല്മീകി—മഹാഭാഗ,. സ്വപത്നിയെ സംബന്ധിച്ചു് പതിക്കു കൎത്തവ്യമൊന്നുമില്ലേ? മഹാരാജാവേ, സ്വപത്നിക്കു് ആശ്രയം അരുളുന്നതു് ഒരു പതിയുടെ കൎത്തവ്യമല്ലെന്നു് ഏതു ശാസ്ത്രം വിധിച്ചിരിക്കുന്നു? പത്നി, ആട്ടുമാട്ടുകളെപ്പോലെ ഭൎത്താവിന്റെ വെറും സമ്പത്താണോ?—ക്രയവിക്രയസാധനമാണോ? അങ്ങയുടെ ഇച്ഛയ്ക്കോ രുചിക്കോ യോജിച്ചതുപോലെ ഭാൎയ്യയെ കൈക്കൊള്ളുന്നതിനും തിരസ്കരിക്കുന്നതിനും ആരു് അധികാരം നല്കി? പുരുഷന്മാൎക്കെന്നതുപോലെ സ്ത്രീക്കും ഹൃദയമില്ലേ? സുഖദുഃഖങ്ങൾ, മാനാപമാനങ്ങൾ തുടങ്ങിയവ സ്ത്രീഹൃദയത്തിന്റെ അനുഭവകോടിയിൽ പെടുന്നില്ലെന്നു വരുമോ? നല്ല കഥ! രാമചന്ദ്ര! സീത അങ്ങയുടെ ധൎമ്മപത്നിയാണെന്നുള്ള സംഗതി മറന്നുകളഞ്ഞോ? അഥവാ അങ്ങു് മഹാരാജാവും സീത വെറും പ്രജയും ആണെന്നുള്ള ദൃഷ്ടിയോടുകൂടി നോക്കിയാലും, ഈ പ്രവൃത്തി കുറേ കഠിനമായിപ്പോയില്ലേ? നിരപരാധിനിയായ സീത അങ്ങയുടെ

പടിവാതുക്കൽ വന്നു് ഒരു പ്രജ്യയുടെ നിലയിൽ സങ്കടം ബോധിപ്പിച്ചാൽ, അതിന്നെ മനസ്സിരുത്തി കേട്ടു്, ന്യായാനുസാരമായ ഒരു തീൎച്ച ചെയ്യേണ്ടതു് മഹാരാജാവായ അങ്ങയുടെ കൎത്തവ്യമല്ലേ? ധൎമ്മാത്മാവായ രാമചന്ദ്രൻ ഇന്നു് അങ്ങനേയുള്ള ഒരു ന്യായവിചാരത്തിൻെറ ആവശ്യമില്ലെന്നു തീൎച്ചപ്പെടുത്തിയതിൻെറ സാരമെന്തു്?

രാമൻ—ഞാൻ അങ്ങനെ തീൎച്ചപ്പെടുത്തുകയല്ല ചെയ്തതു്. അതിനുള്ള അധികാരം എനിക്കില്ല. ആ വിഷയത്തിൽ ഞാൻ തീരെ അസമൎത്ഥനാണു്.

വാല്മീകി—എന്തു്! അധികാരം ഇല്ലെ? രാമചന്ദ്ര, വിചാരശീലനും, നീതിനിഷ്ഠനും, രാജസിംഹാസനസ്ഥനും ആയ അങ്ങയുടെ മുഖത്തു നിന്നു് ഈ മാതിരി വാക്കുകൾ എങ്ങനെ പുറപ്പെട്ടു? ലേശംപോലും സങ്കോചം തോന്നുന്നില്ലേ? അങ്ങനെയാണെങ്കിൽ ഈ സിംഹാസനത്തിൽ എന്തിനു് ഇരിക്കുന്നു? ഈ രാജദണ്ഡം ദൂരെ വലിച്ചെറിഞ്ഞുകളയാത്തതെന്തു്? ശിരസ്സിൽ ഈ ഉജ്ജ്വലമായ കിരീടം എന്തിനു ധരിച്ചിരിക്കുന്നു? വിചാരശീലം അഭിനയിക്കുന്നതും എന്തിനു്? സിംഹാസനത്തിൽ നിന്നു് ഇറങ്ങുക; കിരീടത്തേയും രാജദണ്ഡത്തേയും ദൂരേ എറിഞ്ഞുകളയുക; ആ അസമൎത്ഥമസ്തകത്തിൽനിന്നു രാജതിലകത്തേ സമ്മാൎജ്ജനം ചെയ്യുക. നീതിചിന്തനത്തിൽ അസമൎത്ഥനായിട്ടുള്ളവൻ രാജസിംഹാസനത്തിൽ ഇരിക്കുന്നതു് ഉചിതമല്ല; വല്ല വനത്തിലേക്കും പോകരുതോ? അതാണു് ഉചിതം. രാമ, ധൎമ്മനിഷ്ഠയുടെ പുരസ്കാ

രവും പരിണാമവും ഇങ്ങനെ ആണെങ്കിൽ, ആരുടെ മാഹാത്മ്യത്തിൽ ആൾ വിശ്വാസമുണ്ടാവും? കേൾക്കട്ടെ. (വസിഷ്ഠരോട്) മഹർഷിവര്യ, ഞാൻ വെറും മൂർഖനാണെങ്കിലും, എന്റെ അഭിപ്രായത്തിൽ പ്രേമം ആണ് സർവ്വോൽകൃഷ്ടമായുള്ളത്. പ്രേമം വഴി തെളിച്ചുകാണിച്ചുകൊടുക്കുന്നു; കർത്തവ്യം ആ വഴിയേ ചരിക്കുന്നതേ ഉള്ളു. പ്രേമം ഉപദേശിക്കുന്നു, വിധിക്കുന്നു; കർത്തവ്യം ആ ഉപദേശത്തെ—വിധിയെ—അനുവർത്തിച്ചു കൊണ്ടിരിക്കുന്നു. പ്രേമം വെറും ഭ്രമമല്ല; ഉന്മത്തന്റെ ചിന്തയോ സ്വപ്നമോ അല്ല. പ്രേമം സത്യമാണ്—പുണ്യമാണ്; ഒരിക്കലും മിഥ്യയല്ല. എവിടെ ധർമ്മമുണ്ടോ അവിടെ പ്രേമവും ഉണ്ട്. പാപമുള്ളിടത്ത് പ്രേമം നിഴലിക്കപോലും ചെയ്യുന്നില്ല. പ്രേമം പ്രഭുവും, കർത്തവ്യം അതിന്റെ കിങ്കരനുമാണ്. വിശ്വത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരകർത്താവായ ജഗദീശ്വരന്റെ സ്വരൂപംതന്നെ പ്രേമമാകുന്നു. ലൌകികനിയമങ്ങളും സമുദായവുമെല്ലാം പ്രേമത്താൽ സംഘടിതമായിരിക്കുന്നു. പ്രേമത്തെ—പരിശുദ്ധമായ പ്രേമത്തെ—പരിണയസൂത്രത്താൽ ബന്ധിച്ചിട്ടാണ് ഈശ്വരൻ പുതിയ പുതിയ സൃഷ്ടികൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. പ്രേമം പവിത്രവും സചേതനവും, പ്രകാശാത്മകവും മൃദുലവും ആണെങ്കിൽ, കർത്തവ്യം നിർജ്ജീവവും, മൂകവും, ഹിമതുല്യം ജഡവും, അവസന്നവും, നിരാകാരവും കഠിനപാഷാണോപമവും അത്രെ. നിരാകാരമായ കർത്തവ്യത്തെ സാകാരമാക്കിത്തീർക്കുന്ന പണിക്കാരൻ പ്രേമമാകുന്നു. കർത്തവ്യ

മാകുന്ന ശുഷ്ക്കകങ്കാളത്തെ പൊതിഞ്ഞു് ചമൽക്കരിക്കുന്നതു പ്രേമമായ മാംസമാണു്. ഉണങ്ങിയവൃക്ഷത്തിൽ പ്രേമം നവപല്ലവങ്ങളേയും പുഷ്പഫലാദികളേയും അങ്കുരിപ്പിക്കുന്നു. പ്രേമം, വെയിൽ കൊണ്ടു വരണ്ട ഭൂമിയിൽ, രാത്രി എന്നപോലെ ജനങ്ങളുടെ സന്തപ്തമായ ഹൃദയത്തിൽ വന്നുദിച്ചു്, അതിനെ ശീതളമാക്കുന്നു. പ്രേമം നിർമ്മലജലത്തേയും സുരഭിലമായ മന്ദപവനനേയുംകാൾ സുഖപ്രദമാണു്. പ്രേമം ചിന്താസന്തപ്തമായ മസ്തകത്തിനു് നിദ്ര എന്നപോലെ, ശാന്തിനല്കുന്നു. കർത്തവ്യം പ്രേമത്തേക്കാൾ ശ്രേഷ്ഠമാണെന്നോ? (രാമനോടു്) മഹാരാജാവേ, കണ്ണുതുറന്നുനോക്കിയാൽ ഈ വിശ്വം പ്രേമപരിപൂർണ്ണമാണെന്നു കാണാം. ദിഗന്തവിസ്തൃതമായ ഈ നീലാകാശം പ്രേമത്താൽഉത്ഭാസിതമായിരിക്കുന്നു. പ്രേമപ്രഭാവത്താലാണു് ഗഗനത്തിൽ സൂൎയ്യൻ ഉദിക്കുന്നതും, നക്ഷത്രങ്ങൾ തിളങ്ങുന്നതും, ചന്ദ്രൻ സ്മിതരുചി പൊഴിക്കുന്നതും. പ്രേമപ്രഭാവത്താൽ തന്നെയാണു് മേഘം വർഷിക്കുന്നതും, നദികൾ പ്രവഹിക്കുന്നതും. പ്രേമപ്രഭാവത്താൽ തന്നെയാണു് വള്ളിക്കുടിലുകളിൽ പുഷ്പങ്ങൾ വികസിച്ചു് നില്ക്കുന്നതു്. പ്രേമം അന്ധകാരത്തിൽ പ്രകാശം അരുളിക്കൊണ്ടിരിക്കുന്നു; വിശ്വത്തിലെ ഹാഹാകാരധ്വനിക്കിടയ്ക്കും പരിശുദ്ധപ്രേമമാകുന്ന വീണ സ്വർഗ്ഗീയസംഗീതം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു.

വസിഷ്ഠൻ—വാല്മീകി, നിങ്ങൾ ജയിച്ചു. ഞാൻ തലതാഴ്ത്തിക്കൊണ്ടു് പരാജയം സമ്മതിക്കുന്നു. രാമചന്ദ്ര,

(പോയി വാല്മീകിയുടെ ആജ്ഞാനുസാരം പ്രവൎത്തിച്ചാലും. രാജാവേ, ജാനകിയെ കൈക്കൊണ്ടാലും.)

രാമൻ—ഇത്രകാലത്തിന്നിടയ്ക്കു് എനിക്കു് ഇന്നാണു് സുപ്രഭാതം ഉണ്ടായതു്. നാളെ എല്ലാവരോടും കൂടി ദണ്ഡകവനത്തിലേക്കു തിരിക്കാം. അതിശീഘ്രം പുഷ്പകവിമാനം തയ്യാറാക്കിവെയ്ക്കട്ടെ. ഞാൻ തിരിച്ചുവരുന്നതുവരെ ഭരതൻ രാജ്യകാൎയ്യങ്ങൾ നോക്കിക്കൊള്ളും. യജ്ഞം യഥാവിധി സമ്പൂൎണ്ണമാവട്ടെ. (വസിഷ്ഠനോടു) ഗുരുദേവ, അത്യന്തശുഭമായ അവസരത്തിലാണു് അവിടുന്നു് അശ്വമേധയാഗം നടത്തണമെന്നു് ആജ്ഞാപിച്ചതു്. ഹേ ദേവ, ഞാൻ അവിടുത്തേക്കു് ധന്യവാദം ചെയ്തുകൊള്ളുന്നു. അതിനെ കൈക്കൊണ്ടു് എന്റെ അപരാധത്തെ ക്ഷമിച്ചാലും. ഞാൻ കുശലപൂൎവ്വകം എന്റെ പത്നിയേയും പുത്രന്മാരേയും കൊണ്ടുവരുന്നതിന്നു് എന്നെ ഇന്നു് ഈ ശുഭാവസരത്തിൽ അനുഗ്രഹിച്ചാലും. ഈ യജ്ഞത്തെ പൂൎത്തിയാക്കിയാലും. പൂൎണ്ണസംതൃപ്തിയോടുകൂടി എല്ലാവൎക്കും സുവൎണ്ണരത്നാദികൾ സമ്മാനിക്കട്ടെ. (വാല്മീകിയോടു്) മഹാഭാഗ, അവിടുന്നു് എന്റെ ഹൃദയത്തിലെ ഭക്തിശ്രദ്ധാകൃതജ്ഞതാദികളെ സ്വീകരിച്ചു് എന്റെ ശിരസ്സിൽ ശാന്തിജലം അഭിഷേചിച്ചാലും. എല്ലാമനോവ്യഥകളും ഭ്രമംശളങ്ങളും അശാന്തികളും ഹൃദയവ്രണങ്ങളും ദൂരീഭവിക്കട്ടെ. അവിടുന്നും വസിഷ്ഠമഹൎഷിയും ചേൎന്നു് എന്നെ അശീൎവദിച്ചാലും.

വാല്മീകി—മഹാരാജാവേ, നിന്റെ സൎവ്വാഭീഷ്ടങ്ങളും സാധിക്കട്ടെ.

വസിഷ്ഠൻ—രാജൻ—നിൻെറ സകല കാമിതങ്ങളും സഫ ലമാവട്ടെ.

രാമൻ—ലക്ഷ്മണ, ഓരോ ഗൃഹത്തിൻെറ മുകളിലും രാജമന്ദി രത്തിൻെറ മേൽഭാഗത്തും വിവിധവർണ്ണചമൽകൃതമാ യ കൊടിക്കൂറകൾ ചാർത്തുന്നതിന് ആജ്ഞാപിക്കുക; വസന്തത്തിലെ ഈ മധുരപവനനിൽ അവ പാറി ക്കൊണ്ടിരിക്കട്ടെ; പുരംതോറും താളമേളാദ്യംഗങ്ങ ളോടു കൂടിയ മംഗളവാദ്യം മുഴങ്ങട്ടെ; സർവ്വജനങ്ങളും ആനന്ദോന്മത്തരായി നഭോമണ്ഡലത്തെ വിദാരണം ചെയ്യുമാറു് മംഗളധ്വനി പുറപ്പെടുവിക്കട്ടെ; ഗൃഹം തോറും ശംഖനാദം തുടരെത്തുടരെ ഉണ്ടായിക്കൊ ണ്ടിരിക്കട്ടെ; ഞാൻ അന്തഃപുരത്തിൽ ചെന്നു് ഈ ശുഭവാർത്ത അമ്മയോടു് അറിവിക്കാം.

(പ്രസ്ഥാനം)

വാല്മീകി—സീതേ, സീതേ, എൻെറ സൌഭാഗ്യശാലി ലിനിയായ മകളേ, നീ തന്നെയാണു് ധന്യ. നീ പതി നേഴു വർഷമായി ആരെ ഓർത്തോർത്തു നിത്യവും കണ്ണീർ പൊഴിച്ചുകൊണ്ടിരിക്കുന്നോ അവൻ നിന്നെ വിസ്മരി ച്ചിട്ടില്ല. മകളേ, ഇനി നീ കരഞ്ഞിട്ടു കാര്യമില്ല. നിൻെറ മുഖം വാടിയും നീരക്തമായും ഇരുന്നു. ആ മുഖത്തിൽ ഞാൻ ഇതേവരെ സ്മിതരേഖ കണ്ടിട്ടേ ഇല്ല. ഇനി നോക്കട്ടെ. വിഷാദത്താൽ മലിനമായ ആ കണ്ണുകളിൽ ആനന്ദം കളിയാടുന്നതു് ഇന്നു കാണാം. ഹരേ! ഇന്നു ഞാൻ ഹൃദയാന്തർഭാഗത്തു നിന്നു തന്നെ നിനക്കു ധന്യവാദം ചെയ്യുന്നു. അതി

ന്നെ സ്വീകരിച്ചാലും ഹേ ധർമ്മമേ, നീ മിഥ്യയല്ല. വിശ്വത്തിൽ ഈ സമയത്തും പ്രേമം, ദയ, ഭക്തി, സ്നേഹം, ചാരിത്രം ഇവയുടെ മഹത്വം അസ്തമിച്ചിട്ടില്ല. ഹരേ, ദയാമയ, നീ പരമാർത്ഥത്തിൽ ഉണ്ടെന്നു എനിക്ക് ഇന്നു മനസ്സിലായി.

(പ്രസ്ഥാനം)

---

ദൃശ്യം ൩

സ്ഥാനം—വാല്മീകിയുടെ ആശ്രമം

സമയം—രാത്രിയുടെ അന്ത്യയാമം

(സീതയും വാസന്തിയും)

സീത—വാസന്തി, രാത്രി എത്ര ആയി?

വാസന്തി—രാത്രി അവസാനിക്കാറായി എന്നു തോന്നുന്നു.

സീത—ഇനിയും കാക്ക കരഞ്ഞു തുടങ്ങിയില്ലേ?

വാസന്തി—ഇല്ല.

സീത—വാസന്തി, കുടീരത്തിന്റെ വാതിലുകളെല്ലാം തുറന്നിടൂ. പ്രഭാതത്തിലെ ശീതളപവനൻ ബാല്യബന്ധുവിനെ സമാനം മന്ദം മന്ദം അകത്തു കടന്നിട്ട് എന്നെ ആശ്ലേഷിക്കട്ടേ.

വാസന്തി—സഹോദരി, പാടില്ല. നല്ല പനിയുണ്ട്. പ്രഭാതത്തിലെ തണുത്ത കാറ്റേറ്റാൽ ജ്വരം ഇനിയും വർദ്ധിക്കും; പനി അങ്ങനെ തന്നെ ഇരിക്കുന്നു; ഒട്ടും കുറവില്ല.

സീത—വാസന്തി, ചുണ്ടു വരളുന്നു, അല്പം ജലം തരൂ. എന്തൊരു ദാഹം! സിരകളിൽ കൂടി അഗ്നി പ്രവഹിക്കും പോലെ തോന്നുന്നു.

വാസന്തി—സോദരി, തലവേദനയ്ക്കു കുറവുണ്ടോ?

സീത—ഒരു കുറവുമില്ല. വാസന്തി, വാല്മീകിമഹർഷി ഇന്നും വന്നില്ലേ?

വാസന്തി—സോദരി, ഇവിടെ നിന്നു് അയോദ്ധ്യക്കു് ഒന്നു രണ്ടു ദിവസത്തെ വഴിയില്ലെ? മഹർഷി വേഗത്തിൽ ശുഭസമാചാരവും കൊണ്ടുവരും, അല്പം ധൈര്യമവലംബിക്കു.

സീത—സോദരി, ധൈര്യമോ? ധൈര്യമെന്നുള്ളതു ഏതു വസ്തുവിന്റെ പേരാണു്? രാജകന്യകയും, രാജപത്നിയും, വീരപുത്രന്റെ മാതാവും ആയ ഏതു സ്ത്രീ ഇത്ര അഭാഗിനിയായിട്ടുണ്ടു്? ഞാൻ പരിത്യക്തയായി സ്വഗൃഹത്തിൽ നിന്നു് ഇറങ്ങി വഴിനീളെ അലഞ്ഞുതിരിയുന്ന ശുനിക്കു സമാനം ജീവിക്കുന്നു. എന്നാലും, ഇങ്ങനെ ഒരു പിതാവും, ഇങ്ങനെ ഒരു പതിയും, ഇങ്ങനെ ഒരു പുത്രനും ഏതു സ്ത്രീക്കു് ആണുള്ളതു്? മതി! സാന്ത്വനവാക്കുകൾ ഒന്നും പറയേണ്ട; കേൾക്കൂ. ആ വനനികുഞ്ജത്തിലെ ഇലപടപ്പിൽ ഇരുന്നുകൊണ്ടു് അസംഖ്യം പക്ഷികൾ ചലപലച്ചിലച്ചു് തുടങ്ങി. വാതിൽ ഒന്നു തുറന്നിടുക.

(വാസന്തി വാതിൽ തുറന്നിടുന്നു)

സീത—അതാ നോക്കൂ, ജ്യോതിർമ്മയിയായ ഉഷസ്സു് ആകാശത്തിൽ നിന്നു പതുക്കെ പതുക്കെ സ്വർണ്ണചരണങ്ങൾ

വെച്ചു് ഗിരിശിഖരത്തിലേക്കു ഇറങ്ങിവരുന്നു. വാസന്തീ, ഈ പ്രഭാതം തന്റെ കനകകരങ്ങളാൽ എന്റെ ചരമശയ്യ രചിക്കയായിരിക്കണമെന്നു് ഒരു മനോഭാവം എനിക്കു് എങ്ങനെയോ ഇന്നു് ഉണ്ടാകുന്നു. ഈ നിർമ്മേഘവും നിർമ്മലവും ആയ പ്രാതഃകാലം എന്റെ ജീവിതത്തിലെ അന്തിമ പ്രാതഃകാലമാണെന്നു തോന്നുന്നു. സഹോദരി, സസ്യശ്യാമളവും, പക്ഷികളുടെ കളകളരവത്താൽ മുഖരിതവും ആയ ഈ വനഭൂമി എന്നെ ഇന്നു് ആവരണം ചെയ്യിരിക്കുന്നു. പുണ്യമയിയായ ഗംഗയുടെ തീരത്തു് സർവ്വദുഃഖങ്ങളേയും മറന്നുകളഞ്ഞിട്ടു് ഞാൻ സുഖമൃത്യു പ്രാപിക്കട്ടേ.

വാസന്തി—സഖി എന്താണു് ഇങ്ങനെ അമംഗളവാക്കുകൾ പറയുന്നതു്? രോഗികളാരും ജീവിക്കാറില്ലേ?

സീത—രോഗികൾക്കു രോഗശമനം ഉണ്ടാകാറുണ്ടെന്നു് എനിക്കും അറിയാം. എല്ലാരോഗങ്ങളും ശമിക്കാറുണ്ടു്. അഗ്നിജ്വാലക്കു സമാനം താപകരമായ ജ്വരവികാരം പോലും വിട്ടുമാറിയേക്കാം; പ്രബലവും അസാദ്ധ്യവും ആയ രാജയക്ഷ്മാ പിടിപെട്ടവരും ചിലപ്പോൾ രക്ഷപ്പെട്ടുന്നതായി കാണാം. എന്നാൽ, എന്റെ രോഗം ശരീരത്തിനല്ല; മനസ്സിനാണു്. പതിയുടെ കരുണാഹീനമായ ഉപേക്ഷാഭാവത്താലുണ്ടാവുന്ന രോഗത്തിനു് ഒരിക്കലും ശമനം ഉണ്ടാവുകയില്ല. പുത്രന്റെ അശ്രുഹീനവും ശുഷ്കവും കരുണാമിശ്രവും ആയ അവഹേളനത്താലുണ്ടാവുന്ന കഠിനരോഗവും അസാദ്ധ്യമാണു്. സഹോദരി, ഈ സുഖക്കേടു ശമിക്കയില്ല.

വാസന്തി—(സ്വഗതം) ഇനി എന്തു സാന്ത്വനം നല്കേണ്ടു? ഈ വ്യർത്ഥ സാന്ത്വനങ്ങൾക്കെല്ലാം അപ്പുറത്താണു്. ധൈര്യപ്പെടുത്തുന്നതിനുള്ള ശ്രമമെല്ലാം വ്യർത്ഥമാകുന്നു.

സീത—വാസന്തി, ലവനെവിടെ?

വാസന്തി—സഖിയുടെ തലയണയിൽ കിടന്നു് ഉറങ്ങിപ്പോയി.

സീത—(തിരിഞ്ഞുനോക്കീട്ടു്) അഹോ! എനിക്കുവേണ്ടി എൻെറകുട്ടി രാത്രിമുഴുവനും ഉണൎന്നിരുന്നു. വെളുപ്പാൻകാലമായപ്പോൾ അവൻ ഉറങ്ങിപ്പോയി. പ്രിയസോദരി, നിങ്ങളുടെ ഇരു കൈകളും പിടിച്ചുകൊണ്ടു് ഞാൻ ഇപ്പോൾ പറയുന്നതിനെ കേട്ടാലും. ഈ രാത്രി എൻെറ ജീവിതനാടകത്തിൻെറ ചരമാങ്കമാണെന്നു ആരോ കൂടക്കൂടെ എൻെറ ചെവിയിൽ പറയുന്നു. ഇന്നു് എല്ലാം സമാപ്തമാവുമെന്നു് എനിക്കു നല്ലപോലെ അറിയാം; അങ്ങനെ ആയാൽ ഇന്നു് എൻെറ സൎവ്വദുഃഖങ്ങളും ശമിക്കും. ഒട്ടും ആലോചിച്ചിട്ടു കാൎയ്യമില്ല; കരയേണ്ട ആവശ്യവുമില്ല. വിശ്വം ഒട്ടുക്കു് ഉണൎന്നിരിക്കവേ, ഞാൻ ഇന്നു ഈ സ്ഥിരവും ശ്യാമളവും പ്രഫുല്ലിതവുമായ വനഭൂമിയുടെ അങ്കത്തിൽ കിടന്നു ഉറങ്ങും. സഹോദരി, ഇന്നു് ഈ പദദലിതവും ശൂന്യവും അസാരവും ആയ എൻെറ ജീവിതം അവസാനിക്കും. സകല ദുഃഖങ്ങളും അറുത്തുകളഞ്ഞു് അനന്തശാന്തി അരുളുന്ന ഈ ദിനം എനിക്കു് ഒരു സുദിനം തന്നെയാണു്. സോദരി, എൻെറ പുത്രന്മാരായ കുശലവന്മാരെ നീ നോക്കിക്കൊള്ളണം.

അയോദ്ധ്യയിൽ ചെന്നു് രാമചന്ദ്രനോട്ടു് പറയണം. ലവനേയും കുശനേയും അദ്ദേഹത്തിന്റെ കൈയിൽ ഏല്പിച്ചിട്ടു പറയണം:—"സീത വളരെ സന്തോഷത്തോട്ടുകൂടി മരിച്ചു. ഈ രണ്ടു ബാലകന്മാരുടെയും പിതാവു് അവിടുന്നാണു്, അവിടുന്നു മഹാരാജാവും ന്യായനിഷ്ഠനായ വീരനും ആണല്ലോ. ഇതു സീതയുടെ അന്ത്യസന്ദേശം—അന്ത്യഭിക്ഷ ആണു്. ഈ രണ്ടു പുത്രന്മാരോടും യഥോചിതം പെരുമാറിയാലും" ജഗദീശ്വര, നേത്രങ്ങൾക്കു മുമ്പിൽ എന്തൊരു വിപുലമായ അന്ധകാരം! ശരീരം ശിഥിലമായിപ്പോകുന്നു. വാസന്തി, ഇതെന്തു്?

വാസന്തി—സോദരി, ജ്വരം ഇറങ്ങിത്തുടങ്ങിയെന്നു തോന്നുന്നു.

സീത—ഇങ്ങനെ വരുമൊ? (ഞെട്ടിയിട്ടു്) അതാരു്?

വാസന്തി—എവിടെ?

സീത—ദൂരത്തായി, നിശ്ശബ്ദമായ വനത്തിൽ ഒരു ശബ്ദം കേൾക്കുന്നില്ലേ? കുതിരക്കുളമ്പിന്റെ ശബ്ദം പോലെ തോന്നുന്നു.

വാസന്തി—സോദരി, എവിടെ?

സീത—അതാ കേൾക്കുന്നില്ലേ? ഞാൻ സ്പഷ്ടമായി കേൾക്കുന്നുണ്ടു്. രണ്ടു കുതിരകൾ ഒരുമിച്ചു വരുന്നതുപോലെ തോന്നുന്നു.

വാസന്തി—അതേ, ശരിതന്നെ. എന്നാൽ ആ ശബ്ദം നദീതടത്തിൽ ലയിച്ചുപോയിരിക്കുന്നു.

സീത—സോദരി, നോക്കീട്ടു വരു.

വാസന്തി—ആകട്ടെ, ഞാൻ നോക്കീട്ടുവരാം. സോദരി സ്ഥൈര്യമവലംബിച്ച് ഇരിക്കൂ.

(പ്രസ്ഥാനം)

സീത—(എഴുന്നേററിരുന്ന് ചെവികൊടുത്തു കേട്ടിട്ട്) ഹാ! വിമൂഢവും വിസ്രബ്ധവും ഭ്രാന്തവും ദുർബലവും ആയ ഹൃദയമേ, അദ്ദേഹമല്ല. മൂഢ, അദ്ദേഹമല്ല (കിടന്നുപോകുന്നു) ആ മഹാപ്രഭുവായ രാജാധിരാജൻ എന്റെ കുടീരത്തിലേക്കു വരികയോ? എന്നിട്ട് ഈ ഹൃദയം എന്തുകൊണ്ട് അസ്ഥിരമായിരിക്കുന്നു? ശരീരം എന്താണ് ഇങ്ങനെ വിറയ്ക്കുന്നത്? നേത്രങ്ങളിൽ അശ്രുക്കൾ തടഞ്ഞുനിറുത്താൻ സാധിക്കാത്തത് എന്തുകൊണ്ട്? അദ്ദേഹം വരുമോ? മഹാരാജാവും വിശ്വപതിയുമായ അദ്ദേഹം ഈ ദരിദ്രകുടീരത്തിൽ വരുമോ? (സഗർവം) എന്തുകൊണ്ടു വരില്ല? ഞാൻ ദുർഭാഗ്യവതിയെങ്കിലും അദ്ദേഹം എന്റെ സ്വാമിയാണല്ലോ? അദ്ദേഹം സമ്രാട്ടായതുകൊണ്ട് എന്താണ്? ഞാൻ അദ്ദേഹത്തിന്റെ സമ്രാജ്ഞിയല്ലേ? ഇന്ന് ഞാൻ മലിനയും പരിത്യക്തയും ധൂളിധൂസരിതയും ആയിരിക്കുന്നെങ്കിലും അദ്ദേഹത്തിന്റെ ധർമ്മപത്നിയല്ലെന്ന് ആരു പറയും? ഹാ! ദുരാശേ, അന്ധയും മുഗ്ദ്ധയും ആയ പ്രിയദുരാശേ, അദ്ദേഹം ഇപ്പോൾ ഈ അഭാഗിനിക്ക് ആരുമല്ല. വേറെ ആരുടേയോ ആണ്; ഏതോ ഭാഗ്യശാലിനിയുടെ ഹൃദയവല്ലഭൻ ആണ്. അവർക്കു പൂർവജന്മത്തിലെ ഏതു പുണ്യത്തിന്റെ ഫലമായിട്ടാണ് അദ്ദേഹത്തിനെ ലഭിച്ചത്? എന്റെ മാറിടം അശ്രുക്കളാൽ നനയുന്നതു് എന്തു

കൊണ്ടു്? അവൾ ഭാഗ്യവതി; അത്യന്തദുർഭഗയായ ഞാൻ സമുദ്രത്തിലെ ജലബിംബമെന്നപോലെ ആ അതലജലത്തിൽ ലയിക്കാൻ പോകുന്നു.

---

ദൃശ്യം ൪

സ്ഥാനം—ദണ്ഡകാരണ്യത്തിന്റെ പ്രാന്തഭാഗം

സമയം—പ്രഭാതം.

(രാമനും ലക്ഷ്മണനും)

രാമൻ—ഋഷിവരനായ വാല്മീകി എവിടെ?

ലക്ഷ്മണൻ—അദ്ദേഹം, അങ്ങു് ഇവിടെ വന്നിരിക്കുന്ന വിവരം ദേവിയെ അറിവിക്കാനായി പോയിരിക്കുന്നു.

രാമൻ—(ചുററിനടന്നിട്ടു്) എവിടെ? ഇത്ര നേരമായിട്ടും തിരിച്ചുവന്നില്ലല്ലോ. ഇതു് എന്തുകൊണ്ടു്? ഞാൻ പോയി നോക്കട്ടെ.

ലക്ഷ്മണൻ—ജ്യേഷ്ഠ, അല്പംകൂടി ക്ഷമിക്കൂ. മഹർഷി മനഃപൂർവ്വം പോയതാണു്. ദേവിയുടെ ശരീരം അത്യന്തം ശിഥിലമായിരിക്കയാണു്. അതാ മഹർഷിവരുന്നല്ലോ.

രാമൻ—(മുന്നോട്ടു ചെന്നിട്ടു്)എവിടെ? മഹർഷേ, എന്റെ സീത എവിടെ?

(വാല്മീകി പ്രവേശിക്കുന്നു)

വാല്മീകി—രാമചന്ദ്ര, ഇപ്പോൾ കാണാൻ തരമില്ല. സീത ഉറങ്ങുകയാണു്. ഞാൻ ഇത്ര മൂഢനായിപ്പോയല്ലോ. എന്നാൽ ഇതുപോലൊരു പരിവർത്തനം ഞാൻ

കണ്ടിട്ടേ ഇല്ല. എൻെറ വാക്കുകേട്ട ഉടനേ, അവളുടെ ശരീരത്തിന് നവമായ ഒരു സ്ഫൂർത്തിവിശേഷ മുണ്ടായി. വിളറി നീരക്തമായിരുന്ന കപോലങ്ങളിൽ രക്തച്ഛായ വ്യാപിച്ചു. ഒരു മൃദുഹാസം അശ്രുജല ത്താൽ, മുഗ്ധസൂര്യകിരണങ്ങൾ ശിശിരത്തുവിൽ പതിച്ചാൽ എങ്ങനേയോ അതുപോലൊരു വിചിത്ര ഭാവം വിരചിച്ചു. ജാനകി ഇരുകൈകളും നീട്ടി ക്കൊണ്ടു് മൃദുസ്വരത്തിൽ 'അദ്ദേഹം എവിടെ?' എന്നു ചോദിച്ചു. അവളുടെ കണ്ഠം ഇടറി. ചുവടററ ലത യെന്നപോലെ അവൾ മൂർഛിച്ചു നിലത്തു വീണു പോയി. വാസന്തി പെട്ടെന്ന് അവളേ പിടിച്ചു് എഴുന്നേല്പിച്ചിട്ടു് തൻെറ മാറോടു ചേർത്തു പിടിച്ചു. ലവൻ ഒരു കുടം നിറച്ചു ജലം കൊണ്ടുവന്ന് മാതാ വിൻെറ മുഖത്തു് തളിച്ചപ്പോൾ അവൾക്ക് ബോധ മുണ്ടായി. ക്ഷീണംകൊണ്ടു പരവശയായ സീത പിന്നീടു് എൻെറ അജ്ഞാനുസാരേണ വിശ്രമിക്കാ നായി പോയി. അവൾ വാസന്തിയുടെ സ്നേഹമയ മായ ഹൃദയത്തോടു ചേന്നു് അവളുടെ ഗളത്തിൽ ഇരു കൈകളേയും ഇട്ടുംകൊണ്ടു് സ്നിഗ്ധവും ഗംഭീരവു മായ സുഖത്തിൻെറ വേഗത്തിനു വശപ്പെട്ടു് ഉറങ്ങി. സീത ഈ സമയത്തു് ഉറങ്ങുകയാണു്. ഉറങ്ങിക്കൊ ള്ളട്ടേ. രാത്രിയിൽ അവൾ ലേശം കണ്ണടച്ചിട്ടില്ല. ആ ഭാഗ്യശാലിനിക്ക് വളരെ ക്ഷീണമുണ്ടു്.

രാമൻ—പുത്രന്മാർ എവിടെ? ലവനും കുശനും എവിടെ?

വാല്മീകി—അവരും അമ്മയുടെ അടുത്താണു്. ഞാൻ പോയി അവരേ വിളിച്ചുകൊണ്ടുവരാം. അതാ, കുശൻ താനേ ഇങ്ങോട്ടു തന്നേ വരുന്നു.

(കുശൻ പ്രവേശിക്കുന്നു)

വാല്മീകി—കുശ, ലവനെവിടെ?

കുശൻ—ലവൻ അമ്മയുടെ അടുക്കൽ ഇരുന്ന് അവരെ ശുശ്രൂഷിക്കയാണു്.

വാല്മീകി—കുശ, ഇദ്ദേഹം നിന്റെ അച്ഛനായ രാമചന്ദ്രനാണു്; ഇദ്ദേഹം നിന്റെ ചിററപ്പനായ ലക്ഷ്മണനുമാകുന്നു. രണ്ടുപേരേയും നമസ്കരിക്കൂ.

കുശൻ—(രാമനെ നമസ്കരിച്ചതിന്റെ ശേഷം അദ്ദേഹത്തിനെ നോക്കിയിട്ടു്, (സ്വഗതം) ഇദ്ദേഹമാണോ ആ രാമചന്ദ്രൻ? ഇദ്ദേഹമാണോ അയോദ്ധ്യയുടെ അധീശ്വരൻ? യാവനൊരുവന്റെ ഗുണഗാഥ—യാവനൊരുവന്റെ പാവനനാമം—ആസമുദ്രം പ്രഥിതമായിരിക്കുന്നുവോ, യാവനൊരുവന്റെ അക്ഷയവും അമരവും ആയ കീത്തി ആയിരം മുഖങ്ങളിൽ നിന്നു കേൾക്കപ്പെട്ടുന്നുവോ--ആ രാവണവിജയിയായ രഘുവരൻ ഇദ്ദേഹമാണോ? ഈ ദിഗന്തവിശ്രാന്ത കീത്തിമാനും അക്ഷയ യശസ്വിയും ആയ രാമചന്ദ്രന്റെ പുത്രനാവാൻ ഭാഗ്യമുണ്ടായ ഞാൻ അത്യന്ത ധന്യൻ തന്നെ.

(ലവന്റെ പ്രവേശം)

വാല്മീകി—ലവ, ഇതു് നിന്റെ പിതാവായ രാമചന്ദ്രനും ഇതു നിന്റെ ചിററപ്പനായ ലക്ഷ്മണനും ആണു്. ഇവരുടെ ചരണങ്ങളിൽ നമസ്കരിക്കൂ.

ലവൻ—(ലക്ഷ്മണനെ പ്രണമിച്ചിട്ടു്) തപോധന, ഈ മാതിരി ഒരു ചിററപ്പൻ ഉണ്ടാവാൻ ഭാഗ്യമുണ്ടായ

ഞാൻ ഭാഗ്യശാലിയാണു്. ചിററപ്പ, ഞാൻ അവിടത്തെ ശ്രീ ചരണങ്ങളിൽ നമസ്കരിക്കുന്നു.

(ലവൻ പോവാൻ ഭാവിക്കുന്നു.)

വാല്മീകി—ലവ, പിതാവിൻെറ ചരണങ്ങളിൽ നമസ്കരിക്കൂ.

ലവൻ—(തിരിഞ്ഞു് അഭിമാനപൂർവ്വം) മഹഷേ, യാതൊരു പത്നി കേവലം കിശോരദശയിൽ, നിഴലെന്നോണം, വനവാസകാലത്തു രാമനോടുകൂടി പാത്തുവന്നു—യാതൊരു പത്നി, ലങ്കയിൽ—ആ ദീർഘപ്രവാസകാലത്തു്—രാമനുവേണ്ടി നിരന്തരം അശ്രുക്കൾ പൊഴിച്ചുകൊണ്ടിരുന്നു—ആ പത്നിക്കു് ലോകാപവാദത്തെ ശംകിച്ചു് നിവ്വാസനദണ്ഡം വിധിച്ച രാമനെ—ഋഷീശ്വര, അവിടുത്തെ ഈ ദാസനു മാപ്പുതരണം—ഭഗവൻ, ആ രാമനെ—ലവൻ നമസ്കരിക്കയില്ല. ആ സുസ്ഥിരവും നിശ്ചലവും ആയ ഭർത്തൃവിശ്വാസത്തോടു് ഈ രാമൻ അവിചാരപൂർവ്വം പെരുമാറി; ആ അഗാധ പ്രേമത്തിൻെറ ഹൃദയത്തിൽ ഈ രാമൻ ശൂലം തറച്ചു. ഗുരുദേവ, ഇദ്ദേഹം അയോദ്ധ്യാപതിയോ ജഗദധിപതിയോ ആയാലും തുച്ഛനും വെറും മൃത്തിനു തുല്യനും ആണു്. ഇദ്ദേഹം ആയിരം രാവണന്മാരെ വെന്നവനായാലും, ഭീരുവാണെന്നു ഞാൻ നൂറുവട്ടം പറയുന്നു. (രാമചന്ദ്രനോട്) പിതാവേ! രാമചന്ദ്ര, നിങ്ങളാണോ പൃഥ്വീപതി? നിങ്ങളാണോ പുരുഷോത്തമൻ? നിങ്ങളാണോ വീരൻ? നിങ്ങളാണോ ധർമ്മപരായണൻ? നിഷ്ഠുര, നിർമ്മമ, കാപുരുഷ,

നിങ്ങൾക്കു ധിക്കാരം! നിങ്ങളുടെ പാപത്തിനു് അതിരില്ല. പ്രഭോ! രാജേന്ദ്ര, നിങ്ങളുടെ ഉന്നതലലാടത്തിൽ ഈ കളങ്കകാളിമ എത്രകാലം നില്ക്കും? പിതാവേ, ഓർമ്മ ഇരിക്കട്ടെ. നിങ്ങളുടെ യശോഗാനത്തിൽ ഈ അന്യായം ഒരു വികടസ്വരമായിരിക്കും.

രാമൻ—(ഭഗ്നസ്വരത്തിൽ) ലവ, എന്റെ രണ്ടുപുത്രന്മാരിൽ വെച്ചു നീതന്നെയാണു് ശ്രേഷ്ഠൻ. പൃഥ്വിക്കു് അധീശ്വരനായ ഞാൻ ഇന്നു് നിന്റെ മുമ്പിൽ ലജ്ജിച്ചു തല താഴ്ത്തിക്കൊണ്ടു ക്ഷമായാചനം ചെയ്യുന്നു. വരൂ, മകനേ, എന്റെ ഹൃദയത്തോടു ചേർന്നു് ഇരിക്കുക. ലവ, നീ എനിക്കു മാപ്പുതരില്ലേ?

(കൈനീട്ടുന്നു)

വാല്മീകി—ഈ വൃദ്ധന്റെ രണ്ടു കണ്ണുകളിലും അശ്രുക്കൾ നിറയുന്നു. ലവ, നീ മിണ്ടാതെ നില്ക്കുന്നോ? പുത്രനോടു് പിതാവു് ക്ഷമാപ്രാർത്ഥന ചെയ്യുകയോ? അതു കേട്ടിട്ടും നീ കഠിനശിലപോലെ നില്ക്കുന്നോ? വാല്മീകിയുടെ അടുക്കൽ നീ ഇത്രനാളും പഠിച്ചതു് ഇതാണോ?

ലവൻ—(രാമനോടു്) ഹേ, അയോദ്ധ്യാപതേ, അങ്ങയുടെ പത്നിയോടു് ക്ഷമായാചനം ചെയ്താലും. അവർ ക്ഷമാമയിയും സാധ്വിയും ആയതുകൊണ്ടു് അങ്ങയുടെ അപരാധത്തെ ക്ഷമിച്ചേക്കും. അങ്ങു് വലിയ ഭാഗ്യവാനല്ലേ? വിധാതാവിനോടു് കരുണാപ്രാർത്ഥന ചെയ്താലും. പിതാവേ, ഞാൻ എന്തുപറയേണ്ടു? അങ്ങു

പിതാവു്, ഞാൻ പുത്രൻ. എന്നാൽ ഈ വസ്തുത അറിഞ്ഞപ്പോൾ എൻെറ ശിരസ്സു ലജ്ജയാൽ താനേ താണുപോകുന്നു.

(കർട്ടൻ പതിക്കുന്നു)

---

ദൃശ്യം ൩

സ്ഥാനം—ദണ്ഡകവനം.

സമയം—അപരാഹ്നം.

(വാല്മീകിയും രാമനും)

വാല്മീകി—സീത ഇതാ താനേ ഇങ്ങോട്ടു വരുന്നു. ഞാൻ ഇങ്ങനെ പറഞ്ഞു:—"ഭാഗ്യശാലിനി എഴുന്നേല്ക്കു. രാമൻ ഈ കുടീരത്തിലേക്കു വരുന്നു." അപ്പോൾ സീത മറുപടി പറഞ്ഞു: "പ്രഭോ വേണ്ട—സ്വാമി എനിക്കു വേണ്ടി ഇത്രദൂരം നടക്കയോ? ഞാൻ അങ്ങോട്ടു ചെല്ലാം. അനുജ്ഞ നല്കിയാലും. ഭഗവൻ, ഞാൻ ക്ഷീണിച്ചിരിക്കുന്നുവെന്നു വിചാരിക്കേണ്ട. ഇന്നു് എൻെറ ദേഹത്തിൽ ബലവും ഹൃദയത്തിൽ വിശ്വാസവും, നിരാശയിൽ ആശയും വന്നുചേൎന്നിരിക്കുന്നു. താനേ നടന്നു ചെന്നു് നാഥൻെറ ചരണങ്ങളിൽ നമിക്കേണമെന്നാണു് എൻെറ അഭിലാഷം." രാമചന്ദ്ര, ഞാൻ ചെന്നു് അവളേ കൂട്ടിക്കൊണ്ടുവരാം.

(പോകുന്നു)

രാമൻ—വീണ്ടും കാണാൻ സംഗതി വന്നു. എന്നാൽ എന്തു പറയും? ഇത്രകാലമായിട്ടു്—പതിനേഴുവർഷത്തിനു ശേഷം—പുനസ്സമാഗമം—ഞാൻ എന്തു പറയും? ഹൃദയം കലങ്ങി മറിയുന്നു; അവിടെ ഒരു കൊടുങ്കാററും പിശറും ആരംഭിച്ചതുപോലെ തോന്നുന്നു. നേത്രങ്ങൾ താനേ ജലംകൊണ്ടു നിറയുന്നു. എന്തെല്ലാം കാര്യങ്ങൾ പറയാനിരിക്കുന്നു. ഞാൻ കൈകൂപ്പി ക്ഷമായാചനം ചെയ്യാം. എന്നാൽ എന്തു പറഞ്ഞാണു് ക്ഷമ അഭ്യർത്ഥിക്കുക. പ്രിയ ഉത്തരം പറയുമോ? കർണ്ണാന്തവിശ്രാന്തങ്ങളായിരിക്കുന്ന കമലദലനേത്രങ്ങളിൽ അശ്രുക്കൾ നിറയും; നവകിസലയരാഗോപമമായ അധരത്തിൽ ഒരു മൃദുസ്മേരത്തിൻെറ രേഖ കളിയാടും. അധരങ്ങൾ സാവധാനം വിടർത്തി, ചിരപരിചിതമായ സ്വരത്തിൽ—ആ മധുരകണ്ഠത്തിൽ--സീത, 'ആര്യപുത്ര, പ്രാണേശ്വര', എന്നുവിളിക്കും. ഞാൻ എന്തു മറുപടി പറയും? അവൾ അതാ വന്നുകഴിഞ്ഞു. ഇതെന്തു്? ശരീരം ഇത്ര ശിഥിലമായിപ്പോയോ? തോളുകൾ താണും കവിൾത്തടം പാണ്ഡുരമായും ഇരിക്കുന്നു. ഗതി എത്ര മന്ദം! എന്നാലും അധരങ്ങളിൽ അതേ മധുരവും സ്നിഗ്ദ്ധവും സ്വാഭാവികവുമായ സ്മിതരേഖ പ്രകാശിക്കുന്നുണ്ടു്. നെററിത്തടത്തിൽ ഗൗരവത്തിൻെറയും, മുഖമണ്ഡലത്തിൽ ക്ഷമയുടെയും, ഭാവവും, നേത്രങ്ങളിൽ ബാഷ്പകണങ്ങളും തിളങ്ങുന്നു. സാക്ഷാൽ കരുണയുടെയും അനുകമ്പയുടെയും മൂർത്തി എന്നപോലെ ഇതാ അവൾ അടുത്തു വന്നുകഴിഞ്ഞു.

(സീത പ്രവേശിക്കുന്നു.)

രാമൻ—സീതേ!

സീത—മഹാരാജാവേ!

രാമൻ—സീതേ, ഇത്രകാലം കഴിഞ്ഞുകൂടീട്ട കാണുമ്പോഴും, ഈ സംബോധനയോ? മഹാരാജാവേ എന്ന ശുഷ്ക സംബോധനയോ? പ്രാണേശ്വരി, അഥവാ, അങ്ങനെ വിളിക്കുന്നതിന് എനിക്ക് അധികാരമില്ലായിരിക്കാം. നിന്റേയും എന്റേയും മദ്ധ്യേ ഒരു മഹാസമുദ്രം വന്നു പോയി. നീ സ്വർഗ്ഗീയദേവത; ഞാനോ നരലോകത്തിലെ ക്ഷുദ്രഹൃദയനായ ഒരു വെറും മനുഷ്യൻ. നീ സൽഗുണവതി; ഞാൻ നിന്നോടു അത്യാചാരം ചെയ്ത കൃപണൻ. സീതേ സീതേ, സീതേ, ക്ഷമിച്ചാലും.

(സീതയുടെ മുമ്പിൽ മുട്ടുകുത്തുന്നു)

സീത—പൃഥ്വീനാഥ, അവിടുന്ന് എന്താണ് ചെയ്യുന്നത്? ഈ മണ്ണിൽ—ഈ പൊടിയിൽ— ഇരിക്കുന്നതു് മഹാരാജാവിനു തീരെ യോജിച്ചതല്ല.

രാമ—ഞാൻ ഇന്നു മഹാരാജാവല്ല. ദേവി ആജ്ഞാപിക്കുന്ന പക്ഷം ഞാൻ ഈ രാജവേഷത്തെ അഴിച്ചു് ദൂരെ എറിഞ്ഞുകളയാം. ഈ മണിമയമായ കിരീടത്തേയും വലിച്ചെറിഞ്ഞുകളയാം. എനിക്ക് ഇവ തീരെ യോജിച്ചവയല്ല. കൈകൂപ്പി, മുട്ടുകുത്തി, ഒരു ഭിക്ഷുകനെന്നോണം ഞാൻ ക്ഷമായാചനം ചെയ്തുകൊള്ളുന്നു. സീതെ, ക്ഷുദ്രമായ വർത്തമാനത്തെ വിസ്മരിച്ചു കളയൂ. ഞാൻ രാജാവാണെന്നും നീ രാജകന്യകയാണെന്നും ഉള്ള കഥ മറന്നുകളയൂ. നീ സീതയാണെന്നും ഞാൻ

രാമനാണെന്നും മാത്രം ഓൎക്കുക. ആ പഞ്ചവടിയിൽ നാം താപസീതാപസന്മാരെപ്പോലെ ജീവിച്ചിരുന്ന ആ കഴിഞ്ഞകാലത്തെ ഓൎക്കുക; ആ ഗോദാവരിയേയും, ആ പൎവ്വതതടങ്ങളേയും ആ പക്ഷികളുടെ കളകളരവത്താൽ മുഖരിതമായ ആ ലതാകുഞ്ജത്തേയും ഓൎക്കുക. ജീവിതത്തിന്റെ ആ പ്രഭാതത്തെ—ശൈശവത്തിലെ ആ പ്രഥമപ്രണയകഥയെ ഓൎക്കുക. ആ പ്രേമകഥ ഗൈരികനദീപ്രവാഹംപോലെ സരളവും മധുരവും സ്വച്ഛവുമായിരുന്നു. ഹേമന്തത്തിലെ നീലനീലമായ ആകാശംപോലെ നിസ്സീമവും, ഗംഭീരവും, അനിയതവുമായിരുന്നു. ആ സുന്ദരമായ പ്രേമത്തെ—ആ സ്നേഹരാശിയേ—ഒരു സാന്ദ്രഘനപടലം വന്നു മറച്ചു; സംസാരനിയമം ഈ ചിത്തത്തെ ശൃംഖലയാലെന്നപോലെ ബന്ധിച്ചു കളഞ്ഞു. സീതേ, ഇന്നു് ആ ഭ്രമമൊക്കെ പോയി. സീതേ, സീതേ, ക്ഷമിച്ചാലും. പ്രിയേ, നിന്റെ പുണ്യരാശിയാൽ എന്റെ കാലുഷ്യത്തെ കഴുകിക്കളഞ്ഞാലും.

സീത—നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞിരിക്കുന്നതിനാൽ ഞാൻ ഒന്നും കാണുന്നില്ല. അശ്രുപ്രവാഹം എന്റെ കണ്ഠത്തെ നിരോധിച്ചിരിക്കുന്നു. അതിനാൽ അങ്ങു് ഇതേവരെ എന്റെ കാൽക്കൽ ഇരുന്നു; എനിക്കു് ഒന്നും പറവാൻ സാധിച്ചതുമില്ല. ആൎയ്യപുത്ര, എഴുന്നേററാലും; നാഥ, എഴുന്നേററാലും; സ്വാമിൻ, എഴുന്നേററാലും.

രാമൻ—'ഞാൻ ക്ഷമിച്ചിരിക്കുന്നു' എന്നു് നീ പറയുന്നതുവരെ ഞാൻ ഇവിടെത്തന്നെ ഇരിക്കും.

സീത—നാഥ, യാതൊരുവനെ ഞാൻ ഇത്രകാലമായി നിരന്തരം ആരാധിച്ചു വരുന്നു; യാവനൊരുവന്റെ ദൎശനമാത്രയിൽ എന്റെ സൎവ്വ സാധനങ്ങളും സിദ്ധമായെന്നു ഞാൻ വിശ്വസിക്കുന്നു; യാവനൊരുവൻ എന്റെ സമ്പത്തിലും വിപത്തിലും സാക്ഷിയായും സ്വാമിയായും ഇരിക്കുന്നു; യാവനൊരുവൻ ജ്ഞാനത്തിലും അജ്ഞാനത്തിലും എന്റെ ധ്യാനത്തിനു വിഷയമായിരിക്കുന്നു; ആ പ്രഭുവിൽ ഞാൻ എന്താണു് ക്ഷമിക്കാനുള്ളതു്? ഞാൻ സദാ അങ്ങയുടെ ദാസിയും, അങ്ങു് എന്റെ സ്വാമിയും ആകുന്നു. അങ്ങു് എന്റെ ഗുരുവും ഞാൻ അങ്ങയുടെ ശിഷ്യയും ആണു്. അങ്ങു ആജ്ഞാപിക്കുന്നതിനെ ഞാൻ വേദവാക്യമായി ഗണിച്ചു അക്ഷരംപ്രതി അനുവൎത്തിക്കും; അതിനു മറുവാക്കു് ഇല്ല. അങ്ങു് എന്റെ ദേവതയും, ഞാൻ അങ്ങയുടെ ഭക്തയും ആകുന്നു. അവിടുന്നു ചെയ്യുന്നതു് അത്യന്തം കഠോരമായിരുന്നാലും ഈശ്വരവിധാനമാണെന്നു ഗണിച്ചു് ഞാൻ അതിനെ സൎവ്വാത്മനാ സ്വീകരിക്കും. എനിക്കു് അങ്ങു് സൎവ്വദേവതാമയനാണു്. സത്യാസത്യങ്ങളെയോ ന്യായാന്യായങ്ങളെയോ തിരിച്ചറിയുന്നതിനുള്ള ശക്തി എനിക്കില്ല; അവയെ വിവേചിച്ചു നോക്കുന്നതിനുള്ള അധികാരവും ഇല്ല. പതിന്നേഴുവൎഷങ്ങൾക്കു ശേഷം എനിക്കു് വീണ്ടും അങ്ങയെ ലഭിച്ചു; അതിനോടുകൂടി എന്റെ സൎവ്വ ദുഃഖങ്ങളും വിസ്മൃതമായിരിക്കുന്നു. എനിക്കു് ഇന്നു പരിപൂൎണ്ണസുഖത്തിന്റെ അനുഭവം ഉണ്ടായി; ഇന്നു് എന്റെ ഹൃദയത്തിൽ ശോകതാപങ്ങളോ ക്ഷോഭകോപാദികളോ യാതൊന്നും കുടികൊണ്ടിരിക്കുന്നില്ല.

രാമൻ—പ്രാണേശ്വരി, മനസ്സിലായി. പ്രിയേ, ഇപ്പോഴും നീ എന്റെ അന്നത്തെ സീത തന്നെ—ആ സദാ പ്രേമമയിയും കോമളപ്രകൃതിയും, ദിവ്യയും, ചിരജ്യോത്സ്നാമയിയും, ചിരസ്നേഹമയിയും ചിരക്ഷമാമയിയും ആയ സീത തന്നെ.

സീത—മഹർഷി കുശലവന്മാരെയുംകൊണ്ടു ഇങ്ങോട്ടുവരുന്നു.

(കുശലവന്മാരോടുകൂടി വാല്മീകി പ്രവേശിക്കുന്നു.)

വാല്മീകി—മഹാരാജാവേ, വാല്മീകിയുടെ ജോലി ഇവിടെ സമാപ്തമായിരിക്കുന്നു. ദമ്പതിമാർ പരസ്പരം വീണ്ടും ഒന്നിച്ചുചേർന്നു; എന്റെ മനോരഥം സാധിച്ചു. ഇന്നു മുതല്ക്കു 'ജയസീതാരാമ' എന്നു ലോകം നിങ്ങളെ വാഴ്ത്തും; എല്ലാവരും സീതാരാമന്മാരുടെ നാമം ജപിക്കും. ഞാൻ രാമായണം ചമച്ചു കുശനേയും ലവനേയും പഠിപ്പിച്ചു കഴിഞ്ഞു.

രാമൻ—മഹർഷേ, എന്റെ സകല അപരാധങ്ങളേയും ക്ഷമിച്ചാലും.

വാല്മീകി—ഞാൻ ആശീർവദിക്കുന്നു. രാമനും സീതയും സുഖമായി വർത്തിക്കട്ടേ.

രാമൻ—പതിനേഴുവർഷത്തിനുശേഷം എനിക്കു പത്നിയേയും പുത്രന്മാരേയും ലഭിച്ചു. സായംകാലപവന, മന്ദം മന്ദം വീശിയാലും; വനദേവതകളേ, നിങ്ങൾ വികസിത സുമാലംകൃതരായി വിരാജിച്ചാലും; അസ്തമനാർക്കാ, നിന്റെ ചെങ്കതിരുകളാൽ ഈ വനഭൂമിയെ സുസജ്ജിതമാക്കിയാലും; ഇന്നു് എനിക്കു്, എന്റെ

പത്നിയേയും പുത്രന്മാരേയും ലഭിച്ചിരിക്കുന്നു. ഈ നിസ്സീമസൌഭാഗ്യപാരാവാരത്തിൽ സൎവ്വദുഃഖങ്ങളും അണ്ടുപോയി—അഹോ! ഇന്നു് എന്തൊരു സുദിനം!

(ഭൂകമ്പം ഉണ്ടാവുന്നു.)

വാല്മീകി—ഇതെന്തു്! പെട്ടെന്നു ഭൂമി വീണ്ടും വീണ്ടും ഇളകിത്തുടങ്ങിയിരിക്കുന്നു. പൎവ്വതത്തിന്റെ സുസ്ഥിരവും ദൃഢവും ആയ ഭിത്തി സമുദ്രത്തിലെ ജലരാശി പോലെ ചലിക്കുന്നു; വലിയ വലിയ വൃക്ഷങ്ങൾ പിഴുതുവീഴുന്നു; പൎവ്വതശിഖരങ്ങൾ അടൎന്നു നൂറു നൂറു കഷണങ്ങളായി നാലുപാടും പതിക്കുന്നു; തലമുടി അഴിച്ചിട്ടു ദീനം ദീനം വിലപിക്കുന്ന ദുഃഖിതസ്ത്രീ എന്നപോലെ ഗംഗാനദി പ്രചണ്ഡമായ അത്തനാദം പുറപ്പെടുവിച്ചുകൊണ്ടും ഒരു ഉന്മാദിനിയുടെ വേഷത്തിൽ കൂലങ്ങൾ കുത്തി മറിച്ചുകൊണ്ടും പ്രവഹിക്കുന്നു. ക്ഷുബ്ധമായ വിരാഡ് ഭൂഗൎഭത്തിൽനിന്നു ഗംഭീരവും ഉല്ക്കടവുമായ ഒരു ശബ്ദം ഉദിച്ചുപൊങ്ങുന്നു. ഇന്നു പ്രളയകാലം സമുപസ്ഥിതമായിരിക്കുന്നോ? സൃഷ്ടി അവസാനിക്കാൻ പോകുന്നോ? എന്തു? പൃഥ്വി രണ്ടായി പിളൎന്നുപോയിരിക്കുന്നു.

(സീതയുടെ കാൽചുവട്ടിൽ ഭൂമി രണ്ടായി പിളൎന്നിട്ടു സീത അന്തൎദ്ധാനം ചെയ്യുന്നു.)

സീത—നാഥ, പിടിച്ചുകൊള്ളണം.

രാമൻ—പ്രിയേ, എവിടെ?

സീത—നാഥ, അങ്ങു് ഇപ്പോൾ എവിടെ ഇരിക്കുന്നു?

രാമൻ—(ഉച്ചസ്വരത്തിൽ) സീതേ!

സീത—(ഭൂഗർഭത്തിൽനിന്നു) നാഥ!

രാമൻ—നീ എവിടെ? നീ എവിടെ?

സീത—(ക്ഷീണസ്വരത്തിൽ) അങ്ങു് ഇപ്പോൾ ഏതുദിക്കിൽ? (ആ പിളർപ്പു് അടഞ്ഞു് ഭൂതലം പൂർവ്വാവസ്ഥയിലാകുന്നു.)

രാമൻ—മഹർഷേ, ഇതെന്തു്? പെട്ടെന്നു് ഈ ഘനാന്ധകാരം എങ്ങിനെ ഉണ്ടായി? സീത എവിടെ?

വാല്മീകി—ഭൂമിക്കുള്ളിൽ, ആ രാക്ഷസി സീതയെ ഹരിച്ചുകൊണ്ടുപോയതിനുശേഷം പൂർവ്വസ്ഥിതിയിലായിരിക്കുന്നു.

രാമൻ—മനസ്സിലായി—ഇന്നു് എൻെറ ദുഃഖം പൂർണ്ണതയെ പ്രാപിച്ചു. എൻെറ കഠിനഹൃദയയായ ഭാഗ്യദേവത എന്നെ ഭൂതലത്തിൽ എറിഞ്ഞുകളഞ്ഞിട്ടു് ചരലപൂർവ്വകം പെട്ടെന്നു മറഞ്ഞുകളഞ്ഞു. ഇതു് ഒരു ദുഃസ്വപ്നമോ അഥവാ ഇന്ദ്രജാലമോ ആയിരിക്കുമോ? മഹർഷേ, ജാനകി എവിടെ എന്നു കാണിച്ചുതന്നാലും.

വാല്മീകി—എനിക്കു് അറിഞ്ഞുകൂടാ. സ്വർഗ്ഗത്തിൽനിന്നു് നരലോകത്തിലെ മൺപാത്രത്തിൽ വന്നു വീണിരുന്ന സുധ അവിടെത്തന്നെ തിരോധാനം ചെയ്തു. മേഘോപരി പതിച്ചു് വിചിത്രമായ ഇന്ദ്രധനുസ്സിനെ രചിച്ചതായ സന്ധ്യാകിരണരാശി ആ മേഘങ്ങളിൽ ലയിച്ചു. നിശ്ശബ്ദവും ഗംഭീരവും ആയ അർദ്ധരാത്രിക്കു് ഉദ്ഗമിച്ച മൂർഛനാവികമ്പിതമായ വംശധ്വനി ആ അർദ്ധരാത്രിയുടെ നിബിഡാന്ധകാരത്തിൽ തന്നെ ലീനമായി. ഈ മനുഷ്യഭൂമി ദേവിയുടെ ചരണം

വയ്ക്കുന്നതിന് യോഗ്യയല്ലായിരിക്കാം. അതുകൊണ്ട് ഇവിടെനിന്നു കടന്നതായിരിക്കണം. സംസാരത്തിലെ കഠിനവും രൂക്ഷവും ആയ വ്യവഹാരങ്ങളെ കണ്ടിട്ട് ആ ദേവി കോപിച്ച്—സാഭിമാനം—പൊയ്ക്കളഞ്ഞതാണെന്ന് എനിക്കു തോന്നുന്നു. അഥവാ ആ ദേവി ഈ വിശ്വത്തിൽ നാരിയുടെ മഹത്വവും മാധുരിയും ഗൌരവാദി മററു ഗുണങ്ങളും പൂർണ്ണമാത്രയിൽ ലോകത്തിന് കാണിച്ചുകൊടുപ്പാനായി സ്വർഗ്ഗധാമത്തിൽ നിന്നു വന്നിട്ട്, ആ കാര്യം നിവൃത്തമായപ്പോൾ തിരിച്ച് അങ്ങോട്ടുതന്നെ പോയതായിരിക്കാം.

രാമൻ—(ഉന്മത്തനെന്നപോലെ) സീതേ! സീതേ!

പ്രതിധ്വനി—സീതേ! സീതേ!

(കർട്ടൻ വീഴുന്നു)

സമാപ്തം

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00070758*
T62 N16

T62
N16

Indic Digital Archive Foundation
gpura.org